2009 ജുലായ്
ഹി.ശ 1388 - വഫാ
1430 റജബ് - ശഅബാൻ
പുസ്തകം 81 ലക്കം 7
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

ലേഖനം

6 **ലൗകികപ്രേമമാകുന്ന വിഗ്രഹത്തെ തച്ചുടക്കുക**
ഹദ്റത്ത് അഹ്മദ് (അ)

8 **നേരായ മാർഗ്ഗം**
ഖലീഫത്തുൽ മസീഹ് V

10 **കുടിയേറ്റവും സാമൂഹിക ഉദ്ഗ്രഥനവും**
നസീർ അഹ്മദ് ഖമർ - ലണ്ടൻ

15 **മുഹമ്മദ് നബി(സ)യുടെ സ്ഥാനം, മഹ്ദി ഇമാമിന്റേയും**
മുഹമ്മദ് നജീബ്ഖാൻ, വാഴക്കാല

19 **മതവും രാഷ്ട്രവും**
എ.എം. മുഹമ്മദ് സലിം

24 **ബൈഅത്ത് എന്നിൽ ഒരു പ്രയാസവും ഉണ്ടാക്കിയില്ല**
ഫാഇസുർറസൂൽ

26 **പന്നിമാസം എന്തുകൊണ്ട് നിഷിദ്ധം**
ഡോക്ടർ മുസഫർ അഹ്മദ് മാലിക്ക്
ടിൽഫോർഡ്, യു.കെ.

30 **ഖിലാഫത്തിന്റെ ഗതിമാറ്റം**
ഫരീദ് അഹ്മദ് യു.കെ.

34 **വിശുദ്ധ ഖുർആൻ**
ഏ.ക്യു. മഹ്ദി

കുറിപ്പുകൾ

37 **സ്ഥാപകനേതാവ് ഒരു ബാദ്ധ്യതയായി മാറിയ ജമാഅത്തെ ഇസ്‌ലാമി**

41 **വാർത്തകൾ**

42 **അനുസ്മരണം**

മുഖചിത്രം :
**റൂമി ദർവാസ് -**
**ഇമാം ബാറയുടെ കവാടം, ലക്നൗ**

**ചീഫ് എഡിറ്റർ** : മുഹമ്മദ് അയ്യൂബ് Mob : 9895308227
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob : 9895263384
**മാനേജർ** : അഹ്മദ് ഹസ്സൻ Mob : 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut - 1.

**2009 July** Regd. No. 3337/75, Postal Regn. No. KL/CT/108/2009-11. Estd. 1925 **Vol. L XXXI No. 7**
Licensed to post without pre-payment, Licence No : KL/PMG/NR/WPP/16/KKD/09-11 **Price Rs. 15/-**
**THE SATHYADOOTHAN MONTHLY**

## ഖുർആനിൽ നിന്ന്

സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോടു കൃപയും കരുണയുമുള്ള ആളുമാണ്.


***(9:128)***

## നബിവചനം

നബിതിരുമേനി(സ) ഇപ്രകാരം ഉപദേശിച്ചു: നിങ്ങൾ അന്യോന്യം അസൂയപ്പെടുകയോ ദുഷ്ടത പുലർത്തുകയോ അരുത്. പരസ്പരമുള്ള ബന്ധത്തെ മുറിക്കുകയും ചെയ്യരുത്. അല്ലയോ അല്ലാഹുവിന്റെ ദാസരെ നിങ്ങൾ അന്യോന്യം സഹോദരങ്ങളെപോലെ പെരുമാറുവീൻ

***(ബുഖാരി)***

## യുഗശബ്ദം



### ഞാൻ ജനങ്ങളെ സ്നേഹിക്കുന്നു. എന്റെ യജമാനൻ മുഹമ്മദ് നബി(സ)യാണ്.

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

തീർച്ചയായും എല്ലാ ജീവിവർഗ്ഗത്തിനും അതിന്റെ വർഗ്ഗത്തിൽപ്പെട്ടതിനോട് സ്നേഹമുണ്ടായിരിക്കും. സ്വന്തം സ്വാർത്ഥതയെ അതിവർത്തിക്കാതെ ഒരു ഉറുമ്പിനുപോലും അതിന്റെ സ്വന്തം വർഗ്ഗത്തെ സ്നേഹിക്കാനാകില്ല. അതുകൊണ്ട് ദൈവത്തിങ്കലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന ഒരാൾ ജനങ്ങളെ അത്യധികം സ്നേഹിക്കാൻ ബാദ്ധ്യതപ്പെട്ടവനാണ്. ഞാൻ മനുഷ്യവംശത്തെ അഗാധമായി സ്നേഹിക്കുന്നു. എനിക്കാരോടും തന്നെ യാതൊരുവിധ വ്യക്തിവിദ്വേഷവുമില്ല. അവരിലെ ധിക്കാരത്തോടും അനുസരണക്കേടിനോടും ദുസ്വഭാവത്തോടും മാത്രമാണ് നമുക്ക് ശത്രുതയുള്ളത്. മനുഷ്യസമൂഹത്തോടുള്ള എന്റെ അത്യുൽക്കടമായ സ്നേഹവായ്പിൽനിന്നും എനിക്ക് ലഭിച്ച നിധികൾ ഞാനവർക്ക് വാഗ്ദാനം ചെയ്യുന്നു. അതാണ് എല്ലാ നിധികളുടേയും സ്വർഗ്ഗീയാനുഗ്രഹങ്ങളുടേയും താക്കോൽ. വാസ്തവത്തിൽ എനിക്ക് നൽകപ്പെട്ട ഈ നിധിനിക്ഷേപങ്ങളിലാണ് എളുപ്പത്തിൽ തിരിച്ചറിയാവുന്ന യഥാർത്ഥ രത്നവും സ്വർണ്ണവും വെള്ളിയുമുള്ളത്. ഈ എല്ലാ നാണയങ്ങളും ആഭരണങ്ങളും രാജമുദ്രയുള്ളതാണ്. മറ്റാർക്കും ലഭ്യമല്ലാത്തരീതിയിൽ അവ എന്റെ സ്വർഗ്ഗീയസാക്ഷ്യങ്ങളാണ്. എല്ലാ മതവിശ്വാസങ്ങളിലും വെച്ച് സത്യസന്ധമായിട്ടുള്ള മതം ഇസ്ലാമാണെന്ന് എന്നോട് പറയപ്പെട്ടിരിക്കുന്നു. എല്ലാ സന്മാർഗ്ഗങ്ങളിലും വെച്ച് എല്ലാ അർത്ഥത്തിലും ഖുർആനിലടങ്ങിയ സന്മാർഗ്ഗമാണ് സത്യമായിട്ടുള്ളത്. അത് മനുഷ്യന്റെ കൈകടത്തലുകൾക്കതീമാണ്. എല്ലാ പ്രവാചകന്മാരിലും വെച്ച് ഏറ്റവും പരിപൂർണ്ണനായ പരിശുദ്ധനും ജ്ഞാനിയും മനുഷ്യന്റെ കഴിവുകളുടെ പാരമ്യത്തിന്റെ പ്രകടനവും അതിന്റെ പ്രായോഗിക സാക്ഷാത്ക്കാരവും നമ്മുടെ യജമാനനും പ്രഭു വും സൃഷ്ടികുലോത്തമനുമായ മുഹമ്മദ് നബി(സ)യാണെന്നു നമുക്ക് മനസ്സിലാക്കപ്പെട്ടിരിക്കുന്നു.

***(അർബയ്യീൻ)***

മുഖക്കുറിപ്പ്

# മനുഷ്യവൈവിധ്യങ്ങളും സഹവർത്തിത്വവും

ആധുനികകാലത്ത് ഗതാഗതവും വാർത്താവിനിമയവും അതിശീഘ്രം ഗതിവേഗം കൊള്ളുകയാണ്. സ്വാഭാവികമായും ജനതകളുടെ രാജ്യാന്തര സഞ്ചാരവും കുടിയേറ്റവും വർദ്ധിക്കുന്നു. ഇങ്ങനെ ഒരു ദേശത്തെ ജനസമൂഹത്തിന് ബഹുസ്വരതയുടെ വർണ്ണം ലഭിക്കുന്നു. ഇത് മൂലം ഭാഷ, വേഷം, മതം, വർണ്ണം, വംശം എന്നീ വ്യത്യസ്തകൾ പുലർത്തുന്ന വിവിധ സാംസ്കാരിക വ്യക്തിത്വമുള്ള ജനതകൾക്ക് ഒരു ദേശത്ത് ജീവിക്കേണ്ടി വരുന്നു. പക്ഷേ അവർക്ക് സഹവർത്തിത്വത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ കഴിയുന്നില്ല എന്നത് ഒരു സത്യമാണ്. ഇത് ആധുനിക നാഗരികതയുടെ ഒരു ദുരന്തമാണ്. ഇത് മനുഷ്യന്റെ ജീവിതവീക്ഷണത്തിന്റെ പരാജയമാണ്. ആസ്ത്രേലിയ, കനഡ, ഫ്രാൻസ്, മെക്സിക്കോ, അമേരിക്ക, ഇംഗ്ലണ്ട് മുതലായ പരിഷ്കൃത യൂറോപ്യൻ രാജ്യങ്ങളിൽ ഏഷ്യൻ വംശജരോടും മുസ്ലിംകളോടും തദ്ദേശീയർ കാണിക്കുന്ന അതിക്രമങ്ങളും വിവേചനങ്ങളും ദിനേനയുള്ള വാർത്തകളായി മാറിയിരിക്കുന്നു. നാനാത്വവും വൈവിധ്യങ്ങളുമുള്ള ഒരു സമൂഹം എങ്ങനെ സമാധാനത്തോടെ ജീവിക്കുന്നു എന്നതും സഹിഷ്ണുതയോടെ എപ്രകാരം സഹവർത്തിച്ചു കഴിയുന്നു എന്നതുമാണ് മനുഷ്യസംസ്കാരത്തിന്റെ മഹത്വമായി വിലയിരുത്തപ്പെടുക.

ആധുനിക കാലത്ത് രൂക്ഷവും തീഷ്ണവുമായികൊണ്ടിരിക്കുന്ന ഈയൊരു പ്രശ്നത്തെ ഏറ്റവും സൂക്ഷ്മമായും ഫലപ്രദമായും അഭിമുഖീകരിച്ച് പരിഹാരം നിർദ്ദേശിക്കുന്നത് പരിശുദ്ധ ദീനുൽ ഇസ്ലാമാണെന്ന് കാണാൻ കഴിയും. ഖുർആന്റെ സാർവ്വജനീന സങ്കല്പം തന്നെ വിശ്വമാനവൈക്യത്തിന്റെ ആത്മാർത്ഥമായ ആഹ്വാനങ്ങളാണ്. പ്രകൃതിശക്തികളുടെ ഏകോപനം തന്നെ മാനവൈക്യത്തിന്റെ വിളംബരമാണെന്ന് ഖുർആൻ പറയുന്നു. ***'അല്ലയോ മനുഷ്യരെ, നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ വണങ്ങുവിൻ, നിങ്ങൾ സദ്വൃത്തരാകുന്നതിനുവേണ്ടി. നിങ്ങൾക്ക് വേണ്ടി ഭൂമിയെ ഒരു വിരിപ്പും ആകാശത്തെ മേൽത്തട്ടുമാക്കുകയും മേഘത്തിൽ നിന്നു ജലം വർഷിപ്പിച്ച് അത് മുഖേന നിങ്ങൾക്ക് ഫലവർഗ്ഗങ്ങളിൽ നിന്നുള്ള ആഹാരത്തെ ഉത്പാദിപ്പിച്ചു തരികയും ചെയ്തവനാണവൻ. അതിനാൽ നിങ്ങൾ അറിഞ്ഞുകൊണ്ട് അല്ലാഹുവിന് സമന്മാരെ സങ്കല്പിക്കരുത്'*** (2:23)

മനുഷ്യവൈവിധ്യങ്ങൾ ദൈവത്തിന്റെ സൃഷ്ടിയാണെന്നതുകൊണ്ട് തന്നെ അവയെല്ലാം പാവനവും പവിത്രവുമാണ്. അതിനെ ഇല്ലായ്മ ചെയ്യാനോ ഏകശിലാ ഘടനയുള്ള സമൂഹമാക്കാനോ മനുഷ്യന് അനുവാദമില്ല. മനുഷ്യസമൂഹത്തിന് അനുഗ്രഹീതമായ ഈ വൈവിധ്യങ്ങളിൽ നിന്നും ഫലമെടുക്കാനാണ് ഖുർആന്റെ ആഹ്വാനം. ***'അല്ലയോ മനുഷ്യരെ തീർച്ചയായും നിങ്ങളെ നാം ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം മനസ്സിലാക്കുന്നതിനുവേണ്ടി*** (49:14)

ഈ വൈവിധ്യം മനുഷ്യരിൽ മാത്രമല്ല, ഫലവർഗ്ഗങ്ങലിലും ജന്തുക്കളിലും കന്നുകാലികളിലും അചേതന വസ്തുക്കളിൽ പോലും കാണുന്ന പ്രകൃതിജന്യമായ ഒരു പ്രതിഭാസമാണെന്നും അതിന്റെ പേരിൽ അഹങ്കരിക്കുന്നതിലോ അഭിമാനം കൊള്ളുന്നതിലോ ഉച്ചനീചത്വം കല്പിക്കുന്നതിലോ യാതൊരടിസ്ഥാനവുമില്ലെന്നുമുള്ള മഹത്തായ ഒരു തത്വം ഖുർആൻ പറയുന്നത് കാണുക.

***'നീ കാണുന്നില്ലേ അല്ലാഹു ആകാശത്ത് നിന്ന് വെള്ളമിറക്കുന്നു. എന്നിട്ട് അത് മുഖേന വിവിധ വർണ്ണങ്ങളിലുള്ള കായ്കനികൾ നാം ഉത്പാദിപ്പിക്കുന്നു. മലകളിൽ ചിലത് വെളുത്തതും ചെമന്നതുമായ വിവിധ വർണങ്ങളുള്ള വഴികളോടുകൂടിയവയാണ്. ചിലത് കടുംകറുപ്പാണ്. മനുഷ്യരിലും ജന്തു***

***(ശേഷം 7-ൽ)***

ലേഖനം

ഹദ്റത്ത് അഹ്മദ് (അ)

# ലൗകികപ്രേമമാകുന്ന വിഗ്രഹത്തെ തച്ചുടക്കുക

എന്റെ വരവിന്റെ രണ്ടാമത്തെ ഉദ്ദേശ്യം ഇതാണ്. തങ്ങൾ നമസ്കരിക്കുന്നു എന്നും ഇതു ചെയ്യുന്നു അതു ചെയ്യുന്നു എന്നുമെല്ലാം പറയുന്നതു വായ കൊണ്ടുള്ള ഒരു പറച്ചിൽ മാത്രമാകുന്നു. ഇസ്‌ലാമിന്റെ കാതലും അടിവേരുമായിട്ടുള്ള അവസ്ഥ മനുഷ്യന്റെ ഉള്ളിൽ ഉണ്ടാക്കിത്തീർക്കുകയാണ് ആവശ്യമായിരിക്കുന്നത്. അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റിസ്‌വാനുല്ലാഹി അലൈഹിം) തുടങ്ങിയവരുടെ നിറം സ്വീകരിക്കുന്നതുവരെ ആരും തന്നെ മൂഅ്മിനോ മുസ്‌ലിമോ ആവുകയില്ലെന്നു എനിയ്ക്ക് നല്ല പോലെ അറിയാം. അവർ ദുനിയാവിനെ പ്രേമിച്ചിരുന്നില്ല. മറിച്ച്, അവർ തങ്ങളുടെ ജീവിതങ്ങൾ ദൈവമാർഗ്ഗത്തിൽ അർപ്പിച്ചിരിക്കുകയായിരുന്നു ഇന്നാകട്ടെ, എല്ലാം ദുനിയാവിന്നുവേണ്ടിയാകുന്നു. ദൈവത്തിന്ന് വേണ്ടി ഒന്നും ബാക്കിയാക്കാത്ത വിധം അവർ ദുനിയാവിൽ മുങ്ങിത്തുടിക്കുകയാണ്. കച്ചവടം ചെയ്യുന്നതു ദുനിയാവിനുവേണ്ടി. കെട്ടിടം നിർമ്മിക്കുമെങ്കിൽ ദുനിയാവിനു വേണ്ടി. നമസ്കാരവും നോമ്പും അനുഷ്ഠിക്കുന്നുവെങ്കിൽ അതും ദുനിയാവിനുവേണ്ടിയാകുന്നു. ലൗകികന്മാരുടെ സാമീപ്യം നേടാനായി എന്തുചെയ്യാനും തയ്യാർ. എന്നാൽ ദീനിനുവേണ്ടി ഒരു കണിക കൂടി ഇല്ല. ഇസ്‌ലാമിനെ കുറിച്ച് അറിയുന്നതിന്റെയും അതിനെ ആശ്ലേഷിക്കുന്നതിന്റെയും ലക്ഷ്യം ഇതായിരുന്നോ? അതോ മറ്റേതെങ്കിലും ഉദാത്തലക്ഷ്യമുണ്ടോ? മൂഅ്മിൻ അഥവാ സത്യവിശ്വാസി പരിശുദ്ധനാക്കപ്പെടുന്നുവെന്നും അവൻ മാലാഖന്മാരുടെ നിറം പിടിക്കുന്നു എന്നും എനിയ്ക്കറിയാം. അല്ലാഹുവുമായുള്ള അടുപ്പം എത്രകണ്ട് വർദ്ധിച്ചുകൊണ്ടിരിക്കുമോ അത്രകണ്ട് അവൻ ദൈവത്തിന്റെ ഭാഷണം കേട്ടുകൊണ്ടിരിക്കുകയും അതുമുഖേന സംതൃപ്തി കണ്ടെത്തുകയും ചെയ്യുന്നു. ഇപ്പോൾ നിങ്ങളിൽ ഓരോരുത്തരും ആലോചിച്ചു നോക്കട്ടെ, ഈ പദവി അവർ നേടിക്കഴിഞ്ഞിട്ടുണ്ടോ എന്നും ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു, നിങ്ങൾ മടലും പുറംതോടും കൊണ്ട് തൃപ്തിപ്പെടുന്നു. എന്നാൽ, അതു നിസ്സാരമത്രെ. ദൈവത്തിന് ഉൾകാമ്പ് ആണ് വേണ്ടത്. ആകയാൽ, ഇസ്‌ലാമിന്റെ നേരെയുള്ള ബാഹ്യമായ ആക്രമണങ്ങളെ തടുക്കുന്നതുപോലെതന്നെ മുസ്‌ലിംകളിൽ ഇസ്‌ലാമിന്റെ സത്യവും ആത്മാവും ഉണ്ടാക്കിയെടുക്കുകയെന്നതും എന്റെ ജോലിയാകുന്നു. മുസൽമാന്മാരുടെ ഹൃദയങ്ങളിൽ ദൈവത്തിനുപകരം പ്രതിഷ്ഠിയ്ക്കപ്പെട്ടിരിക്കുന്ന ദുനിയാവിന്റെ വിഗ്രഹത്തെ തുണ്ടം തുണ്ടമാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ആ ബിംബത്തിന്നാണ് അവർ മഹത്വം കല്പിക്കുന്നത്. അതിൽ അവർ വിശ്വാസവും ആശ്രയവും കൊള്ളുന്നു. വ്യവഹാരങ്ങളായാലും കരാറുകളായാലും എല്ലാം ദുനിയാവിനു വേണ്ടി. ആ ബിംബത്തെ തച്ചുടച്ചേ തീരൂ. അല്ലാഹുവിന്റെ മഹത്വവും അവന്റെ ആധിപത്യവും അവരുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുകയും സത്യവിശ്വാസത്തിന്റെ വൃക്ഷം നവംനവങ്ങളായ ഫലങ്ങളെ പുറപ്പെടുവിക്കയും ചെയ്യുമാറാകണം. ഇപ്പോൾ മരത്തിന്റെ ബാഹ്യരൂപമേ ഉള്ളൂ. അസൽവൃക്ഷത്തെ കാണാനില്ല. അസൽവൃക്ഷത്തെപറ്റി പറയപ്പെട്ടത് ഇപ്രകാരമാണ്.

"അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നു എന്നു കണ്ടില്ലേ? (അതായത്) ഒരു പരിശുദ്ധവചനത്തെ ഒരു നല്ല വൃക്ഷത്തോട് (ഉപമിച്ചിരിക്കുന്നത്) അതിന്റെ അടിവേര് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തിൽ ഉയർന്നു നിൽക്കുന്നതും ആണ്. അതിന്റെ നാഥന്റെ കല്പനപ്രകാരം അതു അതിന്റെ പുതുഫലങ്ങൾ സദാ നൽകിക്കൊണ്ടിരിക്കുന്നു. മനുഷ്യർ ചിന്തിച്ചുഗ്രഹിക്കുന്നതിന്നായി അല്ലാഹു ഉപമകൾ വിവരിക്കുന്നു.

അവയുടെ വേരുകൾ ഉറച്ചു നിൽക്കുന്നു." എന്നു പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം സത്യവിശ്വാസപര

*(ശേഷം 7-ൽ)*

മായ അടിസ്ഥാനതത്വങ്ങൾ സുസ്ഥാപിതവും സുചിന്തിതവുമാണെന്നത്രെ. പരിപൂർണ്ണമായ വിശ്വാസത്തിന്റെ പദവി നേടിയ ആ വൃക്ഷം എല്ലാകാലത്തും ഫലം നൽകിക്കൊണ്ടിരിക്കുന്നു. ഒരിക്കലും അതു ശുഷ്കിച്ചുപോകുന്നില്ല. അപ്പോൾ, നിങ്ങൾ പറയുക, ഇതാണോ ഇന്നത്തെ അവസ്ഥ? എന്താണതിന്റെ ആവശ്യമെന്ന് അനേകർ ചോദിച്ചുകളയുന്നു. വൈദ്യന്റെ ആവശ്യം തന്നെ ഇല്ലെന്നു പറയുന്ന രോഗിയുടെ ബുദ്ധിയെപ്പറ്റി എന്തു പറയാൻ. വൈദ്യനിൽ നിന്ന് സ്വതന്ത്രനാകയും വൈദ്യന്റെ ആവശ്യത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്ന രോഗിയുടെ ഒടുപുലർച്ച നാശമല്ലാതെ മറ്റെന്താണ്? ഇക്കാലത്തെ മുസൽമാന്മാർ (ഞങ്ങൾ മുസ്‌ലിംകളായിരിക്കുന്നു) എന്ന പതനത്തിൽ നിശ്ചയമായും പ്രവേശിച്ചിരിക്കുന്നു) എന്നാൽ, അവർ (ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു) എന്നതിന്റെ കീഴിലായിട്ടില്ല. ഒരു പ്രകാശം കൂടിയുണ്ടായിരിക്കുമ്പോൾ മാത്രമെ ആ അവസ്ഥ പ്രാപിക്കാനാകൂ.

ചുരുക്കത്തിൽ, ഇക്കാര്യങ്ങൾക്ക് വേണ്ടിയാണ് ഞാൻ പ്രേഷിതനായിരിക്കുന്നത്. അതുകൊണ്ട് എന്റെ കാര്യത്തിൽ, എന്നെ കള്ളനാക്കാൻ നിങ്ങൾ ധൃതികൂട്ടല്ല. ദൈവത്തെ ഭയപ്പെടുകയും 'തൌബ' ചെയ്യുകയും ചെയ്യുവിൻ. പശ്ചാത്തപിക്കുന്നവന്റെ ബുദ്ധി കൂർമ്മപ്പെടുന്നു!

(ലക്ചർ ലുധിയാന)

*(5-ൽ നിന്ന് തുടർച്ച)*

***ക്കളിലും കന്നുകാലികളിലും ഇതേപ്രകാരം വിവിധ വർണ്ണങ്ങളുള്ളവയുണ്ട്. അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ. നിശ്ചയമായും അല്ലാഹു പ്രതാപവാനും സർവഥാ പൊറുക്കുന്നവനുമാകുന്നു.*** (35:28, 29)

ഒരു രാജ്യത്തെ ജനത കുടിയേറ്റക്കാരോ ന്യൂനപക്ഷീയരോ ദരിദ്രരോ ആയ ജനതയോടും കാണിക്കുന്ന പക്ഷപാതത്തെയും വിവേചനത്തേയും കുറിച്ച് ഖുർആന്റെ താക്കീത് ശ്രദ്ധേയമാണ്. അവരുടെ ജീവിത വിഭവങ്ങൾ പകുത്ത് നൽകിയത് ദൈവമാണെന്നും അതിൽ കുറവ് ലഭിച്ചവനെ നിന്ദ്യനായി കാണാനോ ഉപജീവനം തേടുന്നവനോട് അസഹിഷ്ണുത കാണിക്കാനോ മനുഷ്യന് അവകാശമില്ലെന്നും ഖുർആൻ ഓർമ്മപ്പെടുത്തുന്നു.

***'നിന്റെ നാഥന്റെ കാരുണ്യത്തെ ഭാഗിച്ചുകൊടുക്കുന്നത് അവരാണോ? ഐഹികജീവിതത്തിൽ അവരുടെ ജീവിതമാർഗ്ഗം ഭാഗിച്ചുകൊടുത്തത് നാമാണ്. അവരിൽ ചിലരെ മറ്റുചിലരെക്കാൾ പദവികളിൽ നാം ഉയർത്തുകയും ചെയ്തിരിക്കുന്നു. തൽഫലമായി അവരിൽ ചിലർ മറ്റുചിലരെ നിന്ദ്യരായി ഗണിക്കുന്നു.*** (43:33)

ജനതകൾ തമ്മിൽ ശത്രുതതയോ, പൂർവ്വവൈരാഗ്യമോ ഉണ്ടായിരിക്കാമെന്നത് സ്വാഭാവികമാണ്. അങ്ങിനെയാണെങ്കിൽ തന്നെ നീതിപാലനത്തിന് ഇതൊന്നും തടസ്സമായിക്കൂടാ എന്നത് ഖുർആന്റെ കർശനമായ താക്കീതാകുന്നു.

***'വിശ്വസിച്ചവരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ! നിങ്ങൾ (എപ്പോഴും) നീതിപാലിക്കുക അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്'*** (5:9)

മനുഷ്യസാഹോദര്യത്തെപറ്റിയും സഹവർത്തിത്വത്തെ സംബന്ധിച്ചും റസൂൽ തിരുമേനി(സ) ഒരു ഉപദേശത്തോടെ ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ.

***നിങ്ങൾ പരസ്പരം സഹോദരന്മാരാകുന്നു. നിങ്ങളിൽ ഒരാൾ മറ്റൊരാളുടെ അവകാശങ്ങളെ ഹനിക്കരുത്. അതിക്രമത്തിന്നിരയായവനെ നിസ്സഹായനായി ഉപേക്ഷിക്കയുമരുത്. സ്വസഹോദരനെ സഹായിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നവന് ദൈവം സഹായത്തിനെത്തുമെന്ന് ഓർത്തിരിക്കുവീൻ. സ്വസഹോദരന്റെ ഉത്കണ്ഠയകറ്റുവാൻ പണിപ്പെടുന്നവൻ, വിധിനാളിൽ തന്റെ ഉത്കണ്ഠ നീക്കിക്കളഞ്ഞതായി കാണുമാറാകും. സ്വസഹോദരന്റെ തെറ്റു കുറ്റങ്ങൾ കണ്ടില്ലെന്നു വെക്കുന്നവന്റെ തെറ്റു കുറ്റങ്ങൾ അല്ലാഹുവും കണ്ടില്ലെന്നുവെക്കും*** (തിർമിദി)

ഖുത്ബ

ഖലീഫത്തുൽ മസീഹ് V

# നേരായ മാർഗ്ഗം

## 13-2-2009ൽ ലണ്ടനിൽ നിർവ്വഹിച്ച ഖുതുബയിൽ നിന്ന്

'ഇഹ്ദിന സ്വിറാത്വൽ മുസ്തഖീം' (നീ ഞങ്ങളെ നേരായ മാർഗ്ഗത്തിൽ നയിക്കേണമേ) എന്ന ഈ വചന മുദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കു വേണ്ടി എന്തൊക്കെ നിർദ്ദേശങ്ങളാണോ നല്കിയിട്ടുള്ളത്, അവയിൽ ചിലത് നിങ്ങളോട് പറയാം; ഈ പ്രാർത്ഥനയിൽ എത്രമാത്രം വിശാലതയാണുള്ളതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം നമ്മുടെ ഉത്തരവാദിത്തം എന്തൊക്കെയായിരിക്കണമെന്നും, എന്താണ് നമ്മുടെ ലക്ഷ്യബോധം എന്നും മനസ്സിലാക്കുന്നതിനു വേണ്ടിയാണിത്. നമ്മുടെ മൊത്തത്തിലുള്ള അഭിവൃദ്ധിക്കുവേണ്ടി നാം എന്താണ് ചെയ്യേണ്ടത്? എങ്ങനെയാണ് നാം ദുആ ചെയ്യേണ്ടത്? ഇതുസംബന്ധമായി ഒന്നുരണ്ട് ഉദ്ധരണികൾ ഞാൻ കേൾപ്പിക്കുന്നതാണ്. പക്ഷേ, അതിനു മുമ്പേ ചില പ്രധാന കാര്യങ്ങൾ പറയാനാഗ്രഹിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹിദായത്ത് എന്നതിന്റെ അർത്ഥം വിവിധ നിഘണ്ടുക്കളിൽ നിന്ന് ഉദ്ദരിച്ച് ഇത് തന്റെ വാക്കുകളിൽ അത് വിവരിച്ചിട്ടുണ്ട്. അതിൽ മൂന്ന് കാര്യങ്ങൾ പ്രധാനമായും പറഞ്ഞിരിക്കുന്നു. വഴി കാണിക്കുക. വഴിവരെ എത്തിക്കുക. ലക്ഷ്യസ്ഥാനം വരെ എത്തിക്കുക. എന്നിവയാണവ. വഴി കാണിക്കുക, വഴിവരെ എത്തിക്കുക എന്നീ രണ്ട് വിവക്ഷകളും വ്യത്യസ്തങ്ങളാണ്. ശ്രവണമാത്രയിൽ അത് ഒന്നായി തോന്നാം. മനുഷ്യൻ വഴി, ദൂരെനിന്നുകൊണ്ട് കാണിച്ചുകൊടുക്കാറുണ്ട്. ഈ വഴി ഇന്ന സ്ഥലംവരെ പോകുന്നുവെന്ന് പറയാറുണ്ട്. വഴിവരെ എത്തിക്കുക, എന്നതിന്റെ അർത്ഥം അയാൾക്ക് പോകാനുള്ള സ്ഥലത്തേക്കുള്ള നേരായ വഴിവരെ കൊണ്ടെത്തിക്കുക എന്നാണ്. പിന്നീട് കൂടെ നടന്ന് അയാൾക്ക് എവിടെയാണോ പോകേണ്ടത് ആ ലക്ഷ്യം വരെ എത്തിക്കുക എന്നതാണ്. ഇതാണ് ഇതിന്റെ അർത്ഥം. വിശുദ്ധഖുർആനിലും ഈ വിഷയത്തെ പരാമർശിച്ച് വിവിധ വചനങ്ങളിൽ ഹിദായത്തിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. 'നീ ഞങ്ങളെ നേരായ മാർഗ്ഗത്തിൽ നയിക്കേണമേ' എന്ന് ദുആ ചെയ്യുമ്പോൾ നാം ആ ഉദ്ദേശ്യത്തോടെയാണ് ദുആ ചെയ്യുന്നത്. അങ്ങനെയാണ് വേണ്ടതും. അല്ലാഹുവേ, നീ ഞങ്ങളെ നേരായ വഴിയിലേക്ക് നയിച്ചാലും. അത് നന്മയിലേക്ക് കൊണ്ടു പോകുന്ന വഴിയായിരിക്കേണേ. പിന്നീട് ഞങ്ങൾ അതിലൂടെ നടന്ന് നന്മകൾ കരസ്ഥമാക്കുന്നവരാകേണമേ, വെറും വഴി മാത്രം കാണിച്ചുതന്നാൽ പോരാ, മറിച്ച് നാം അതിലൂടെ നടന്നുകൊണ്ടേയിരിക്കണം. കൂടുതൽ നന്മകൾ കരസ്ഥമാക്കുകയും വേണം. ഈ പ്രവൃത്തി നടന്നുകൊണ്ടേപോകണം. എന്നിട്ട് വീണ്ടും അടുത്ത ഘട്ടത്തിലേക്ക് പാദമൂന്നണം. അതിനാൽ ഈ പ്രാർത്ഥന ചെയ്തുകഴിഞ്ഞാൽ പിന്നെ മനുഷ്യന് കൈയും കെട്ടിയിരിക്കാൻ സാധിക്കുകയില്ല. ഒരു സത്യവിശ്വാസിക്ക് വെറുതെയിരിക്കാൻ പറ്റുകയില്ല. മറിച്ച് അവൻ ആത്മീയതയിൽ എപ്പോഴും കൂടുതൽ പരിശ്രമിച്ചുകൊണ്ടിരിക്കും. ഭൗതികമായി പൊതുവെ നാം അഭിവൃദ്ധിപ്പെടാൻ ശ്രമിക്കാറുണ്ട്. എന്നല്ല കഠിനാധ്വാനം ചെയ്യുകതന്നെ ചെയ്യും. പക്ഷേ, ആത്മീയതയ്ക്കായി അത്ര പരിശ്രമിക്കുന്നുണ്ടാവുകയില്ല. എന്തായാലും ഈ പ്രാർത്ഥനയിൽ രണ്ട് രീതിയിലുള്ള പരിശ്രമത്തേയും കുറിച്ചാണ് പറഞ്ഞിട്ടുള്ളത്; ആത്മീയത്തേയും ഭൗതികത്തേയും സംബന്ധിച്ച്. മറ്റൊന്ന് ഈ പ്രാർത്ഥനയിൽ സന്യാസത്തെ തടയുന്നു എന്നതാണ്. ഭൗതികലോകത്തുനിന്ന് ബന്ധം വിച്ഛേദിച്ച് ചിലയാളുകൾ അങ്ങനെ ചെയ്യാറുണ്ട്. ഇതിൽ അതിനെ വിരോധിക്കുന്നു. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതിനോടൊപ്പം നിരവധി അനുഗ്രഹങ്ങളും സൃഷ്ടിക്കുകയുണ്ടായി. അത് കരസ്ഥമാക്കാൻ ശ്രമിക്കണമെന്നും വിശുദ്ധ ഖുർആൻ പറയുന്നു. അത് കൈവരിക്കാൻ കഠിനമായി പരിശ്രമിക്കണമെന്ന് പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം

അല്ലാഹുവിന്റെ സകല അനുഗ്രഹങ്ങളും അവൻ മനുഷ്യനുവേണ്ടി സൃഷ്ടിച്ചിട്ടുള്ളതാണെന്നാണ്. അവനെ സൃഷ്ടികുലോത്തമനാക്കിയിരിക്കുന്നു. അത് കരസ്ഥമാക്കാൻ അവൻ ശ്രമിക്കേണ്ടതാണ്. അല്ലാതെ ലോകത്തോടുള്ള ബന്ധം വിച്ഛേദിക്കുകയല്ല. ഭൗതികരംഗത്തെ ജ്ഞാനവിജ്ഞാനങ്ങളിലും പുരോഗതി നേടേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ അതിനുള്ള ദുആയും കൂടിയാണ്.

ആത്മീയനിലകളിൽ വളർന്നുവളർന്ന് പോകാനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുമുള്ള ദുആയാണിത്. ഹിദായത്ത് നല്കാൻ അല്ലാഹുവിനു മാത്രമേ കഴിയുകയുള്ളൂ. അവൻ പറഞ്ഞതുപോലെ തന്നെ അല്ലാഹുവിന്റെ ഹിദായത്തുതന്നെയാണ് യാഥാർത്ഥ ഹിദായത്ത്. അതുകൊണ്ട് ഏത് കാര്യത്തിൽ സന്മാർഗ്ഗം സമ്പാദിക്കണമെങ്കിലും, അല്ലാഹുവിനോട് ചോദിക്കേണ്ടതാണെന്നുള്ള ദുആ അവൻ പഠിപ്പിച്ചു. ഞങ്ങളെ നേരായ പാതയിലൂടെ നടത്തേണമേ, ചോദിക്കപ്പെടുന്ന ഓരോ വസ്തുവും കരസ്ഥമാക്കുന്നതിലേക്കുള്ള നിർണ്ണിത വഴിയിലേക്ക് ഞങ്ങളെ നയിച്ചാലും; നാം ശരിയായ നിലയിൽ അതിലൂടെ നടക്കുന്നതിനും അത് കരസ്ഥമാക്കുന്നതിനും അത് എത്രയും വേഗം കരസ്ഥമാക്കുന്നതിനും  പുരോഗതി കരസ്ഥമാക്കുന്നതിന് ഈ ദുആ അനിവാര്യമാണ്. ഈ ദുആയോടൊപ്പം മനുഷ്യൻ അല്ലാഹുവിനോട് പറയുന്നത്, എന്റെ ജോലിയെല്ലാം അനുവദനീയമായ മാർഗ്ഗത്തിലൂടെ സാധിക്കുന്നതിനുള്ള വഴിയൊരുക്കേണമേ എന്നാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കികൊണ്ട് ആ ലക്ഷ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞാൽ അടുത്ത നിലയിലേക്കും കയറിപ്പോകാൻ മാർഗ്ഗദർശനം നല്കിയാലും എന്നാണ്. സമയം പാഴാക്കാതെ, അടുത്ത ഘട്ടത്തിലേക്കും സുഗമമായി നീങ്ങുന്നതിനും വേണ്ടിയാണിത്. അങ്ങനെ പടികൾക്കുമീതെ പടികൾ തരണം ചെയ്തുകൊണ്ടേപോകുക.

ഇവിടെ മറ്റൊരു കാര്യം കൂടി പറയാനാഗ്രഹിക്കുകയാണ്. അല്ലാഹു നമ്മെ 'ഇഹ്ദിനാ' എന്ന പ്രാർത്ഥനയാണ് പഠിപ്പിച്ചത്. ഞങ്ങളെ നേരായ വഴിയിലൂടെ നടത്തേണമേ. മനുഷ്യൻ തന്റെ വ്യക്തിപരമായ പുരോഗതിക്കുവേണ്ടിയും ദുആ ചെയ്യാറുണ്ട് എന്നതിൽ സംശയമില്ല. പക്ഷേ, ഒരു ജമാഅത്തിൽ ചേർന്നു കഴിഞ്ഞാൽ നമ്മുടെ ചിന്താഗതികളും പ്രാർത്ഥനകളുടെ ധാരകളും ജമാഅത്തിനെ മുന്നിൽകണ്ടും ചെയ്യേണ്ടതാണ്. അതുകൊണ്ട് വ്യക്തിപരമായ ബലഹീനതകൾ അകറ്റുന്നതിനുവേണ്ടി ദുആ ചെയ്യുന്നതിനോടൊപ്പം, ജമാഅത്തിന് വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അതായത് ഞങ്ങളെ നേരായ വഴിയിലൂടെ, വിജയത്തിന്റെ വഴികളിലൂടെ എത്രയും വേഗം തരണം ചെയ്യാൻ പറ്റിയ വഴികളിലൂടെ നയിച്ചാലും. അപ്പോൾ തന്റെ കണക്കും മനുഷ്യൻ സ്വയം എടുത്തുകൊണ്ടിരിക്കുന്നതാണ്. അതായത്, ജമാഅത്തിലെ ഒരംഗം എന്ന നിലയിൽ താൻ ഇതിൽ ഏതു ഭാഗമാണ് ചെയ്തുകൊണ്ടിരിക്കുന്നത്? ആത്മീയതയെ വർദ്ധിപ്പിക്കാൻ താൻ എത്രത്തോളം പരിശ്രമിച്ചു? സമസൃഷ്ടികളോടുള്ള കടമ നിറവേറ്റാൻ എത്രത്തോളം പരിശ്രമിച്ചു? ഞങ്ങളെ ഹിദായത്തിന്റെ വഴി കാണിക്കുക എന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവരോട് വ്യക്തിപരമായ വൈരാഗ്യം എങ്ങനെയുണ്ടാകാനാണ്? നമ്മൾ നേരായ പാതയിലൂടെ നയിക്കേണ്ടവരാണ്. അവിടെ വ്യക്തിപരമായ നേട്ടം ഉണ്ടാക്കുന്നതിനോടൊപ്പം ജമാഅത്തിന്റെ അഭിവൃദ്ധിക്കും അതിന്റെ അഖണ്ഡതയ്ക്കും നമ്മുടെ ആത്മീയാവസ്ഥയുടെ അഭിവൃദ്ധിക്കും വൈജ്ഞാനികാവസ്ഥയുടെ പുരോഗതിക്കും പ്രവർത്തനാഭിവൃദ്ധിക്കും വേണ്ടി പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് പുരോഗതിയുടേയും സന്മാർഗ്ഗത്തിന്റേയും വഴികൾ തുറന്നുകൊണ്ടുപോകുന്നത്. സന്മാർ ഗ്ഗം പ്രാപിക്കുന്നവർ, അല്ലാഹു അവരുടെ സന്മാർഗ്ഗം വർദ്ധിപ്പിച്ചുകൊണ്ടേപോകുന്നു. നന്മകളിൽ നിലകൊള്ളുകയും സ്ഥൈര്യം കാണിക്കുകയും അല്ലാഹുവിൽനിന്ന് കൂടുതൽ ഹിദായത്തിനായി ചോദിക്കുകയും ചെയ്യുന്നതുകൊണ്ട് വ്യക്തിപരമായ ആത്മീയാഭിവൃദ്ധിയുമുണ്ട്. എന്നല്ല എല്ലാ തരത്തിലുള്ള ഭൗതികാഭിവൃദ്ധിയുമുണ്ട്.

ഈ പ്രാർത്ഥനയിൽ അലംഭാവം കാണിക്കുക യോ അല്ലെങ്കിൽ ഈ ഉദ്ദേശ്യത്തിൽ നിന്ന് മുഖം തിരിച്ചുകളയുകയോ ചെയ്യുക എന്നത് ആർക്കും ചേർന്നതല്ല; അത് നബിയായാലും വേണ്ടില്ല, റസൂൽമാരിൽ ആരായാലും വേണ്ടില്ല. എന്തുകൊണ്ടെന്നാൽ റുശൂദ് (സദാചാരബോധം)ന്റേയും സന്മാർഗ്ഗത്തിന്റേയും (ഹിദായത്ത്) നിലകൾ ഒരിക്കലും അവസാനിച്ചുപോകുകയില്ല. (ഒരു പ്രാവശ്യം ദുആ ചെയ്തയുടനെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ നബിമാർക്കും സാധിക്കുകയില്ല. മറിച്ച് അവർക്കായി അല്ലാഹു ഉണ്ടാക്കിയിട്ടുള്ള കഴിവുകളുടെ അടിസ്ഥാനത്തിൽ അവർക്കും മുമ്പിലോട്ട് വഴികൾ തുറന്നു കിടക്കുന്നു).

വിവ: മുഹമ്മദ് ഇസ്മായിൽ

ലേഖനം

നസീർ അഹ്മദ് ഖമർ - ലണ്ടൻ

# കുടിയേറ്റവും സാമൂഹിക ഉദ്ഗ്രഥനവും

**കുടിയേറ്റക്കാരായ ജനതകൾ തദ്ദേശീയ സമൂഹത്തിൽ ഉദ്ഗ്രഥനത്തിന് വിധേയമാകാതെ നിൽക്കുന്ന പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുകയാണ് ലേഖകൻ. ഇന്ന് യൂറോപ്യൻ രാജ്യങ്ങളിൽ വർദ്ധിച്ചുവരുന്ന മതപരവും സാംസ്കാരികവും വംശീയവുമായ സംഘർഷങ്ങൾ കുടിയേറ്റങ്ങളും ഉദ്ഗ്രഥനവുമായി ബന്ധപ്പെട്ടതാണ്. ഈ പ്രശ്നം ഇസ്‌ലാമികമായ വീക്ഷണകോണിൽ എങ്ങനെ പരിഹരിക്കപ്പെടുന്നു എന്ന് ഈ ലേഖനം വിലയിരുത്തുന്നു. ലണ്ടനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'അൽഫസൽ ഇന്റർനാഷണലി'ന്റെ എഡിറ്ററാണ് ലേഖകൻ.**

ബ്രിട്ടനിലും ഇതരയൂറോപ്യൻ രാജ്യങ്ങളിലും ഏറ്റവും ശ്രദ്ധേയവും അതേസമയം ഏറ്റവും വൈകാരികവുമായ പ്രശ്നം തദ്ദേശീയസമൂഹവുമായി കുടിയേറ്റക്കാരും അഭയാർത്ഥികളുമായ ജനതകളുടെ ഉദ്ഗ്രഥനമാണ്. ചില സ്ഥലങ്ങളിൽ ഈ പ്രശ്നം ഒരു പ്രതിസന്ധിയായി മാറിയിരിക്കുന്നു. ഇത്തരം സാഹചര്യങ്ങളുടെ ഫലമായി അത് സമൂഹത്തിൽ സംഘർഷവും കലാപങ്ങളും സൃഷ്ടിക്കുന്നു. പല സ്ഥലങ്ങളിലും ഈ സംഘർഷങ്ങൾ സൃഷ്ടിക്കുന്ന കുഴപ്പങ്ങൾ സമൂഹത്തിൽ അഗാധമായ ഒരു അരാജകാവസ്ഥ സൃഷ്ടിക്കുകയും ഭരണകൂടങ്ങളെ ആശങ്കപ്പെടുത്തുകയും ചെയ്യുന്നു. ഈയൊരു അവസ്ഥ സമൂഹത്തിന് ഭീഷണിയാണ്. കുടിയേറ്റക്കാരുടേയും, അഭയാർത്ഥികളുടേയും ഈ പ്രശ്നത്തെ ഫലപ്രദമായി അഭിമുഖീകരിച്ചില്ലെങ്കിൽ അതിന്റെ നിയന്ത്രണം പൂർണ്ണമായും കൈവിട്ടുപോകുകയും അത് വംശീയവും ദേശീയവുമായ പ്രസ്ഥാനങ്ങൾ ശക്തിപ്രാപിക്കാൻ കാരണമാവുകയും ചെയ്യും. അത് പിന്നീട് സാമൂഹികക്രമത്തിന്റെയും സമാധാനജീവിതത്തിന്റെയും സമ്പൂർണ്ണ തകർച്ചയിലേക്ക് വഴി തുറക്കും.

കുടിയേറ്റക്കാരുടേയും അഭയാർത്ഥികളുടേയും പ്രശ്നങ്ങളോടനുബന്ധിച്ചുള്ള കടുത്തതും പ്രതിലോമപരവുമായ നയങ്ങളുമായി ദേശീയപ്രസ്ഥാനങ്ങളും രാഷ്ട്രീയപാർട്ടികളും ആസ്ത്രേലിയ, ജർമ്മനി, ഫ്രാൻസ്, ഹോളണ്ട്, ബ്രിട്ടൺ എന്നീ രാജ്യങ്ങളിൽ ശക്തി പ്രാപിക്കുകയാണ്. വിവിധ ഭാഷകളും സംസ്കാരവും മതവും വെച്ചുപുലർത്തുന്ന വിവിധ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരും അഭയാർത്ഥികളും അവർ കുടിയേറിയിരിക്കുന്ന രാജ്യത്തെ തദ്ദേശീയമായ സംസ്കാരം സ്വീകരിക്കാൻ നിയമം നിർമ്മിക്കണമെന്ന ആവശ്യവുമായി ചില രാഷ്ട്രീയക്കാർ രംഗത്തെത്തിയിട്ടുണ്ട്. ഈ രാജ്യങ്ങളിലെ കുടിയേറ്റക്കാരുടെ ഗണ്യമായ സാന്നി ദ്ധ്യംകൊണ്ടും അവരുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാധീനം കൊണ്ടുമാണ് ആ രാജ്യങ്ങളിൽ നിന്നും ഇപ്രകാരമുള്ള ആവശ്യങ്ങൾ ഉയർന്നുവരുന്നത്. അത്തരം നിർദ്ദേശങ്ങളുടെ അപകടങ്ങളെ സംബന്ധിച്ച് രാഷ്ട്രീയക്കാർ ബോധവാന്മാരാണ്. അതുകൊണ്ട് ഉത്തരവാദിത്വമുള്ള മുഖ്യ രാഷ്ട്രീയ കക്ഷികൾ അത്തരം നിർദ്ദേശങ്ങൾ ഉന്നയിച്ച് കുഴപ്പത്തിൽപെടാൻ ഉദ്ദേശിക്കുന്നില്ല.

ഈ വിഷയങ്ങളിൽ ആളുകൾ അധികവും തീവ്രവാദ നിലപാടുകളിലേക്ക് ചായുന്നവരാണ്. യൂറോപ്പിൽ കുടിയേറിയിട്ടുള്ള വലിയൊരു വിഭാഗം ജനത - അവരുടെ ഭാഷയും, സംസ്കാരവും, പാരമ്പര്യവും വളരെ ഗാഢമായി മുറുകെപിടിക്കുന്നവരാണ്. അവർ തങ്ങൾ ജീവിക്കുന്ന സമൂഹത്തിലെ പ്രാദേശിക ഭാഷ പഠിക്കാനോ നിരുപദ്രവമായ പ്രാദേശിക ആചാരങ്ങൾ പാലിക്കാനോ തയ്യാറാകുന്നില്ല. അതേസമയം തദ്ദേശീയരായ ജനതയുടെ തീവ്രവാദം മറ്റൊരുവിധത്തിലാണ് കുടിയേറ്റക്കാർ അവരുടെ ഭാഷയും സംസ്കാരവും ഉപേക്ഷിച്ച് പൂർണ്ണമായും തദ്ദേശീയ സംസ്കാരത്തിൽ അലിഞ്ഞുചേരണമെന്ന് അവർ ശഠിക്കുന്നു. അപ്രകാരം കുടിയേറ്റക്കാരുടെ മതപരവും സാംസ്കാരികവും ധാർമ്മികവുമായ മുഴുവൻ ചിഹ്നങ്ങളും വ്യതിരിക്തത

കളും മായ്ച്ചുകളയണമെന്നാണ് അവരുടെ ആവശ്യം.

ഇത്തരം വിഷയങ്ങളിൽ രാഷ്ട്രീയക്കാർ അവരുടെ തുറന്ന അഭിപ്രായം സാധാരണഗതിയിൽ പറയാറില്ല. എങ്കിലും അവരുടെ രാഷ്ട്രീയ പദകോശങ്ങളിൽ നിന്നു ഇത്തരം വിഷയങ്ങൾ വായിച്ചെടുക്കാൻ വലിയ വിഷമമൊന്നുമില്ല. അവർ 'സംസ്കാരങ്ങളുടെ സംഘട്ടനം' (Clashes of Civilisation) എന്ന് പറയുമ്പോൾ പ്രാഥമികമായും അവർ വ്യക്തമാക്കുന്നത് പാശ്ചാത്യനാടുകളിൽ കുടിയേറിയിട്ടുള്ള മുസ്ലിംകളുടെ സംസ്കാരവും, സമകാലീന പാശ്ചാത്യസംസ്കാരവും തമ്മിൽ ഒത്തൊരുമിച്ചു പോകാൻ സാധ്യമല്ല എന്നുതന്നെയാണ്. ഈയടുത്തകാലത്ത് ഹോളണ്ടിലെ വലതുപക്ഷ രാഷ്ട്രീയകക്ഷിയുടെ പിം ഫോർട്ട്യുയിൻ എന്ന ഒരു നേതാവ് പറഞ്ഞത് ഇപ്രകാരമാണ്: "ഏറ്റവും വലിയ പ്രശ്നം ഇസ്ലാമിക കാർഷികരാജ്യങ്ങളിൽ നിന്നും കുടിയേറിയ ജനങ്ങളുടെ സംസ്കാരവുമായി ഒത്തുപോകലാണ്. ആധുനികതയുടെ അകകാമ്പിലെ നമ്മുടെ മൂല്യങ്ങളുമായി അവർ ഒരിക്കലും ഒത്തുപോകുന്നില്ല. സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധങ്ങളെ പറ്റിയും വ്യക്തികളുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ചും തികച്ചും മറ്റൊരു രീതിയിലാണ് അവർ ചിന്തിക്കുന്നത്" (The Sunday Times, 5 May 2002 P. 2)

ബ്രിട്ടന്റെ യൂറോപ്യൻ കാര്യമന്ത്രി പീറ്റർ ഹെയ്ൻ ബ്രിട്ടനിലെ കുടിയേറ്റക്കാരായ മുസ്ലിംകളും അവർ ഉയർത്തുന്ന കലാപസാധ്യതയും വംശീയ വ്യത്യാസത്തിൽ നിന്നുണ്ടാകുന്ന സംഘർഷത്തേക്കാൾ മാരകമാണ് എന്ന് പറയുകയുണ്ടായി. സൺഡേ ടൈംസിൽ നിക്കോളസ് റൂഫോർഡുമായി നടത്തിയ ഒരു ഇന്റർവ്യൂവിലാണ് പീറ്റർ ഹെയ്ൻ ഇത് പറഞ്ഞത്. ബ്രിട്ടനിലെ അഭയാർത്ഥികളായെത്തുന്ന ആളുകളുടെ വർദ്ധനയിൽ അദ്ദേഹം ഉത്കണ്ഠ പ്രകടിപ്പിക്കുകയും ചെയ്തു. അഭയാർത്ഥികളിൽ പലരും മുസ്ലിം രാജ്യങ്ങളിൽ നിന്നുള്ളവരാണെന്നും അവരാകട്ടെ ബ്രിട്ടീഷ് സംസ്കാരം സ്വീകരിക്കാൻ വിമുഖരാണെന്നും അദ്ദേഹം പറഞ്ഞു. ഈ പ്രശ്നം ശ്രദ്ധിച്ചില്ലെങ്കിൽ അവസാനം യഥാർത്ഥ കുഴപ്പത്തിലേക്കായിരിക്കും അത് ചെന്നെത്തുക എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇപ്പോൾ ഇസ്ലാം ഒരു വംശീയ സംഘർഷമുണ്ടാക്കുന്നതിനേക്കാൾ വലിയ ഘടകമാണ്. നാം അത് കൂടിയാലോചിച്ചുകൊണ്ട് പരിഹരിക്കേണ്ടിയിരിക്കുന്നു എന്നും ഹെയ്ൻ പറഞ്ഞു. പിം ഫോർട്ട്യുയിൻ പറയുന്നത് പോലെ, അത് മുസ്ലിംകളെ മാത്രം ലക്ഷ്യം വെച്ച് കൊണ്ടായിരിക്കരുത്. ഇവിടെ മുസ്ലിംകൾ സ്വാഗതം ചെയ്യപ്പെടണം. അതേസമയം അവർ നമ്മുടെ സംസ്കാരത്തെ സമ്പന്നമാക്കുകയും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി വർത്തിക്കുകയും ചെയ്യണമെന്ന വ്യക്തമായ സന്ദേശവും അവർക്ക് നൽകപ്പെടണമെന്നും ഹെയ്ൻ പറഞ്ഞു.

മുസ്ലിം അഭയാർത്ഥികൾ അവരുടെ സ്വഭാവത്തിലും ആചാരത്തിലും ഒറ്റതിരിഞ്ഞു നിൽക്കാനുള്ള പ്രവണത കാണിക്കുന്നവരാണ്. അത്തരം സമീപനം അവസാനം പ്രശ്നങ്ങളിലായിരിക്കും കലാശിക്കുക. ഇപ്പോഴത്തെ മുസ്ലിംകളുടെ അവസ്ഥ തീവ്രവാദികൾക്ക് ചൂഷണം ചെയ്യാൻ പാകത്തിലുള്ളതാണ്. ബിൻ ലാദനോ അല്ലെങ്കിൽ വംശീയവാദികൾക്കോ അവരെ ഇപ്പോൾ ചൂഷണം ചെയ്യാവുന്നതാണ്. അവരെ ദേശീയോദ്ഗ്രഥനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ നാം മുസ്ലിംകളോടൊത്ത് പ്രവർത്തിക്കണം. (Sunday Times 5 May 2002).

അതേ ലക്കം സൺഡേ ടൈംസിൽ തന്നെ 'An Honest Warning' എന്ന ലേഖനത്തിൽ ഇങ്ങിനെ കാണാം.

അപകടത്തെപറ്റിയുള്ള 'പീറ്റർ ഹെയ്ന്റെ താക്കീത് വളരെ ശരിയാണ്. ചില ബ്രിട്ടീഷ് മുസ്ലിംകളുടെ നിലപാട് അവരുടെ സമൂഹത്തിന്റെ താല്പര്യങ്ങൾക്കെതിരായിട്ടുള്ളത് പോലെ തന്നെ ദേശീയതാൽപര്യത്തിനുമെതിരാണ്. കുറ്റമറ്റ വംശീയ വിരുദ്ധ നിലപാടുകളുള്ളയാളാണ് പീറ്റർ ഹെയ്ൻ. സാംസ്കാരിക മുഖ്യധാരയിൽ നിന്നും മുസ്ലിം ഒറ്റപ്പെടലിനെപറ്റിയുള്ള അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തിൽ വളരെയേറെ കാര്യങ്ങളടങ്ങിയിട്ടുണ്ട്. ബ്രിട്ടൺ ഒരു പറുദീസയായിക്കാണുകയും അതേസമയം ബ്രിട്ടീഷ് ജീവിതരീതി അവലംബിക്കാതെ ഒറ്റതിരിഞ്ഞു നിൽക്കുകയും ചെയ്യുന്നു. ഇസ്ലാമിക അഭയാർത്ഥികളെ സംബന്ധിച്ച് യൂറോപ്യൻ കാര്യമന്ത്രി എന്ന നിലയിൽ അദ്ദേഹം നടത്തിയ പരാമർശങ്ങൾക്ക് ഇരട്ടി പ്രാധാന്യമുണ്ട്. ഈ മുസ്ലിം അഭയാർത്ഥികൾ ഇംഗ്ലീഷ് പഠിക്കാൻ കൂടി കൂട്ടാക്കുന്നില്ല.

ഈ സാംസ്കാരിക ഗട്ടോകൾ (ചേരി) വംശീയ ബന്ധങ്ങളിൽ മറ്റെന്നിനേക്കാളുമുപരി അപകടം പിടിച്ചതായി തീർന്നിരിക്കുന്നു.

ഇതിനു മുമ്പൊരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്ത രീതിയിലാണ് അവർ ഇപ്പോൾ സ്വയം ഒറ്റതിരിഞ്ഞു നിൽക്കുന്നത്. ഇങ്ങനെ ഒറ്റതിരിഞ്ഞുനിൽക്കുന്നത് ഫ്രാൻസിലും ഹോളണ്ടിലും സംഭവിച്ചത്പോലെ ഭൂരിപക്ഷസമൂഹവുമായി കലാപങ്ങൾ ക്ഷണിച്ചുവരുത്തുമെന്ന് വിവേകബുദ്ധിയുള്ള അവരുടെ വളരെയേറെ മത

സഹോദരന്മാർക്കറിയാം. എന്നിട്ടുകൂടി അവർ ഒറ്റ തിരിഞ്ഞുനിൽക്കുന്നു.

ബ്രിട്ടൺ അവരുടെ ഒരുപാട് സാംസ്കാരിക സ്വാധീനങ്ങൾ സ്വാംശീകരിക്കുകയും വളരെയേറെ സമ്പന്നമാവുകയും ചെയ്തിട്ടുണ്ട്. മുസ്ലിം തീവ്രവാദികളുടെ അസഹിഷ്ണുതയാണ് പ്രശ്നം.അതിന്റെ പരിഹാരം വളരെ വ്യക്തമാണ്. അവർ നമ്മുടെ രാഷ്ട്രീയ സംസ്കാരം ഉൾക്കൊള്ളണം. നമ്മുടെ മതമല്ല ഉൾക്കൊള്ളേണ്ടത്. അതാണ് അവർക്ക് ബ്രിട്ടണിൽ വിജയിക്കാനും ദീർഘകാലം സന്തോഷത്തോടെയും നമ്മോടൊപ്പം ജീവിക്കാനുമുള്ള ഉത്തമമാർഗ്ഗം. (The Sunday Times 12, May - 2002)

ചില വിഢ്ഢികളും മതഭ്രാന്തരുമായ പണ്ഡിതന്മാരുടെ സ്വാധീനത്തിൽപെട്ട പല മുസ്ലിംകളും പാശ്ചാത്യ രാജ്യങ്ങളോടും, അമുസ്ലിംകളോടും മുൻവിധിയോടെ അയുക്തികമായ നിലപാട് വെച്ച് പുലർത്തുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അവരുടെ ഹീനത്വവും, സങ്കുചിതത്വവും, സാംസ്കാരികപാരമ്പര്യവും പിന്നോക്ക ജീവിതനിലവാരവും, കാലഹരണപ്പെട്ട വീക്ഷണങ്ങളും, മുൻവിധികളും, അവരുടെ ഇസ്ലാം മതവിശ്വാസത്തെ കുപ്രസിദ്ധമാക്കിയിരിക്കുന്നു. അവരുടെ ഈ സമീപനത്തിന് വിശുദ്ധ പ്രവാചകരുടെ (സ) അധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ തന്റെ വിശുദ്ധജീവിതം മുഖേന പ്രാവർത്തികമാക്കിയ റസൂൽ തിരുമേനി(സ)യാണ് ഇസ്ലാം ലോകത്തിന് സമർപ്പിച്ചത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇസ്ലാമിനെ കുറ്റപ്പെടുത്തുന്നതിൽ യാതൊരു അർത്ഥവുമില്ല.

## ബുദ്ധിപരമായ ഇസ്ലാമികാദ്ധ്യാപനങ്ങൾ

ഇസ്ലാം ഒരു ആഗോളമതമാണ്. എല്ലാ മതങ്ങളിലും വെച്ച് ഏറ്റവും വിശാലഹൃദയത്വമുള്ളതും. വിവേകവും യുക്തിപരതയും പ്രദർശിപ്പിക്കുന്ന മതം കൂടിയാണ് ഇസ്ലാം. ഇതാണ് സത്യം. അതിന്റെ അദ്ധ്യാപനങ്ങൾ സാർവ്വജനീനമാണ്. അതൊരിക്കലും ഒരു ദേശീയ ജനവിഭാഗത്തോടോ ഒരു സംസ്കാരത്തോടോ ഒരു ദേശത്തോടോ മാത്രം പ്രതിബദ്ധതയുള്ളതല്ല. യഥാർത്ഥത്തിലുള്ള മാനവസമത്വവും മനുഷ്യത്വവും, കേവലനീതിയും, വിശ്വസ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്നതിൽ ഏറ്റവും പ്രതിജ്ഞാബദ്ധമായ മതമാണ് ഇസ്ലാം. ഇസ്ലാം മതത്തിൽ വർഗ്ഗ, വർണ്ണ, വംശപരമായ യാതൊരു വിവേചനത്തിനും ഇടമില്ല. അതുപോലെ സാമൂഹ്യനിലയുടെ അടിസ്ഥാനത്തിൽ യാതൊരു പക്ഷപാതിത്വങ്ങളുമില്ല. അതെപ്രകാരം ദേശത്തിന്റെയോ, മതത്തിന്റെയോ, ഭാഷയുടെയോ പേരിലുള്ള ക്രൂരതകളും, പീഢനങ്ങളും ഉച്ചനീചത്വങ്ങളും ഇസ് ലാം പൂർണ്ണമായും നിരാകരിക്കുന്നു. വിശുദ്ധ ഖുർ ആനും റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങളും ഇത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ നൽകുന്നു. അതിൽ അല്പം ചിലത് മാത്രമാണ് ഇവിടെ വിവരിക്കുന്നത്.

അല്ലാഹു ഖുർആനിൽ പറയുന്നു.

***'വിശ്വസിച്ചവരെ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ! നിങ്ങൾ നീതിപാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്'*** (5:9)

***'നന്മ ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്നതിൽ (നിന്നും ഒഴിഞ്ഞുനിൽക്കുന്നതിനായി) അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെ ശപഥത്തിന് ഒരു ലക്ഷ്യമാക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു.'*** (2:225)

***'മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽ നിന്നും നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായവരെ പറ്റി നിങ്ങളവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവ്വം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു'*** (60:9)

***'അവരെ, ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടേയും വർണ്ണങ്ങളുടേയും വൈവിധ്യവും. തീർച്ചയായും അതിൽ അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.'*** (30:23)

***'വിശ്വസിച്ചവരേ, ഒരു ജനം മറ്റൊരു ജനത്തെ പരിഹസിക്കരുത്. അവർ ഇവരെക്കാൾ ഉത്തമരായെന്നുവരാം. സ്ത്രീകൾ സ്ത്രീകളെയും പരിഹസിക്കരുത്. അവർ ഇവരെക്കാൾ ഉത്തമകളായെന്നുവരാം. നിങ്ങൾ നിങ്ങളുടെ സ്വന്തം ആളുകളെ അപകീർത്തിപ്പെടുത്തരുത്. നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനു ശേഷം അനുസരത്തിൽ നിന്ന് അകന്നുപോവുന്നത്***

***ചീത്തപ്പേരിനു കാരണമാകുന്നതാണ്*** (49:12)

***'മനുഷ്യരെ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാണ്.*** (49:14)

ഇസ്ലാം മതസ്ഥാപകനായ റസൂൽ തിരുമേനി(സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ അർത്ഥശങ്കക്കിടയില്ലാത്തവിധം പറഞ്ഞു:

***'അല്ലയോ ജനങ്ങളെ' നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളുടെ പിതാവും ഏകനാണ്. ഓർക്കുക അറബിക്ക് അനറബിയേക്കാളോ അനറബിക്ക് അറബിയേക്കാളുമോ, വെളുത്തവന് കറുത്തവനേക്കാളുമോ കറുത്തവന് വെളുത്തവനേക്കാളുമോ യാതൊരു മേന്മയുമില്ല. ഭയഭക്തിയും സത്യസന്ധതയുമാണ് മേന്മയുടെ മാനദണ്ഡം'***

നീതിയുടേയും സത്യത്തിന്റേയും അടിസ്ഥാനത്തിൽ സമാധാനപൂർണ്ണമായ ഒരു സമൂഹം സൃഷ്ടിക്കാനുള്ള തത്വങ്ങൾ മാത്രം സമർപ്പിക്കുകയല്ല ഇസ്ലാം ചെയ്തത്. വിശുദ്ധ പ്രവാചകർ (സ) തന്റെ ജീവിതകാലത്ത് തന്നെ ഏറ്റവും മാതൃകാപരമായ ഒരു സമൂഹം സൃഷ്ടിച്ചു കാണിച്ചു. അറബികൾക്കിടയിലുണ്ടായിരുന്ന പ്രാദേശികമായ ഉച്ചനീചത്വങ്ങൾ മാത്രമല്ല. ദരിദ്രനും ധനികനും, കറുത്തവനും, വെളുത്തവനും, തമ്മിൽ അക്കാലത്തുണ്ടായിരുന്ന അന്തരങ്ങളും വിവിധ ഭാഷകൾ സംസാരിക്കുന്നവർ തമ്മിലുള്ള വ്യത്യാസങ്ങളും വിവിധ സംസ്കാരങ്ങളിൽ നിന്നുള്ളവർ തമ്മിലുള്ള വൈജാത്യങ്ങളും എല്ലാം തന്നെ ഇസ്ലാമിക സമൂഹത്തിൽ ഏറ്റവും രമ്യമനോഹരമായി ഉദ്ഗ്രഥിക്കപ്പെട്ടു. മനുഷ്യന്റെ അന്തസ്സും മഹത്വവും ഉയർത്തിപ്പിടിക്കുന്ന പ്രത്യേകിച്ചും അടിമകളുടേയും, സ്ത്രീകളുടേയും കുട്ടികളുടേയും പദവികളെ അങ്ങേയറ്റം ഉയർ ത്തിയ ഒരു സമൂഹം നിലവിൽ വരികയുണ്ടായി.

സാമൂഹിക ഉദ്ഗ്രഥനത്തിന്റെ ഒരു പ്രശ്നം വളരെ വിശദമായി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) വിശകലനം ചെയ്യുകയുണ്ടായിട്ടുണ്ട്. ഈ വിഷയം യാഥാർത്ഥ്യബോധത്തോടെ നിരവധി ചോദ്യോത്തരസദസ്സുകളിൽ അദ്ദേഹം വിശദീകരിച്ചിട്ടുള്ളതുമാണ്. വിവിധങ്ങളായ സാമൂഹ്യഗ്രൂപ്പുകളെ ഇസ്ലാമിന്റെ സുവർണ്ണ തത്വങ്ങളിലൂടെ ഉദ്ഗ്രഥിക്കാമെന്ന് അദ്ദേഹം ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കി.

1996 ഒക്ടോബർ 12നു നടന്ന നോർവേ അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ അദ്ദേഹം ഈ വിഷയത്തെപ്പറ്റി വിശദമായി പ്രതിപാദിക്കുകയുണ്ടായി.

വേറിട്ടുകൊണ്ടുള്ള ഈ വികാരം മുളപൊട്ടുന്നതും താങ്ങിനിർത്തുന്നതും ഭാഷാപരമായ വ്യത്യാസമാണെന്നുള്ളത് ഒരു പച്ചപരമാർത്ഥമാണ്. ഒരു വിദേശരാജ്യത്ത് കുടിയേറി അവിടെ അധിവാസമുറപ്പിച്ച സമൂഹം ഭാഷാപരമായ ഒരു വേലിക്കുള്ളിൽ അവർ കുടിയേറിയ രാജ്യത്ത് വിദേശികളായി കഴിയുന്നു. അവർ ആ രാജ്യത്ത് നൂറ്റാണ്ടുകളായി അധിവസിച്ചു വരുന്നവരും ആ രാജ്യത്ത് നിയമപരമായ പൗരത്വം നേടിയവരുമാണു താനും. അമേരിക്കയിലും ബ്രിട്ടനിലുമുള്ള 'ചൈനാ ടൗൺ' ഇതിന്നുദാഹരണമാണ്. അതുപോലെ അവിടെ ചില ഇറ്റാലിയൻ ജില്ലകളുമുണ്ട്. അങ്ങിനെ പുറംലോകത്തിനും അവർക്കുമിടയിൽ അവർ സ്വയം ചുറ്റുമതിൽ കെട്ടുന്നു. എത്രത്തോളമെന്നാൽ അമേരിക്കയിലെ ചൈനാ ടൗണിൽ ഒരു അമേരിക്കക്കാരൻ കടന്നുചെന്നാൽ അയാൾ ചൈനയിലെത്തിയ അനുഭവമാണുണ്ടാകുക. അവിടെ അയാൾ അമേരിക്കയിലാണ് താൻ നിൽക്കുന്നതെന്ന് തോന്നുകയില്ല. അമേരിക്കയിലെ ഈ ചൈനാ ടൗണിനു പുറത്ത് കറങ്ങുന്ന ചൈനക്കാരൻ അമേരിക്കയിൽ ഒരു വിദേശിയായിട്ടാണ് കാണപ്പെടുക. ഇങ്ങനെ സാംസ്കാരികമായും ഭാഷാപരവുമായ അതിർത്തികളിൽ ഉയർത്തുന്ന വേലിക്കെട്ടുകൾ അനിവാര്യമായ വിഷമങ്ങളാണ് സമൂഹത്തിൽ സൃഷ്ടിക്കുന്നത്. അത് സമൂഹങ്ങളെ ഒറ്റപ്പെടുത്തുകയും ചെയ്യും.

ഭാഷാപരമായ ഭിന്നത നിലനില്ക്കുകയാണെങ്കിൽ തീർച്ചയായും അത് രാജ്യത്ത് ഒറ്റപ്പെട്ട ദ്വീപുകൾ സമൂഹത്തിൽ സൃഷ്ടിക്കാൻ കാരണമാവും. ഈയൊരവസ്ഥ ആ രാജ്യത്ത് അവർക്കെതിരെ ഭീകരമായ ഒരു പ്രസ്ഥാനം ഉണ്ടാവാൻ സാധ്യതയുണ്ട്. അതേസമയം ഈ അവസ്ഥക്ക് വളരെ ഗുണകരമായ ഒരു വശം കൂടിയുണ്ട്. ഒരു രാജ്യത്തിന്റെ ധാർമ്മികധീരത അനുവദിക്കുകയാണെങ്കിൽ തങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിക്കുവേണ്ടി പല രാജ്യങ്ങളിൽ നിന്നുള്ള വിവിധ ജനങ്ങളെ അവരുടെതായ പ്രദേശങ്ങളിൽ താമസിപ്പിക്കാവുന്നതാണ്. അവർക്ക് അവരുടെ സംസ്കാരം നിലനിർത്തിക്കൊണ്ട് തന്നെ അവരുടെ ദേശീയ സംസ്കാരത്തിന്റെ മുദ്രകളുള്ള വസ്തുക്കൾ വിറ്റഴിച്ചുകൊണ്ട് അവിടെ ജീവിക്കുകയും ചെയ്യാം. അത് ഒരു രാജ്യ

ത്തിന് മനോഹരമായ ഒരു വർണശബളിമയുടെ മാനം നൽകുമെന്ന് മാത്രമല്ല അത് ധാരാളം സാമ്പത്തിക നേട്ടങ്ങൾ ആ രാജ്യത്തിന്ന് സമ്മാനിക്കുകയും ചെയ്യും. യൂറോപ്പിലും അമേരിക്കയിലുമുള്ള ചൈനാമാർക്കറ്റുകൾ പോലെ ഇങ്ങനെ വ്യത്യസ്തമായ സംസ്കാരങ്ങളെ നാം ഉൾക്കൊള്ളുമ്പോൾ ആ ദേശത്ത് ഗുണപരമായ നല്ല വശങ്ങൾ സംജാതമാവുന്നു. ഈ വിഷയങ്ങളെ സംബന്ധിച്ച് നാം ഗാഢമായി ചിന്തിച്ച് കാര്യങ്ങൾ സപഷ്ടമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## ബലം പ്രയോഗിച്ചുകൊണ്ടുള്ള ഉദ്ഗ്രഥനം

വിവിധ സാംസ്കാരിക പശ്ചാത്തലമുള്ള ആളുകളെ നിയമത്തിന്റെ ബലം പ്രയോഗിച്ചുകൊണ്ട് ഒരൊറ്റ സമൂഹമാക്കിമാറ്റുകയാണെന്നത് അങ്ങേയറ്റത്തെ തെറ്റാണ് എന്നാണ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് പറയുന്നത്. അദ്ദേഹം പറയുന്നു.

'വർണ്ണശബളിമയാർന്ന ഒരു കൂട്ടം വ്യത്യസ്ത പുഷ്പങ്ങളെ ഒരു മാന്ത്രികവിദ്യയിൽ ഒരേതരം പുഷ്പങ്ങളാക്കി മാറ്റുന്നത് പോലെയുള്ള ഒരു പ്രവൃത്തിയാണിത്. വിവിധ സമൂഹങ്ങളിലെ, സാമൂഹിക വ്യവസ്ഥകളും, സാമൂഹിക പരിണാമങ്ങളുമായി വരുന്ന ഓരോ നവാഗതസമൂഹവും വിവിധങ്ങളായ വർണ്ണങ്ങളും ഗന്ധങ്ങളും കൊണ്ടാണ് വരുന്നത് എന്ന് നാം മനസ്സിലാക്കണം. ഇത് എല്ലാ രാജ്യങ്ങളിലും എല്ലാ ഭാഗത്തും സംഭവിക്കുന്നു. പുറമേ നിന്നുള്ള സമൂഹങ്ങളുടെ പ്രത്യേകതകളും വ്യതിരിക്തതകളും ഇല്ലാതാക്കി സമൂഹത്തെ ഒരു ഹാരത്തിലെ ഒരേ പൂക്കളാക്കി മാറ്റുന്നത് ശരിയായ രീതിയല്ല. ആ പൂക്കൾ റോസോ, മുല്ലയോ അല്ലെങ്കിൽ മറ്റ് പൂവോ എന്തെങ്കിലുമാകട്ടെ ഒറ്റത്തരം പൂക്കളാക്കി മാറ്റാൻ പാടില്ല. ഇത്തരം പ്രവണതകൾ പ്രകൃതിയിലെ സാമൂഹിക പരിണാമരീതിക്കെതിരാണ്. ഇത്തരം പ്രവർത്തനങ്ങളിൽ നിന്നും ജനതകൾക്ക് യാതൊരു നന്മയും ലഭിക്കില്ല.

## അതാത് രാജ്യത്തെ നിയമങ്ങളെ ആദരിക്കുക

അദ്ദേഹം തുടർന്നു:

ഒരു രാജ്യത്തെ നിയമങ്ങളെ അനുസരിക്കുക എന്നത് മറ്റൊരു കാര്യമാണ്. ഏതെങ്കിലും ഒരു പുതിയ രാജ്യത്ത് കുടിയേറുന്നവർ നേരത്തേ ഞാൻ പറഞ്ഞത് പോലെ അവർ അവരുടെ പ്രത്യേക രീതിയിലുള്ള സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നുള്ളവരോ പ്രത്യേക ഭാഷ സംസാരിക്കുന്നവരോ ആകാം. അവർക്ക് തങ്ങൾ കുടിയേറിയ രാജ്യത്തെ നിയമങ്ങളെ അനാദരിക്കാൻ യാതൊരവകാശവുമില്ല. ഇങ്ങനെ തങ്ങളുടെ രാജ്യത്തിന്റെ നിയമം അവമതിക്കപ്പെടുന്നത് ലോകത്തിലെ ഒരു രാജ്യവും സഹിക്കില്ല. അതുകൊണ്ട് ഈ രാജ്യത്തെ എല്ലാ വിദേശികളും പ്രത്യേകിച്ച് അഹ്മദികൾ ഉത്തമവിശ്വാസത്തോടെ ഈ രാജ്യത്തെ നിയമങ്ങൾ അനുസരിക്കണം. അഹ്മദികളെ സംബന്ധിച്ചേടത്തോളം ഒരു കാര്യം ഓർക്കേണ്ടതുണ്ട്. അവരുടെ സ്വന്തം രാജ്യം ബഹിഷ്കൃതരാക്കിയവരാണവർ. ഈ നാടാണ് അവരെ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് അവർ ഈ രാജ്യത്തെ നിയമം അനുസരിക്കുക മാത്രമല്ല. അതിന് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് നിയമരാഹിത്യത്തിന്റെ അവസ്ഥ സംജാതമാവാതിരിക്കാൻ കഴിയുന്നതെല്ലാം ചെയ്യണം. ഈ രാജ്യത്ത് സാമൂഹിക ഉദ്ഗ്രഥനവും വികസനവും സാധ്യമാകുന്ന പദ്ധതികളിലും പ്രവർത്തനങ്ങളിലും വിശേഷ്യുവാക്കൾ മുന്നിട്ടിറങ്ങേണ്ടതുണ്ട്. അത്തരം പദ്ധതികളിലും പ്രവർത്തനങ്ങളിലും പൂർണ്ണതോതിൽ അധികൃതരുമായി സഹകരിക്കേണ്ടത് അഹ്മദി യുവാക്കളുടെ കടമയാണ്. മറ്റൊരു വീക്ഷണകോണിലും ഇത് ശരിയാണ്. ഒരു സമൂഹം ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ ആ രാജ്യത്തെ ബുദ്ധിജീവികളും നയരൂപീകരണവിദഗ്ദരും ആ വൈദേശികസമൂഹത്തിനെതിരെ തെറ്റായ തീരുമാനങ്ങളിലെത്തിപ്പെടും. തദ്ദേശീയ ഭരണകൂടവുമായുള്ള സഹകരണവും കൂട്ടായ്മയുമില്ലെങ്കിൽ വൈദേശികസമൂഹത്തിന്റെ നിലപാടുകൾ പൂർണ്ണമായും ഭരണകൂടങ്ങൾക്ക് മനസ്സിലായെന്ന് വരില്ല. കുടിയേറ്റക്കാരായ അത്തരം സമൂഹങ്ങളിലെ യുവാക്കളുടെ പ്രതിലോമപരമായ സമീപനഫലമായി അവരുടെ നിലപാട് അവർക്ക് തന്നെ ഉചിതമല്ല എന്ന് അവസാനം അവർക്ക് മനസ്സിലാവും. അതുകൊണ്ട് സഹകരണം എന്നത് ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. അഹ്മദിയ്യാജമാഅത്തിലെ വയോധികരും, യുവാക്കളും, സ്ത്രീകളും, കുട്ടികളുമെല്ലാം തദ്ദേശീയ സമൂഹത്തെ സേവിക്കുന്നതിലും അവരുമായി സഹകരിച്ചു മുന്നോട്ടുപോകുന്നതിലും പരമ പ്രാധാന്യം കൊടുക്കണം.

## ഭാഷാപരമായ തടസ്സം

ഭാഷകളെപറ്റി പറയുമ്പോൾ ഞാൻ അഹ്മദിയ്യാ സമൂഹത്തെ ഉപദേശിക്കാറ് ഒരു സമൂഹത്തിനും തന്നെ തങ്ങളുടെ ഭാഷയുടെ വേലിക്കെട്ടിന്നുള്ളിൽ മാത്രം ജീവിക്കാൻ അവകാശമില്ല എന്നാണ്. മറ്റുള്ളവരുടെ ഭാഷ പഠിക്കാതെ തങ്ങൾക്കായി മാത്രം ഒരു വലയം തീർത്ത് ഒറ്റപ്പെട്ടുനിൽക്കുന്നത് നൈതികമായി ന്യായീകരിക്കാൻ സാധ്യമല്ല. ഒരാളുടെ സംസാരഭാഷ സജീവമായി നിലനിർത്തുക എന്നത് തീർച്ചയായും ന്യായം

*(ശേഷം 18-ൽ)*

ലേഖനം

മുഹമ്മദ് നജീബ്ഖാൻ, വാഴക്കാല

# മുഹമ്മദ് നബി(സ)യുടെ സ്ഥാനം, മഹ്ദി ഇമാമിന്റേയും

**മുഹമ്മദ് നബി(സ)യുടെ അനുസാരിത്വം കൊണ്ട് മനുഷ്യന് പ്രവാചകത്വപദവി വരെ ലഭ്യമാകും. ഖാതമുന്നബിയ്യീൻ എന്ന അഭിധാനത്തിലെ അർത്ഥവിവക്ഷ സജീവമായതും ഒരിക്കലും നിലയ്ക്കാത്തതുമായ ഈ അനുഗ്രഹത്തെ സൂചിപ്പിക്കുന്നു**

ഖാത്തമുന്നബിയ്യീൻ എന്ന ഖുർആനികപദം അനേകം സംവാദങ്ങൾക്ക് വിഷയീഭവിച്ചിട്ടുണ്ട്. ഹസ്റത്ത് അഹ്മദ്(അ)ന്റെ മഹ്ദീ മസീഹ് വാദത്തോടെയാണ് ഇതിന് കൂടുതൽ പ്രചാരം സിദ്ധിച്ചത്. മുഹമ്മദ് നബി(സ) അവസാനത്തെ പ്രവാചകനാണെന്നും അദ്ദേഹത്തിനുശേഷം ഒരുതരത്തിലുള്ള പ്രവാചകനും ഇനി വരികയില്ലെന്ന അർത്ഥസാരത്തെ പ്രകടിപ്പിക്കുന്നതിനുവേണ്ടിയാണ് മുസ്ലിം പണ്ഡിതൻമാർ ഈ വാക്കുപയോഗിക്കുന്നത്. ഇതിലൂടെ നബി(സ)യുടെ പ്രവാചകപദവിയെ സംരക്ഷിക്കുകയെന്ന മഹത്തായ കർമ്മപദ്ധതിയെ പ്രാവർത്തികമാക്കുന്നുവെന്നാണ് അവർ ധരിക്കുന്നത്. എന്നാൽ പ്രസ്തുത പദത്തിന് ഇത്തരം ഒരു വിവക്ഷ നൽകാമോ എന്നതാണ് ചിന്തനീയ വിഷയം. കാരണം പ്രവാചക പരിസമാപ്തി എന്ന വിഷയം ഇന്നോ ഇന്നലേയോ ഉടലെടുത്ത വിഷയമോ, ഒരു നവീന ആശയമോ അല്ല. അതിന് പ്രവാചകാവതാരത്തോളം കാലപ്പഴക്കം ഉണ്ട്. വളരെയധികം പൗരാണികത അവകാശപ്പെടുന്ന വൈദീക മതത്തിന്റേയും, ജൂതക്രൈസ്തവ മതങ്ങളുടേയും അനുയായികൾ വിശ്വസിച്ചുപോരുന്നത്, തങ്ങളുടെ പ്രവാചകന്മാർക്ക് ശേഷം ഇനിയൊരു പ്രാവചകനും വരികയില്ലെന്നും,അവരോട് കുടി തന്നെ ദൈവീകഭാഷണം നിലച്ചുപോയെന്നുമാണ്. ഇങ്ങനെ പൂർവ്വീകരിൽ നിന്ന് കടമെടുത്ത ഒരു ആശയമാണ് നിർഭാഗ്യവശാൽ ഇന്ന് മുസ്ലീംങ്ങൾ വച്ചു പുലർത്തുന്നത്. മുഹമ്മദ് നബി(സ) യ്ക്ക് ശേഷം പ്രവാചകത്വം നിലച്ചുപോയെങ്കിൽ, നിലച്ചുപോയ ഒന്നിനെഎന്തിന് സംരക്ഷിക്കണം. അന്ത്യപ്രവാചകവാദം ഇസ്ലാമിന്റെ ആശയമല്ല. അതിന് ഖുർആന്റെയും ഹദീസുകളുടെയും പിൻബലവുമില്ല. ഏതെങ്കിലും ചില പദങ്ങളിൽ കടിച്ചുതൂങ്ങി സ്വന്തമായ അനുമാനങ്ങളിലൂടെയും. നിഗമനങ്ങളിലൂടെയും ഒരു ആശയത്തെ വാർത്തെടുത്തതുകൊണ്ട് അത് ഇസ്ലാമികവിശ്വാസമാവുകയില്ല.

ഹദ്റത്ത് അഹ്മദ്(അ)ന്റെ കാലം മുതൽ ആരംഭിച്ച ഖാത്തമുന്നബിയ്യീൻ സംവാദപരമ്പര ഇന്നും അവിരാമം തുടരുകയാണ്. സംവാദങ്ങൾ എപ്പോഴും നല്ലതാണ്. പക്ഷെ അത് ആരോഗ്യപരമായിരിക്കണം. പ്രയോജനകരമായിരിക്കണം. വെറും അധരവ്യായാമത്തിൽ ഒതുങ്ങരുത്. ഭൂരിപക്ഷ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കി ജയപരാജയങ്ങളെ വിലയിരുത്തുന്നത് സംവാദങ്ങളെ ഗുണപ്രദമാക്കുകയില്ല. മതകാര്യങ്ങളിൽ ഭൂരിപക്ഷഅഭിപ്രായങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ലെന്നതിരിച്ചറിവ് ഉണ്ടായാൽ മാത്രമേ സംവാദങ്ങൾ കൊണ്ട് ഫലം ഉണ്ടാവുകയുള്ളു. ഭൗതീക വ്യവഹാരങ്ങളിൽ ലാഭവും നഷ്ടവും സ്വന്തം ബുദ്ധികൊണ്ട് വേർതിരിച്ച് മനസ്സിലാക്കുന്നത് പോലെ മതകാര്യങ്ങൾ ഗ്രഹിക്കാൻ പൊതുജനങ്ങൾ സൻമനസ്സുകാട്ടിയാൽ ദൈവീകഭക്തിയിലും, നീതിയിലും, സത്യത്തിലും ചെയ്യപ്പെടുന്ന സംവാദങ്ങൾക്ക് സൽഫലങ്ങൾ സ്വായത്തമാക്കാൻകഴിയും. അപ്പോൾ അല്ലാഹുതന്നെ ജനഹൃദയങ്ങളുടെ വാതായനങ്ങൾ തുറന്നുകൊടുക്കുകയും

ചെയ്യും.

ഏകദൈവ വിശ്വാസത്തിനു ശേഷം വിശുദ്ധഖുർആൻ ഏറ്റവും കൂടുതൽ ഊന്നിപ്പറഞ്ഞിട്ടുള്ളത് പ്രവാചകാവതാരത്തെ സംബന്ധിച്ചാണ്. പ്രവാചകാവതാരമെന്ന ശൃംഖല മനുഷ്യോൽപത്തി മുതൽ അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്ന ഒരു സംസ്കരണ പ്രവർത്തനപദ്ധതിയാണ്. ജനങ്ങളിൽ അധാർമികതപരക്കുകയും, സൃഷ്ടാവിൽ നിന്ന് അവർ അകലുകയുംചെയ്യുമ്പോൾ ദൈവത്തിന്റെ കാരുണ്യ വർഷം ഉണ്ടാവുക എന്നത് ഒരു സനാതനധർമ്മമാണ്. ഉണങ്ങിവരണ്ട ഭൂമിയിൽ മഴവർഷിക്കുന്നതുപോലെയാണ് അത്. ഇങ്ങനെ എക്കാലത്തും മനുഷ്യർക്ക് ഗുണപ്രദമായ ഈ പ്രവാചകത്വ സംവിധാനത്തെ അല്ലാഹു നിർത്തൽ ചെയ്യുമ്പോൾ അതിനെ സംബന്ധിച്ച് സ്പഷ്ടമായ നിലയിൽതന്നെ വ്യക്തമാക്കുമായിരുന്നു. മറ്റ് പലകാര്യങ്ങളും ഖണ്ഡിതമായനിലയിൽ ഖുർആൻ വ്യക്തമാക്കിയതുപോലെ ഇതും വ്യക്തമാക്കുമായിരുന്നു. എന്നാൽ ഖുർആനിൽ എവിടേയും അത്തരം ഒരു സൂചന നൽകിയിട്ടില്ല. മറിച്ച് പ്രവാചകൻമാരെ നിഷേധിച്ച പൂർവ്വീക ജനതകളുടെ അപജയ ചരിത്രസംഭവങ്ങൾ ഗുണപാഠമായി വിവരിച്ചുകൊണ്ട് അത്തരം നിഷേധാത്മക നിലപാടുകളിൽ നിന്നും പ്രവണകളിൽ നിന്നും വിട്ടുനിൽക്കണമെന്ന് മുസ്‌ലിം സമൂഹത്തെ ഉപദേശിക്കുകയാണ് ചെയ്തിട്ടുള്ളത്.

## നബി എന്ന പദത്തിന്റെ വിവക്ഷ

നബി എന്ന പദം 'നബഅ' എന്നതിൽ നിന്ന് നിഷ്പന്നമാകുന്നു. 'നബ്അ' എന്ന പദത്തിനർത്ഥം വാർത്ത എന്നാകുന്നു. തികച്ചും സത്യസന്ധവും വിജ്ഞാനദായകവും, പ്രയോജനകരവുമായ വാർത്തയാണ് ഇതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. നബിയെന്ന പദത്തിന്, ദൈവത്തിൽനിന്ന് സന്ദേശങ്ങൾ എത്തിക്കുന്നവൻ എന്ന അർത്ഥമാണ് നിഘണ്ടു കർത്താക്കൾ നൽകിയിട്ടുള്ളത്. അതായത്, അല്ലാഹു തന്റെ ഏകത്വ അവസ്ഥയെക്കുറിച്ചും, പരോക്ഷജ്ഞാനങ്ങളെക്കുറിച്ചും അധികമധികമായി ആർക്കാണോ അറിവ് നൽകുന്നത്. അയാൾ പ്രവാചകൻ, നബി എന്ന സ്ഥാനത്തിന് അർഹനായിതീരുന്നു. അല്ലാഹുവിൽ നിന്ന് കിട്ടുന്ന ആധിക്യം ഉണ്ടാകണം. ഇത് പ്രവാചകത്വത്തിന് സുപ്രധാനമായ ഒരു നിബന്ധനയാകുന്നു. ഒന്നു രണ്ട് പരോക്ഷജ്ഞാനങ്ങളെ കുറിച്ച് അറിവ് നൽകിയതുകൊണ്ട് ഒരാൾ പ്രവാചകനാവുകയില്ല. കാരണം "ഫഈൽ" എന്ന "വസനി" നിൽ ആണ് നബിയെന്ന പദം പ്രയുക്തമായിട്ടുള്ളത്. "ഫഈൽ" എന്നതിന്റെ പ്രത്യേകത ആ പദം ആധിക്യത്തെ സൂചിപ്പിക്കുന്നു എന്നതാണ്. അസാധാരണ സംഭവങ്ങളിലധിഷ്ഠിതമായ പരോക്ഷജ്ഞാനങ്ങളുടെ ആധിക്യം അല്ലാഹുവിൽ നിന്ന്പ്രകടമാകുന്ന വ്യക്തിയെയാണ് നബിയെന്ന് പറയുന്നത്.

എന്നാൽ, ലോകത്ത് അവതരിച്ച പ്രവാചകൻമാരെ വിലയിരുത്തുമ്പോൾ വിവിധതരത്തിലുള്ള പ്രവാചകൻമാരെ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. ചിലർക്ക് ശരീഅത്ത് നൽകപ്പെട്ടിട്ടില്ല, അവർ ശരീഅത്ത് നൽകപ്പെട്ട പ്രവാചകൻമാരുടെ സേനത്തിനായി പിൽകാലത്ത് അവതരിച്ചവരാണ്. വേറെ ചിലർ പ്രവാചക ഗോത്രങ്ങൾക്ക്വേണ്ടി അവതരിച്ചവരാണെങ്കിൽ മറ്റുചിലർ പ്രത്യേക നാട്ടുകാർക്ക് വേണ്ടി നിയോഗിതരായവരാണ്. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി നമ്മുടെ മുഹമ്മദ് നബി(സ) മുഴുലോകത്തേക്കും വേണ്ടി അവതീർണ്ണവരായവരാണ്. ഇങ്ങനെ നോക്കുമ്പോൾ പ്രവാചകൻമാരുടെ പ്രബോധന പരിധികൾക്കും പ്രവാചകത്വസ്ഥാനങ്ങൾക്കും വിത്യാസങ്ങൾ കാണാൻ കഴിയുന്നതാണ്. എന്നാൽ അവരെയെല്ലാം നബി എന്ന നാമത്തിലാണ് ഖുർആൻ സംബോധന ചെയ്തിട്ടുള്ളത്. ഇതുപോലെ പൂർവ്വ വേദങ്ങളും പൂർവ്വ പ്രവാചകന്മാരും നബിയെന്ന പദം തനിച്ചാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രവാചകൻമാരുടെ സ്ഥാനമാനത്തെ പ്രകടമാക്കുന്ന പ്രത്യേക പദങ്ങളൊന്നും നബി എന്ന പദത്തിന്റെ കൂടെ പ്രയോഗിച്ചിട്ടില്ല. ഒരു പ്രവാചകന്റെയും പദവിയെ പ്രത്യേകം തരംതിരിച്ച് എവിടേയും രേഖപ്പെടുത്തിയിട്ടുമില്ല. ഇതിൽ നിന്ന് മനസ്സിലാകുന്നത് പ്രവാചകൻമാരുടെ പദവികളിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും നബിയെന്ന നാമത്തിൽ എല്ലാവരും തുല്യരാണ്. അതായത് പ്രവാചകൻ അവരുടെ പ്രവാചകത്വത്തിന്റെ ശ്രേഷ്ഠതയുടെ കാര്യത്തിൽ തുല്യനിലയിലല്ല, വൈവിധ്യമാർന്ന സ്ഥാനങ്ങളിലാണ് നിലകൊള്ളുന്നത്. എന്നാൽ ഓരോ പ്രവാചകനും അവരുടെ സ്ഥാനത്തെപറ്റിയും അവരുടെ പ്രബോധന പരിധികളെ സംബന്ധിച്ചും അല്ലാഹുവിൽ നിന്ന് അറിവ് നൽകപ്പെട്ടിട്ടുണ്ട്. അവർ ആ പരിധികളെ ഒരിക്കലും ലംഘിക്കുകയില്ല. തങ്ങൾ എപ്രകാരത്തിലുള്ള പ്രവാചകൻമാരാണെന്ന് അവർക്ക് അറിയാവുന്നതുകൊണ്ട് അവർ അതനുസരിച്ച് മാത്രമേ പ്രവർത്തിക്കുകയുള്ളൂ. അതുകൊണ്ടാണ് ന്യായപ്രമാണത്തെ നീക്കുന്നതിനു വേണ്ടി വന്നിരിക്കുന്നുവെന്ന് 'യഹൂദർ ഈസ(അ)നെ ആക്ഷേപിച്ചപ്പോൾ ഞാൻ ***'ന്യായപ്രമാണത്തേ***

***യോ. പ്രവാചകൻമാരേയോ നീക്കുന്നതിന് വേണ്ടിവന്നുവെന്ന് നിരൂപിക്കരുത്. നിക്കുവാനല്ല നിവർത്തിപ്പാനത്രെ'*** എന്നുപറഞ്ഞത്. ഇപ്രകാരം എല്ലാപ്രവാചകൻമാർക്കും അല്ലാഹു അറിയിച്ചുകൊടുക്കും. അത് അവരുടെ ഉപദേശങ്ങളിൽ നിന്നും ലിഖിതങ്ങളിൽ നിന്നും മാത്രമേ നമുക്ക് മനസ്സിലാകുകയുള്ളു.

അല്ലാഹുവും അവന്റെ റസൂലും ഹദ്റത്ത് ഇമാംമഹ്ദി(അ) യെ നബിയെന്ന നാമത്തിലാണ് സംബോധന ചെയ്തിട്ടുള്ളത്. എന്നാൽ താൻ എപ്രകാരത്തിലുള്ള പ്രവാചകനാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. തനിക്ക് ഒരു പുതിയ ശരീഅത്തില്ലെന്നും തന്റെ പ്രവാചകത്വം തിരുനബി(സ)യെ അനുസരിച്ചുകൊണ്ട് മാത്രം കിട്ടിയതാണെന്നും അദ്ദേഹം വ്യക്തമാക്കിയത്. ഹദ്റത്ത് അഹ്മദ്(അ) പറയുന്നു.

***"ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനിവരികയില്ല, ശരീഅത്തില്ലാത്ത പ്രവാചകൻ ഇനിയും വരാവുന്നതാണ്. പക്ഷെ അദ്ദേഹം ആദ്യം ഉമ്മത്തിൽപെട്ട ആളായിരിക്കണം. ഈ അടിസ്ഥാനത്തിൽ ഞാൻ ഉമ്മത്തിയും പ്രവാചകനുമാകുന്നു. എന്റെ പ്രവാചകത്വം അതായത് ദൈവീകവെളിപാടുകളും സംബോധനകളും മുഹമ്മദ് നബി(സ)യുടെ പ്രതിഛായ മാത്രമാകുന്നു. ഇതല്ലാതെമറ്റൊന്നുമല്ല എന്റെ പ്രവാചകത്വം." (തജല്ലിയാത്തെ ഇലാഹിയ്യ പേജ് 21.)***

## ഖാത്തമുന്നബിയീന്റെ വിവക്ഷ

പൂർവ്വ പ്രവാചകൻമാരുടേയും നബി(സ)യുടേയും സ്ഥാനവ്യത്യാസത്തെ വേർതിരിച്ചു കാണിക്കുന്നതിനു വേണ്ടിയാണ് അല്ലാഹു വിശുദ്ധഖുർആനിൽ ഖാത്തമുന്നബിയ്യീൻ എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. മുൻകഴിഞ്ഞ പ്രവാചകൻമാർക്ക് പ്രവാചകത്വം എന്ന വരദാനം കിട്ടിക്കൊണ്ടിരുന്നത് ഏതെങ്കിലും പ്രവാചകനെ അനുഗമിച്ചതുകൊണ്ടല്ല. മറിച്ച് അവർക്കെല്ലാം സ്വതന്ത്രമായി തന്നെ പ്രവാചകത്വമെന്നസ്ഥാനം അല്ലാഹുവിൽ നിന്ന് കരഗതമായതാണ്. എന്നാൽ 'ഖാത്തമുന്നബിയ്യീൻ' എന്നതിലൂടെ അത്തരം സ്വതന്ത്രപ്രവാചകത്വത്തിന്റെ കവാടത്തെ അടച്ചുകളയുകയാണ് ചെയ്തിട്ടുള്ളത്. പൂർവ്വപ്രവാചകൻമാർക്ക് വ്യക്തിഗതമായികൈവന്ന ആത്മീയ അനുഗ്രഹത്തിന്റെ ഉറവകൾ തിരുനബി(സ) യുടെ ആഗമനത്തോടുകൂടി വറ്റിപ്പോയിരിക്കുകയാണ്. ആ അനുഗ്രഹങ്ങൾ എല്ലാംതന്നെ തിരുനബി(സ)യുടെ സരണിയിലൂടെ പ്രവഹിക്കാൻ തുടങ്ങിയിരിക്കുന്നു. അതിനാൽ മുഹമ്മദ് നബി(സ)യെ അനുസരിച്ച് ജീവിക്കാതെകണ്ട് ഒരാൾക്കും ഒരുതരത്തിലുള്ള ആത്മീയ അനുഗ്രഹങ്ങളും കിട്ടുകയില്ല. ഇങ്ങനെ അനുസരിക്കുന്നവർ ഒന്നാമതായി മുഹമ്മദീ സമുഹത്തിൽ ഉൾപ്പെട്ടവരായിരിക്കണം. ഖുർആന്റെയും തിരുനബി(സ)യുടെയും വക്താക്കളുമായിരിക്കണം. മുൻകാലപ്രവാചകന്മാർ ക്ക് ലഭിക്കാതിരുന്ന മഹനീയസ്ഥാനമാണിത്. ഈ മഹനീയസ്ഥാനത്താണ് തിരുനബി(സ) യെ അവരോധിച്ചുകൊണ്ട് പ്രവാചകൻമാരിൽ ശ്രേഷ്ഠൻ എന്ന ഭാഷാർത്ഥം വരുന്ന ഖാത്തമുന്നബിയ്യീൻ എന്നപദം അല്ലാഹു ഉപയോഗിച്ചിട്ടുള്ളത്. അതായത് ഒരാൾക്ക് ആത്മീയ പിതൃത്വം നൽകി പ്രവാചകനാക്കാൻ കഴിവുള്ള ആത്മീയ ക്ഷമത നബി(സ)യുടെ പ്രവാചകത്വത്തിനുണ്ടെന്ന് സാരം. ഒന്നു കൂടി വിശദീകരിച്ച് പറഞ്ഞാൽ പ്രപഞ്ചസൃഷ്ടിക്ക് കാരണഭൂതനായ മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വശക്തിപ്രഭാവത്തിൽനിന്ന് ആത്മീയ ഊർജ്ജം കരസ്ഥമാക്കി ദൈവഭാഷണം സിദ്ധിക്കാൻ ശക്തിയുള്ള ആത്മീയസന്താനങ്ങൾ തിരുനബി(സ)യുടെ സ്വന്തം സമുദായത്തിൽ നിന്നുതന്നെ ഉണ്ടാവുമെന്നത്രേ. കാരണം വിശുദ്ധഖുർആൻ അന്ത്യനാൾവരെ നിലനിൽക്കുന്ന ഒരു ആത്മീയ സരണിയായതിനാൽ അതിൽ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന സകല ആത്മീയ അനുഗ്രഹങ്ങളും സ്ഥാനമാനങ്ങളും അതനുസരിച്ച് ജീവിക്കുന്നവർക്ക് അന്ത്യനാൾവരെ കിട്ടിക്കൊണ്ടിരിക്കണം. അതിന്റെ വാഹകനായ തിരുനബി(സ) പ്രവാചകത്വവും അതേ ചൈതന്യത്തോടും ഓജസ്സോടും തേജസ്സോടും കൂടി അന്ത്യാൾവരെ നിലനിൽക്കണം. തിരുനബി(സ)ചര്യയെ ഖുർആന്റെ പാതയിലൂടെ മാതൃകയാക്കുമ്പോഴാണ് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുക. അല്ലാതെ വിശുദ്ധഖുർആൻ അന്ത്യനാൾ വരെ നിലനിൽക്കുകയും നബി(സ)യുടെ പ്രവാചകത്വം നിലച്ചുപോവുകയും ചെയ്യുക എന്നത് യുക്തിസഹമല്ലാത്ത പ്രവർത്തിയും നിരർത്ഥകമായ ആശയവുമാകുന്നു.

ഇപ്രകാരം ആത്മീയ പിതൃത്വം ഏറ്റുവാങ്ങിയ ഉമ്മത്തീപ്രവാചകനാകുന്നു ഇമാം മഹ്ദി(അ). അല്ലാതെ ഇമാം മഹ്ദി(അ) തിരുനബി(സ)യുടെസ്ഥാനത്തോ പുർവ്വപ്രവാചകരുടെ സ്ഥാനത്തോഅല്ല നിൽക്കുന്നത്. മുഹമ്മദീ ഉമ്മത്തിനെ സംസ്കരിക്കുന്നതിനും ഇസ്ലാമികപാഠങ്ങളെ മറ്റുമതസ്ഥർക്ക് വിവരിച്ചുകൊടുക്കുന്നതിനുംവേണ്ടി അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്ന ഉമ്മ

ത്തീപ്രവാചകന്റെസ്ഥാനത്താണ് അദ്ദേഹം നിൽക്കുന്നത്. ഈ ആശയത്തെ വിശുദ്ധഖുർആൻ ഇങ്ങനെ വിവരിക്കുന്നു.

***"വല്ലവനും അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്തന്മാർ, എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നവരാണ്. ഏറ്റവും നല്ലകൂട്ടുകാരത്രെ അവർ."***

നബി(സ)യെ ആത്മാർത്ഥമായി അനുസരിച്ച് ജീവിച്ചാൽ മാത്രമേ വിശുദ്ധ ഖുർആൻ വാഗ്ദാനം ചെയ്ത നാല് സ്ഥാനങ്ങളിൽ ഏതെങ്കിലും ഒരു സ്ഥാനത്തിൽ ഉൾപ്പെടുവാൻ സാധിക്കുകയുള്ളൂ. സ്വാലിഹായിട്ടെങ്കിലും മരിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരാൾക്ക് ഈ തത്വരഹസ്യം മനസ്സിലാക്കേണ്ടത് അനിവാര്യമാകുന്നു. ഇതിലൂടെ മാത്രമേ തിരുനബി(സ)യുടെ ശ്രേഷ്ഠതയും മഹ്ദീഇമാമിന്റെ സത്യതയും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ മുസ് ലിംകളിൽ ബഹുഭൂരിപക്ഷം ആളുകളും ഈ ആത്മീയ തത്വരഹസ്യത്തെ സംബന്ധിച്ച് അജ്ഞരാണ്. ●

---

***(14-ൽ നിന്ന് തുടർച്ച)***

*തന്നെ. ഒരാളുടെ ഭാഷയിൽ കൂടിയാണ് സാംസ്കാരികമൂല്യങ്ങൾ സജീവമായി നിലനിർത്താൻ സാധിക്കുന്നത്. എന്നിരുന്നാലും ഒരു രാജ്യത്തെ തദ്ദേശീയസമൂഹവുമായി യാതൊരു ആശയവിനിമയവുമില്ലാത്ത വിദേശിയെപോലെ ബന്ധമറ്റനിലയിൽ നിൽക്കാൻ ഒരു സമൂഹത്തിനും അവകാശമില്ല. പിന്നീട് വമ്പിച്ച പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു നഷ്ടമാണിത്. വിദേശികളോട് വിദ്വേഷം പ്രചരിപ്പിക്കുന്ന യുവാക്കളുടെ ചില പ്രസ്ഥാനങ്ങൾ ഇവിടെ ചിലയിടങ്ങളിൽ കാണാം. അതെല്ലാം തന്നെ ഭാഷാപരമായ വ്യത്യാസങ്ങളിൽ നിന്നും ഉടലെടുക്കുന്നതാണ്. അഹ്മദികളെയല്ല നാം ഉദ്ദേശിക്കുന്നത്. ഇവിടെ താമസിക്കുന്ന മറ്റു ചിലയാളുകളുണ്ട്. വർഷങ്ങളോളമായി അവർ ഇവിടെ താമസിക്കുന്നു. പക്ഷേ ഇപ്പോഴും തങ്ങൾ സ്വയം തീർത്ത വേലിക്കെട്ടിൽ അവർ തങ്ങളുടെ പഞ്ചാബിഭാഷയുമായി കഴിയുന്നു. പരസ്പരബന്ധത്തിന് വേണ്ടി അവർക്ക് അതിനിസ്സാരമായ ജ്ഞാനം മാത്രമേ നോർവീജിയൻ ഭാഷയിലുള്ളൂ. അത് കൊണ്ട് അവർ ജീവസന്ധാരണം നടത്തിവരുന്നു. അവർക്ക് തൊഴിൽ നേടാനും ചരക്ക് വില്പന നടത്താനും കച്ചവടത്തിൽ വിലപേശാനും പാൽ കുടിക്കാനും റൊട്ടി തിന്നാനും അവർക്ക് അതുകൊണ്ട് സാധിക്കുന്നു. അവരുടെ ഈ ഭാഷാർജനം അതിനപ്പുറം പോകാറില്ല...*

*അഹ്മദിയ്യാ ജമാഅത്ത് ഒരു കേന്ദ്ര നേതാവിനാൽ അനുഗ്രഹീതമാണ്. ഒരു ആഗോള പ്രസ്ഥാനമാണ്. അത് നോർവേയിൽ മാത്രമുള്ളതല്ല. ഞാൻ ഇത്തരത്തിൽ ഭാഷാപഠനത്തിനും അന്യസമൂഹങ്ങളുമായുള്ള സഹവർത്തിത്വത്തിനും ഒരു പദ്ധതി ആവിഷ്കരിച്ചാൽ അഹ് മദികൾ അതിനോട് സഹകരിക്കാതിരിക്കുക എന്ന പ്രശ്നം ഉദ്ഭവിക്കുന്നില്ല.*

## ആധുനികതയുടെ മൂല്യം

സാമൂഹികമായ ഉദ്ഗ്രഥനത്തെ പറ്റി യൂറോപ്യൻ പണ്ഡിതന്മാർ പറയുമ്പോഴെല്ലാം 'ആധുനിക മൂല്യങ്ങൾ' എന്താണ് എന്ന് വ്യക്തമായി വിശദീകരിക്കുന്നതിൽ അവർ പരാജയപ്പെടുന്നു. ചില മുസ്‌ലിംകളോട് ഇതിനെപറ്റി ചോദിച്ചാൽ *'അവരാണ് (യൂറോപ്യന്മാർ) നമ്മുടെ സംസ്കാരം സ്വാംശീകരിക്കാത്തത്'* എന്നും പറയുന്നു. ഇതെന്താണ് അർത്ഥമാക്കുന്നത്?

ഉദാഹരണത്തിന് മദ്യം കഴിക്കുന്നത് യൂറോപ്യൻ സംസ്കാരത്തിന്റെ ഭാഗമാണ്. എന്നാൽ മദ്യം കഴിക്കാതെ പ്രത്യക്ഷപ്പെടുന്നവൻ വിദേശിയായി കണക്കാക്കപ്പെടുമെന്നും അതുകൊണ്ട് നിർബന്ധമായും മദ്യം കഴിക്കണമെന്നും ഒരു നിയമം കൊണ്ടുവരുന്നത് അന്യായമാണ്. തീർച്ചയായും മദ്യപാനം കൂടിവരുന്നതിനെതിരെ യൂറോപ്പിൽ തന്നെ നിരവധി പ്രസ്ഥാനങ്ങൾ ഉയർന്നുവരുന്നുണ്ട്. വളരെ പ്രതിഭാശാലികളായ ആളുകളും സമൂഹത്തിന്റെ അഭ്യുദയകാംക്ഷികളും മദ്യപാനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അപകടങ്ങളേയും നഷ്ടങ്ങളെയും സംബന്ധിച്ചും ബോധവാന്മാരുമാണ്.

വർദ്ധിച്ചുവരുന്ന ഭൗതികത, ചൂതാട്ടം, സ്ത്രീപുരുഷന്മാരുടെ സ്വഛന്ദമായ കൂടിചേരൽ, ലൈംഗികമായ സ്വാതന്ത്ര്യം, മയക്ക്മരുന്ന്, സ്ത്രീകളുടേയും പുരുഷന്മാരുടേയും സ്വവർഗ്ഗരതി, സ്ത്രീപുരുഷന്മാരുടെ വിവാഹേതര സഹജീവിതം, അർദ്ധനഗ്നരായികൊണ്ടുള്ള സ്ത്രീകളുടെ സൗന്ദര്യപ്രദർനം, പരസ്യചുംബനം, വിനയമില്ലായ്മയും ലജ്ജയില്ലായ്മയും - ഇതെല്ലാം തന്നെ പാശ്ചാത്യനാഗരികതയുടെ തിരിച്ചറിയൽ മുദ്രകളാണ്. അപ്രകാരം വ്യക്തിയുടെ അവകാശങ്ങളും സമ്മർദ്ദങ്ങൾക്ക് വിധേയപ്പെട്ടു കാണിക്കുകയാണ്. തങ്ങളുടെ സന്താനങ്ങൾക്ക് അല്പം ശിക്ഷണം അവശ്യമാകുന്ന സന്ദർഭ

***(ശേഷം 42-ൽ)***

ലേഖനം

മതരാഷ്ട്രവാദം വിമർശിക്കപ്പെടുന്നു - 2

എ.എം. മുഹമ്മദ് സലിം

# മതവും രാഷ്ട്രവും

**ശക്തിയുടേയും അധികാരത്തിന്റേയും പിൻബലത്തിൽ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന അധികാരകേന്ദ്രിതമായ ഒരു സ്ഥാപനമാണ് രാഷ്ട്രം. ബലപ്രയോഗം സ്വയം നിരാകരിക്കുന്ന ഇസ്‌ലാം മതത്തെ എങ്ങനെ രാഷ്ട്രമാക്കി രൂപാന്തരപ്പെടുത്താനാകും?**

'ദീൻ' അഥവാ മതം എന്ന പേരിൽ മുസ്‌ലിംകൾ ഉപയോഗിക്കുന്ന പദത്തിന് സാധാരണ വ്യവഹാരികാർത്ഥത്തിൽ രാഷ്ട്രം (State) എന്ന തൽസമാർത്ഥം നൽകിയത് ഇസ്‌ലാമിക മതരാഷ്ട്രവാദത്തിന്റെ ഉപജ്ഞാതാവും ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനുമായ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയാണ്. അദ്ദേഹത്തിന് മുമ്പ് മുസ്‌ലിം പണ്ഡിതന്മാരാരും തന്നെ ദീനിന് രാഷ്ട്രം എന്ന അർത്ഥം നൽകിയിട്ടില്ല. അദ്ദേഹം എഴുതുന്നു:

*'ഈ വിശദീകരണത്തിൽ ദീൻ എന്നാൽ യഥാർത്ഥത്തിൽ സ്റ്റേറ്റ് (State) ആണെന്നും ശരീഅത്ത് ആ സ്റ്റേറ്റിന്റെ നിയമവ്യവസ്ഥയാണെന്നും ആ നിയമവ്യവസ്ഥയനുസരിച്ച് ജീവിതം നയിക്കുന്നതിനാണ് ഇബാദത്ത് എന്ന് പറയുന്നതെന്നുമുള്ള സംഗതി വ്യക്തമാകുന്നതാണ് (അബുൽ അഅ്‌ലാ മൗദൂദി - ഖുത്തുബാത്ത് പേ. 395)*

മൗദൂദി സാഹിബിന്റെ മതരാഷ്ട്രം ചർച്ച ചെയ്യുന്നതിന് മുമ്പായി രാഷ്ട്രം എന്നാൽ എന്താണ് എന്നതിനെപറ്റി അല്പം വിശദീകരിക്കേണ്ടതുണ്ട്. രാഷ്ട്രം അഥവാ സ്റ്റേറ്റ് എന്നത് താരതമ്യേന ആധുനികമായ ഒരു പരികല്പനയാണ്. പുരാതന കാലം മുതൽ മനുഷ്യസമൂഹത്തിന്റെ അവിഭാജ്യഘടകമായി പല വിധത്തിലുള്ള ഭരണസമ്പ്രദായങ്ങളുമുണ്ടായിരുന്നു. ചരിത്രപരമായി അതിന് പല പരിണാമങ്ങളും സംഭവിച്ചിട്ടുണ്ട്. ഇന്ന് നാം വിവക്ഷിക്കപ്പെടുന്ന രൂപഘടനയോടുകൂടിയുള്ള അർത്ഥത്തിൽ രാഷ്ട്രം എന്ന പദം വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയിട്ട് ഏതാനും ദശാബ്ദമേ ആയിട്ടുള്ളൂ. ആധുനിക കാലഘട്ടത്തിൽ പല സവിശേഷതകളോടെയും നിലവിൽ വന്ന ഒരു സ്ഥാപനമാണിത്. ജനത, ഭൂവിഭാഗം അഥവാ ദേശം, പരമാധികാരം, ഭരണസമ്പ്രദായം അഥവാ ഗവൺമെന്റ് എന്നിവ രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകങ്ങളാണ്. ഇവയുടെ സവിശേഷ രീതിയിലുള്ള സംഘടനാരൂപത്തെയാണ് രാഷ്ട്രം എന്ന് വിളിക്കുന്നത്. ഒരു പരമാധികാരിക്ക് വിധേയമായി ജീവിക്കുന്ന ദേശീയ ജനവിഭാഗത്തെ പ്രതിനിധാനം ചെയ്യുന്ന സ്ഥാപനമാണ് രാഷ്ട്രം. അധികാരശക്തിയാണ് രാഷ്ട്രത്തിന്റെ ജീവൻ. വാസ്തവത്തിൽ ശക്തി യും സമ്മർദ്ദസ്വഭാവവുമുള്ള ഒരു കൃത്രിമ സ്ഥാപനമാണത്. രാഷ്ട്രം അതിന്റെ ലക്ഷ്യങ്ങളും ഇച്ഛകളും നടപ്പാക്കുന്നത് അധികാരത്തിന്റേ യും ശക്തിയുടേയും പിൻബലം കൊണ്ടാണ്. മറ്റൊരു വഴി രാഷ്ട്രത്തിന്നില്ല. രാഷ്ട്രത്തിന്റെ ഈയൊരു പരിമിതി കാരണം സ്വാതന്ത്ര്യപ്രേമികൾ രാഷ്ട്രത്തെ 'അവശ്യം വേണ്ടുന്ന തിന്മ' (Necessary evil) എന്ന് അപലപിക്കാറുണ്ട്. മതം ലക്ഷ്യമാക്കുന്നത് പോലെയും സൂക്ഷ്മവും മൃദുലവുമായ ലക്ഷ്യങ്ങൾ നേടാൻ സമ്മർദ്ദസ്വഭാവമുള്ള രാഷ്ട്രങ്ങൾക്കാകില്ല. അതിന്റെ ബലിഷ്ഠമായ കരങ്ങൾക്ക് ലോലമായ മനുഷ്യാത്മാവുമായി സംവദിക്കാൻ സാധ്യമല്ല. ഒരുപക്ഷേ ശരീരത്തെ നിയന്ത്രിക്കാൻ രാഷ്ട്രശക്തിക്ക് കഴിഞ്ഞേക്കാം. അത്തരത്തിൽ അധികാരശക്തിയിലൂടെയും സമ്മർദ്ദതന്ത്രങ്ങളിലൂടേയും മാത്രം പ്രവർത്തിക്കാൻ കഴിയുന്ന ഒരു സ്ഥാപനത്തെ പരിശുദ്ധ ഇസ്‌ലാമിന് തത്തുല്യമായ അർത്ഥത്തിൽ വിവരിക്കാമോ? മത

രാഷ്ട്രവാദത്തിന്റെ വക്താവായ മൗലാനാ മൗദൂദി ചെയ്തത് അതാണ്. ആധുനികമായ അദ്ദേഹത്തിന്റെ ഈ വാദമുഖങ്ങൾക്കിടയിൽ അദ്ദേഹം ഒളിപ്പിക്കാൻ ശ്രമിക്കുന്നതെന്താണ് എന്നതാണ് ഇവിടെ അന്വേഷിക്കുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ ഫാസിസത്തിന്റെ രാഷ്ട്ര സങ്കല്പങ്ങൾക്ക് പരിശുദ്ധ ദീനുൽ ഇസ്ലാമിന്റെ തിരുവസ്ത്രങ്ങൾ അണിയിക്കാനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയതെന്ന് നമുക്ക് തിരിച്ചറിയാനാവും.

രാഷ്ട്രത്തെ അതിന്റെ പൗരാണികമായ അർത്ഥത്തിൽ തന്നെ പരിശോധിക്കുകയാണെങ്കിൽ മനുഷ്യന്റെ സാമൂഹിക ചരിത്രത്തിൽ അവൻ കണ്ടെത്തിയ ഒരു കൃത്രിമ സ്ഥാപനമാണ് അതെന്ന് കാണാം. സമൂഹം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത് പോലെ രാഷ്ട്രം പ്രകൃതിജന്യമോ സ്വാഭാവികമായി പരിണമിച്ചുണ്ടായതോ ആയ സ്ഥാപനമല്ല. രാഷ്ട്രത്തിന്റെ ഉല്പത്തി സിദ്ധാന്തങ്ങളിൽ മനുഷ്യസമൂഹത്തോടൊപ്പം വികസിച്ചുവന്ന പ്രകൃതിജന്യമായ ഒരു സ്ഥാപനമാണെന്ന ഫാസിസ്റ്റ് പ്രവണതകളുള്ള ചിലരുടെ വാദം ശാസ്ത്രീയമായ പഠനങ്ങളിൽ നിരാകരിക്കപ്പെട്ടതാണ്. അത് മനുഷ്യസമൂഹം അധികാരിവർഗ്ഗവുമായുണ്ടാക്കിയ ഒരു കരാറിലൂടെ ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ട ഒരു സ്ഥാപനമാണെന്നാണ് പരക്കെ സ്വീകരിക്കപ്പെട്ട സങ്കല്പം.

മൗലാനാ മൗദൂദി സാഹിബ് ഉപയോഗിക്കുന്ന സ്റ്റേറ്റ് എന്ന ആധുനികാർത്ഥത്തിലുള്ള രാഷ്ട്രീയ സാങ്കേതിക പദം ആദ്യമായി പ്രത്യക്ഷപ്പെടുന്നത് 16-ാം നൂറ്റാണ്ടിലാണ്. സ്വകാര്യജീവിതത്തിലും പൊതുജീവിതത്തിലും സദാചാരങ്ങൾക്ക് വ്യത്യസ്തമായ മാനദണ്ഡങ്ങൾ ഭരണാധികാരികൾ പാലിക്കണമെന്ന ചാണക്യതന്ത്രവുമായി രംഗത്ത് വന്ന ഇറ്റാലിയൻ രാഷ്ട്രതന്ത്രജ്ഞനായ ഫ്ളോറൻസിലെ മാക്കിയവെല്ലി (1469-1527)യാണ് 'പ്രിൻസ്' എന്ന തന്റെ പുസ്തകത്തിൽ ആദ്യമായി ആധുനികാർത്ഥത്തിൽ ഈ പദം ഉപയോഗിക്കുന്നത്. യൂറോപ്പിൽ രാജവാഴ്ചയുടെ കാലഘട്ടം കഴിഞ്ഞു ദേശരാഷ്ട്രങ്ങൾക്ക് രംഗമൊരുക്കുന്ന രാഷ്ട്രീയ ചലനങ്ങൾ പ്രത്യക്ഷപ്പെട്ട കാലഘട്ടത്തിലാണ് അദ്ദേഹം ഭരണകൂടങ്ങളെ 'രാഷ്ട്രം' എന്ന് വിശേഷിപ്പിച്ചത്. മൗലാനാ മൗദൂദി മാതൃകയായി സ്വീകരിക്കുന്നത് ഈ ദേശരാഷ്ട്രങ്ങളുടെ ആത്യന്തിക ഭീകരരൂപങ്ങളാണ്.

ദേശരാഷ്ട്രങ്ങളെ (Nation State) പറ്റി പറയുമ്പോൾ ദേശീയ ജനവിഭാഗം എന്ന പരികല്പന വളരെ പ്രധാനപ്പെട്ടതാണ്. പൊതുപാരമ്പര്യത്തിലോ വംശത്തിലോ പൊതു ഭാഷയിലോ ബന്ധിക്കപ്പെട്ട ഒരു ജനതയെയാണ് ദേശീയ ജനവിഭാഗം (നേഷൻ - Nation) എന്ന് വിളിക്കുന്നത്. അവരുടെ രാഷ്ട്രസംബന്ധിയായ പൊതുവികാരത്തെയാണ് ദേശീയത എന്ന് പറയുന്നത്. യൂറോപ്പിലെ പഴയ സാമ്രാജ്യങ്ങൾ ഇത്തരം നിരവധി ദേശീയ ജനവിഭാഗങ്ങളെ ഉൾക്കൊണ്ടവയായിരുന്നു. അതിനു പകരം ഓരോ പ്രത്യേക ദേശീയതകളെയും അടിസ്ഥാനപ്പെടുത്തി ദേശരാഷ്ട്രങ്ങൾ വളർന്നുവരികയും പത്തൊമ്പതാം നൂറ്റാണ്ടോടുകൂടി യൂറോപ്പിൽ ശക്തമായ ദേശരാഷ്ട്രങ്ങളുടെ നിർമ്മിതി പൂർത്തിയാവുകയുമാണ് ചെയ്തത്. യൂറോപ്പിലെ മാതൃക സ്വീകരിച്ച് ഇന്ന് ലോകത്തിലെ മിക്ക രാജ്യങ്ങളും ദേശീയ രാഷ്ട്രങ്ങളായി മാറിയിരിക്കുന്നു. പഴയ രാജ്യങ്ങളെയോ സാമ്രാജ്യങ്ങളെയോ അപേക്ഷിച്ച് ആധുനിക രാഷ്ട്രങ്ങൾ അതിന്റെ സംഘടനാബലത്തിലും സംഹാരശക്തിയിലും അധികാരത്തിലും അതിശക്തമാണ്. അടച്ചുപൂട്ടിയ ദേശീയ ജനതക്ക് മേൽ അധീശശക്തിയായി വാഴുന്ന രാഷ്ട്രം സാർവ്വദേശീയവാദികളേയും വിശ്വമാനവീയതയുടെ വാക്താക്കളെയും അലോസരപ്പെടുത്താറുണ്ട്. സമൂഹത്തിന്റെ കുത്തഴിഞ്ഞ അവസ്ഥ ഒഴിവാക്കാൻ വേണ്ടി മാത്രമാണ് രാഷ്ട്രം എന്ന സ്ഥാപനത്തെ അവർ അംഗീകരിക്കുന്നത്. രാഷ്ട്രത്തിന്റെ പ്രാധാന്യം കുറച്ചുകൊണ്ട് സമൂഹത്തിലെ പല സ്ഥാപനങ്ങളിൽ ഒന്നു മാത്രമാണ് രാഷ്ട്രം എന്നാണ് വ്യക്തിവാദികളും ഉദാരവാദികളും പറയുന്നത്. ഇസ്ലാമിലെ ഖിലാഫത്ത് വ്യവസ്ഥക്ക് ഒരിക്കലും രാഷ്ട്രങ്ങളുടെ രൂപഘടനയുണ്ടായിരുന്നില്ല എന്ന് നാം ഓർക്കണം. ആ രൂപഘടനയിലേക്ക് ഇസ്ലാം മതത്തെ മാറ്റാനാണ് മതരാഷ്ട്രമൗലികവാദം ശ്രമിക്കുന്നത്.

## ഫാസിസത്തിലെ രാഷ്ട്രസങ്കല്പം

ലോകത്തിലെ മിക്ക രാഷ്ട്രങ്ങളും ദേശീയ രാഷ്ട്രങ്ങളാണെന്ന് പറഞ്ഞുവല്ലോ. രാഷ്ട്രത്തെ ഒന്നിപ്പിച്ചു നിർത്തുന്ന 'ദേശീയത' എന്നത് ഒരു അമൂർത്ത സങ്കല്പമാണ്. 'ദേശം' എന്ന സങ്കല്പത്തിൽ നിന്നാണ് ദേശീയത ഉണ്ടാവുന്നത്. ദേശം എന്നതിന്റെ ഇംഗ്ലീഷ് സമാന പദമായ 'നേഷൻ' എന്ന പദത്തിന്റെ ഉല്പത്തി 'നേറ്റസ്' എന്ന ലാറ്റിൻ പദത്തിൽ നിന്നാണ്. നേറ്റസ് എന്നാൽ 'ജനനം' എന്നാണർത്ഥം. അതുകൊണ്ട് ആ പദത്തിലെ ദേശീയത എന്ന സങ്കല്പത്തിന് വംശപരമായ ഒരു വാച്യാർത്ഥവുമുണ്ട്. പൊതു ഭാഷ സ്വീകരിച്ച ഒരു വംശത്തിൽ പിറക്കുന്നത് വഴി സിദ്ധിക്കുന്ന ഒരു സവിശേഷ സാമൂഹിക ബന്ധവും ബോധവുമാണ് വംശീയത. ദേശരാ

ഷ്ട്രത്തെ ഇങ്ങനെ വംശീയതയുടെ വീക്ഷണകോണിലാണ് ഫാസിസം കാണുന്നത്. അതായത് ഫാസിസ്റ്റു കളും നാസികളും രാഷ്ട്രത്തെ സംഘടിപ്പിച്ചുനിർത്തുന്ന വൈകാരിക ഘടകമായി സ്വീകരിച്ചത് ഈ വംശ ദേശീയതയെയാണ്. മതരാഷ്ട്രവാദത്തിൽ വംശീയതക്ക് പകരം നില്ക്കുന്നത് മതങ്ങളാണ്. മതമാകട്ടെ വംശീയതയേക്കാൾ വികാരസാന്ദ്രമാണുതാനും. ഇരുകൂട്ടരുടേയും വാദം രാഷ്ട്രം ദൈവത്തെ പോലെ ചോദ്യം ചെയ്യാതെ അനുസരിക്കപ്പെടേണ്ട ഒരു അതിമാനുഷ സ്ഥാപനമാണെന്നാണ്.

ആധുനിക കാലത്ത് ജർമ്മൻ തത്വശാസ്ത്രപണ്ഡിതനായ ഹെഗേലിന്റെ ആശയവാദമാണ് രാഷ്ട്രം പ്രകൃതിയുടെ സൃഷ്ടിയാണെന്നും അത് ചോദ്യം ചെയ്യപ്പെടാനാവാത്ത വിശുദ്ധ സ്ഥാപനമാണെന്നും പറഞ്ഞത്. രാഷ്ട്രത്തെ പറ്റിയുള്ള അദ്ദേഹത്തിന്റെ പ്രഖ്യാതമായ വചനം ഇപ്രകാരമാണ്. ***'രാഷ്ട്രം എന്നത് ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാകുന്നു.'*** (The state is the march of God on earth) രാഷ്ട്രം നൈതികവും പരമാധികാരിയുമായ ഒരു സ്ഥാപനമാണെന്നും അതിന്റെ സർവ്വവലയിതമായ സത്വം അപ്രമാദിത്വമുള്ളതാണെന്നും രാഷ്ട്രത്തിനു വേണ്ടി മനുഷ്യൻ ബലിയാവണമെന്നും ഹേഗേൽ വാദിച്ചു. പിൽക്കാലത്ത് ഇറ്റലിയിലെ ബെന്നറ്റ് മുസ്സോളിനിയും ജർമ്മനിയിലെ അഡോൾഫ് ഹിറ്റ്ലറും തങ്ങളുടെ രാഷ്ട്രവാദത്തിന്നടിത്തറയായി സ്വീകരിച്ചത് രാഷ്ട്രത്തെ ദൈവത്തോളം അനുസരിക്കപ്പെടേണ്ട ഒരു സ്ഥാപനമാണെന്ന ഈ ഹെഗേലിയൻ ദർശനമാണ്.

ഫാസിസ്റ്റ് സങ്കല്പപ്രകാരം രാഷ്ട്രം ഒരതിമാരക സ്ഥാപനമാണ്. രാഷ്ട്രവും വ്യക്തിയുമായി തട്ടിച്ചുനോക്കുമ്പോൾ വ്യക്തി ഒന്നുമല്ല രാഷ്ട്രം തന്നെയാണ് സർവ്വസ്വവും. രാഷ്ട്രം എന്നത് ഏതെങ്കിലും സാമൂഹിക ലക്ഷ്യങ്ങൾ നേടാനുള്ള മാർഗ്ഗമല്ല അതൊരു ലക്ഷ്യം തന്നെയാണ്. രാഷ്ട്രത്തിന്റെ താല്പര്യങ്ങൾക്കപ്പുറത്ത് വ്യക്തികൾക്ക് താല്പര്യങ്ങളില്ല. വ്യക്തി ആത്മസാക്ഷാത്കാരം നേടുന്നത് തന്നെ രാഷ്ട്രത്തിന് സ്വയം സമർപ്പിക്കുമ്പോൾ മാത്രമാണ്. രാഷ്ട്രത്തിന് വെളിയിൽ സ്വകാര്യതാല്പര്യങ്ങളുണ്ടെന്ന ചിന്ത പോലും പാടില്ല. അതുണ്ടാകുന്നുവെങ്കിൽ ആ വ്യക്തിക്ക് സാരമായ എന്തോ തകരാറുണ്ടെന്ന് വ്യക്തം. അങ്ങനെ കരുതുന്ന വ്യക്തിക്ക് തന്റെ യഥാർത്ഥ സ്വാതന്ത്ര്യം എവിടെ സ്ഥിതിചെയ്യുന്നു എന്ന് മനസ്സിലാവുന്നില്ല. അതുകൊണ്ടാണ് ഹിറ്റ്ലർ പറഞ്ഞത് ആര്യൻ വംശരാഷ്ട്രമായ ജർമ്മനിയെ അനുസരിക്കുന്നതിൽ കവിഞ്ഞൊരു ആനന്ദം ജർമ്മൻ പൗരനുണ്ടായിരിക്കാൻ പാടില്ല എന്ന്.

1932ൽ ഫാസിസത്തെ നിർവ്വചിച്ചുകൊണ്ട് ഇറ്റാലിയൻ എൻസൈക്ലോപീഡിയയിൽ 'ഫാസിസം' എന്ന ശീർഷകത്തിൽ മുസ്സോളനി എഴുതി:

***'ഫാസിസത്തിന്റെ ഏറ്റവും അടിസ്ഥാനം അതിന്റെ രാഷ്ട്രസങ്കല്പമാണ്. അതായത് രാഷ്ട്രത്തിന്റെ സ്വഭാവം അതിന്റെ ധർമ്മം, അതിന്റെ ലക്ഷ്യം എന്നിവയാണ് ആ അടിസ്ഥാനങ്ങൾ. രാഷ്ട്രം കേവലമായ ഒരു സ്ഥാപനമാണ്. രാഷ്ട്ര വുമായി താരതമ്യപ്പെടുത്തുമ്പോൾ മറ്റെല്ലാ വ്യക്തികളും ഗ്രൂപ്പുകളും ആപേക്ഷികമാണ്. ഉദാരരാഷ്ട്രം എന്നത് ഒരു ചാലകശക്തിയല്ല. അത് ഭൗതികമായും ആത്മീയമായും വികസനത്തിലേക്കോ ഊർജ്ജസ്വലതയിലേക്കോ നയിക്കില്ല. അതായത് ഉദാരരാഷ്ട്രം എന്നത് വളരെ പരിമിതമായ വ്യവഹാരം നടത്തുകയും രേഖകൾ സൂക്ഷിച്ചുവെക്കുകയും ചെയ്യുന്ന ഒരു സ്ഥാപനം മാത്രമാണ് മറിച്ച് ഫാസിസ്റ്റ് രാഷ്ട്രം സ്വയം ബോധമുള്ളതാണ്. അതിന് ഇച്ഛാശക്തിയുണ്ട്. വ്യക്തിത്വമുണ്ട്. ആ അർത്ഥത്തിൽ അതൊരു നൈതിക രാഷ്ട്രമാണ് (Ethic State).*** (1932-ൽ ഫാസിസത്തെ നിർവ്വചിച്ചുകൊണ്ട് ഇറ്റാലിയൻ എൻസൈക്ലോപീഡിയയിൽ പ്രസിദ്ധീകരിച്ച ബെന്നറ്റ് മുസ്സോളനിയുടെ ലേഖനത്തിൽ നിന്ന്)

ഹെഗേലിയൻ ദർശനത്തിന് വിരുദ്ധമായാണ് കാറൽമാർക്സ് രാഷ്ട്രത്തെ കണ്ടത് സമൂഹത്തിന്റെ വികാസദശയിൽ ബൂർഷ്വാസി കണ്ടെത്തിയ ഒരു മർദ്ദനോപാധിയാണ് രാഷ്ട്രമെന്നാണ് മാർക്സ് സിദ്ധാന്തിച്ചത്. കമ്യൂണിസ്റ്റ് വിപ്ലവം കഴിഞ്ഞ് വർഗ്ഗരഹിത സമൂഹത്തിന്റെ ആവിർഭാവത്തിനുശേഷം മർദ്ദനോപാധിയായ രാഷ്ട്രം പുറന്തള്ളപ്പെടുമെന്നായിരുന്നു (State will wither away) മാർക്സിന്റെ പ്രവചനം. പക്ഷേ കമ്യൂണിസം ഐഡിയോളജിയായി സ്വീകരിച്ച സോവിയറ്റ് യൂണിയനിൽ കൊഴിഞ്ഞുപോകേണ്ട രാഷ്ട്രം ഇരുമ്പുമറയും ഇരുമ്പ് ചട്ടുകവുമായി മാറുകയുണ്ടായി. കമ്മ്യൂണി സ്റ്റ് സിദ്ധാന്തപ്രകാരം ഒരു പ്രത്യേക പരിവർത്തന ഘട്ടത്തിൽ (Transitional Period) മാത്രം പ്രസക്തമാവേണ്ട രാഷ്ട്രത്തെ ഉരുക്കുചട്ടുകങ്ങൾ നൽകി ബലപ്പെടുത്തിയ സോവ്യറ്റ് ശില്പി അതിനെപറ്റി പറഞ്ഞത് ***'ലക്ഷക്കണക്കിനാളുകളെ കൊണ്ട് ഉല്പാദനത്തിലും വിതരണത്തിലും ഒരു ഏകീകൃത മാനദണ്ഡം കർശനമായി അനുസരിപ്പിക്കുന്ന ഒരു ആസൂത്രിത ഭരണസംവിധാനം***

***കൂടാതെ സോഷ്യലിസത്തെ പറ്റി ചിന്തിക്കാനാവില്ലെന്ന് സോവിയറ്റ് സ്റ്റേറ്റിന്റെ ആദ്യ വർഷങ്ങളിൽ തന്നെ ലെനിൻ പ്രഖ്യാപിക്കുകയുണ്ടായി.*** (മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തത്തിന്റെ അടിസ്ഥാനതത്വങ്ങൾ – പ്രോഗ്രസ് പബ്ലിഷേഴ്സ് – പേ 334)

***'കർശനമായ അച്ചടക്കവും ക്രമപരിപാലനവും കൂടാതെ സോഷ്യലിസ്റ്റ് ജനാധിപത്യം നടപ്പാക്കാൻ സാധ്യമല്ല. അതുകൊണ്ട് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള മൊഴികളുടെ മറപിടിച്ചുകൊണ്ട് രാജ്യതാല്പര്യങ്ങൾക്കും പൗരന്മാരുടെ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും ദോഷം ചെയ്യാൻ ശ്രമിച്ചാൽ അതനുവദിക്കാൻ സോവിയറ്റ് സ്റ്റേറ്റിനു നിവൃത്തിയില്ല. (അതേ പുസ്തകം പേ. 282)***

ഫാസിസവും നാസിസവും കമ്യൂണിസവും ഇങ്ങനെ രാഷ്ട്രത്തെ ബലപ്പെടുത്തി അതിന്റെ സംഹാരശക്തി ഉപയോഗിച്ച് തങ്ങളുടെ സാമൂഹിക സങ്കല്പങ്ങൾ സാക്ഷാത്കരിക്കാൻ നോക്കിയത് ആശയാധിഷ്ഠിത രാഷ്ട്രങ്ങളാണ്. ചരിത്രം അവരെ പരാജയപ്പെടുത്തി മനുഷ്യസമൂഹത്തിൽ ചിരപ്രതിഷ്ഠ നേടാനും മനുഷ്യഹൃദയത്തെ കീഴടക്കാനും ബലപ്രയോഗത്തിനും അധികാരത്തിന്റെ മൂർത്തരൂപമായ രാഷ്ട്രസംവിധാനങ്ങൾക്കും ആവില്ലെന്ന് ചരിത്രം തെളിയിച്ചതാണ്.

## മൗദൂദി സാഹിബിന്റെ മതരാഷ്ട്രദർശനം

നാസി ജർമ്മനിയും ഫാസിസ്റ്റ് ഇറ്റലിയും കമ്മ്യൂണിസ്റ്റ് റഷ്യയും രാഷ്ട്രശക്തിയിൽ ഊറ്റം കൊണ്ട രാഷ്ട്രസ്വരൂപങ്ങളായിരുന്നു. അവയെല്ലാം ചില്ലുകൊട്ടാരങ്ങൾ പോലെ പൊട്ടിതകർന്നത് സമീപകാലചരിത്രമാണ്. അധികാരത്തിലധിഷ്ഠിതമായ ആശയരാഷ്ട്രങ്ങൾ ചരിത്രത്തിന്റെ അവജ്ഞയല്ലാതെ ഒരു ചുക്കും നേടിയില്ല. ഈ തത്വം ഏറ്റവും ആദ്യം മനസ്സിലാവേണ്ടത് ബലപ്രയോഗം സ്വയം നിരാകരിച്ച ഇസ്ലാം മതത്തിന്റെ അനുയായികൾക്കായിരുന്നു. മനുഷ്യഹൃദയത്തെ ഹഠാദാകർഷിക്കുന്ന പരിശുദ്ധ ദീനുൽ ഇസ്ലാമും അതിന്റെ അജയ്യനായ പ്രവാചകൻ റസൂൽ തിരുമേനി(സ)യും രാഷ്ട്രബലം കൊണ്ടോ അധികാരശക്തികൊണ്ടോ അല്ല ജനസമൂഹത്തെ കീഴടക്കിയത്. നിർഭാഗ്യകരമെന്ന് പറയട്ടെ ഫാസിസവും കമ്യൂണിസവും പോലെ ഭൗതികവാദികുടെ ബലതന്ത്രങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് മൗദൂദി സാഹിബ് തന്റെ 'ഹുക്കുമത്തെ ഇലാഹി'ക്ക് ഫാസിസത്തോടും കമ്യൂണിസത്തോടു സാദൃശ്യമുണ്ട് എന്ന് അഭിമാനത്തോടെ തുറന്നെഴുതുന്നത് ലജ്ജാകരം എന്നല്ലാതെ എന്ത് പറയാനാണ്. അദ്ദേഹം എഴുതുന്നു.

***'വിശാലമായ മനുഷ്യജീവിതമാകമാനമാണ് ഇസ്ലാമിക രാഷ്ട്രത്തിന്റെ പ്രവർത്തന മണ്ഡലം. അത് അതിന്റേതായ സദാചാരസിദ്ധാന്തത്തിനും പരിഷ്ക്കരണ പരിപാടിക്കുമൊത്തു നാഗരികതയുടെ ഓരോവശത്തേയും വാർത്തെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ മുമ്പിൽ ആർക്കും തന്നെ ഇത് തന്റെ സ്വകാര്യ ഇടപാടാണെന്നു പറഞ്ഞുകൊണ്ടു മാറ്റുക സാധ്യമല്ല. ഈ നിലക്ക് അത് ഫാസിസ്റ്റ് – കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളോട് ഒരു തരത്തിലുള്ള സാദൃശ്യമാണെന്നു പറയാം.*** (അബുൽ അഅ്ലാ മൗദൂദി – ഇസ്ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം പേ. 46, 46 ഇസ്ലാമിക പബ്ലിഷിംങ്ങ് ഹൗസ് – 1992)

'രാഷ്ട്രം ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണ് എന്ന് പറഞ്ഞ ഫാസിസത്തിന്റേയും നാസിസത്തിന്റേയും മറ്റ് ആശയരാഷ്ട്രങ്ങളുടേയും ചരിത്രത്തിലെ സംഹാരാത്മക പ്രകടനവും പരാജയവും നാം കാണുകയുണ്ടായി. ജമാഅത്തെ ഇസ്ലാമിയുടെ 'ഹുകുമത്തെ ഇലാഹിയ്യ' (അല്ലാഹുവിന്റെ ഭരണം)യും രാഷ്ട്രത്തെ ദൈവതുല്യമാക്കുന്ന ഒരു ഫാസിസ്റ്റ് രീതിയാണ് എന്ന് അതിന്റെ പ്രഖ്യാപനങ്ങളിൽ നിന്നുതന്നെ തിരിച്ചറിയാം.

വിശുദ്ധ ഖുർആനിൽ രാഷ്ട്രം എന്ന അർത്ഥത്തിൽ ഒരൊറ്റ പദവും ഉപയോഗിച്ചിട്ടില്ല. നാസ്, ഉമ്മത്ത്, ഖൗം എന്നീ പദങ്ങൾ 'ജനസമൂഹം' എന്ന അർത്ഥത്തിലാണ് ഖുർആനിൽ പ്രയോഗിച്ചത്. അതുകൊണ്ട് ഇസ്ലാമിക മതരാഷ്ട്രവാദത്തിന്റെ വാക്താവായ മൗലാനാ മൗദൂദിക്ക് ഖുർആനിൽ ആ അർത്ഥത്തിൽ ഒരിക്കലും പ്രയോഗിക്കുകയോ പ്രയോഗിക്കാൻ സാധ്യതയോ ഇല്ലാത്ത 'ദീൻ' എന്ന പദം തേടിപ്പിടിക്കേണ്ടി വന്നു. അതിന്ന് വ്യാഖ്യാനവും വിവക്ഷയും നൽകി സ്റ്റേറ്റ് എന്ന അർത്ഥം അദ്ദേഹം ആദ്ധ്യാരോപിക്കുകയാണ് ചെയ്തത്. മൗലാനാ മൗദൂദിക്ക് മുമ്പ് ആരും തന്നെ ദീൻ എന്ന അമൂർത്തമായ പദത്തിന് രാഷ്ട്രം എന്ന അർത്ഥം നൽകിയിട്ടില്ല.

ഫാസിസം കരുതുന്നത് പോലെ അധികാരശക്തിയിലും അതിന്റെ ഇരകൾ ബലാൽക്കാരേണ നടപ്പാക്കുന്നതിലും മൗദൂദി സാഹിബും വിശ്വസിക്കുന്നു. അദ്ദേഹം എഴുതുന്നു.

*ലോകത്ത് നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന സകല സാമൂഹിക വിനാശങ്ങളുടേയും മൂലകാരണം ഭരണദൂഷ്യമാകുന്നു. ശക്തിയും സമ്പത്തും ഭരണത്തിന്റെ കൈയ്യിലായിരിക്കും. നിയമം ഭരണകൂട*

*മാണ് നിർമ്മിക്കുക രാജ്യനിയന്ത്രണത്തിനുള്ള സകല അധികാരങ്ങളും ഭരണത്തിന്റെ കൈയ്യിലും അധീനതയിലുമാണിരിക്കുക. പോലീസും സൈന്യവുമെല്ലാം ഭരണത്തിന്റെ കൈയ്യിലായിരിക്കും. (ഖുത്ത്ബാത്ത് പേ 377).*

അദ്ദേഹം തുടരുന്നു:

*മനുഷ്യർക്കാകമാനം സുഖക്ഷേമവും ഒരുപോലെ വിജയാഭിവൃദ്ധിയും സമാധാനജീവിതവും കൈവരുത്താനും നിങ്ങൾക്ക് മോഹമുണ്ടെങ്കിൽ വെറും തത്വോപദേശങ്ങൾ കൊണ്ടും പ്രസംഗങ്ങൾ കൊണ്ടും സാധിക്കാവുന്നതല്ല അത്. അധികാരശക്തി കൈവശമുള്ളവർക്കേ അതെല്ലാം സാക്ഷാത്കരിക്കാനാവൂ. മാനവലോകത്തെ ഉദ്ധരിക്കുവാനും പരിഷ്ക്കരിക്കുവാനുമുള്ള ഏതൊരു പരിപാടിയും ഭരണാധികാരശക്തി കൂടാതെ നടപ്പിൽ വരുത്തുവാൻ കഴിയുകയില്ലെന്ന പച്ചപരമാർത്ഥം മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു (ഖുത്ബാത്ത് 381)*

മതരാഷ്ട്രത്തിന്റെ വക്താവായ മൗലാനമൗദൂദി ഇവിടെ പറയുന്ന തത്വങ്ങൾ മതവുമായോ മതത്തിന്റെ ശൈലിയുമായോ യാതൊരു ബന്ധവുമില്ലാത്തതാണ്. ഇവിടെ മൗലാനാ മൗദൂദിയുടെ നാവിൽ കൂടി സംസാരിച്ചത് പ്രപഞ്ചത്തിനാകമാനം കാരുണ്യവുമായി വന്ന റസൂൽ തിരുമേനി(സ)യായിരുന്നില്ല പകരം ഇറ്റാലിയൻ ഫാസിസ്റ്റു നേതാവായിരുന്ന ബെ റ്റിനോ മുസ്സോളിനിയായിരുന്നു എന്ന് പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. 1922 ആഗസ്റ്റ് ഒന്നാം തിയ്യതി ഇറ്റലിയിലെ ഭരണം പിടിച്ചെടുക്കാൻ ജനജീവിതം താറുമാറാക്കിയ അക്രമാസക്തമായ ഒരു പണിമുടക്ക് ഇറ്റാലിയൻ ഫാസിസ്റ്റുകൾ നടത്തുകയുണ്ടായി. ആ പണിമുടക്കിനെ അഭിസംബോധന ചെയ്തുകൊണ്ട് മുസ്സോളിനി പറഞ്ഞത് ***'നാൽപത്തിയെട്ട് വർഷങ്ങൾ നീണ്ടുനിന്ന സാരോപദേശങ്ങൾ കൊണ്ടോ പ്രചാരണം കൊണ്ടോ നേടാനാവാത്ത കാര്യങ്ങൾ നാൽപത്തെട്ട് മണിക്കൂർ നേരത്തെ അക്രമണം കൊണ്ട് നേടിയെടുക്കാൻ സാധിച്ചു'വെന്നാണ്.*** ഇറ്റലിയെ കിടിലം കൊള്ളിച്ച ഫാസിസ്റ്റു അക്രമണ പരമ്പരകൾക്കൊടുവിൽ ഭയവിഹ്വലനായ വിക്ടർ ഇമാനുവൽ രാജാവ് മുസ്സോളിനിയെ പുതിയ ഗവൺമെൻറ് രൂപീകരിക്കാൻ ക്ഷണിക്കുകയായിരുന്നു. ഈ രീതിയാണോ റസൂൽ തിരുമേനി (സ) അവലംബിച്ചത്? ഇതായിരുന്നോ പ്രവാചകന്മാരുടെ മാർഗ്ഗം. ഭൗതികവിപ്ലവ പ്രസ്ഥാനങ്ങളുടെ ക്ഷിപ്രസാധ്യവും ഭീകരവുമായ മാർഗ്ഗങ്ങളിൽ ആകൃഷ്ടരാവുന്ന ഇക്കൂട്ടർ മനുഷ്യപരിവർത്തനത്തിന്റെ അത്ഭുതസിദ്ധികളുളവാക്കുന്ന മനുഷ്യന്റെ ധൈഷണികവും ആത്മീയവുമായ ശേഷിയിൽ വിശ്വാസം നശിച്ചവരും സ്വയം അത്തരം അനുഭവങ്ങളില്ലാത്തവരുമാണ്. ശക്തിയും അധികാരവുമാണ് അവരുടെ പരിവർത്തനായുധങ്ങൾ.

രാഷ്ട്രത്തിന്റെ ഏറ്റവും പ്രമുഖമായ തിരിച്ചറിയൽ മുദ്ര അതിന് ബലം പ്രയോഗിക്കാനുള്ള അധികാരശക്തിയുണ്ട് എന്നതാണ്. അതുകൊണ്ടാണ് രാഷ്ട്രം പരമാധികാരിയാവുന്നത്. എന്നാൽ ഏറ്റവും ശ്രദ്ധേയമായ വസ്തുത യാതൊരുവിധ സംശയത്തിനും ഇടയില്ലാത്തവിധം ഇസ്‌ലാം ബലപ്രയോഗത്തെ സ്വയം നിരാകരിക്കുന്നു എന്നതാണ്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ നിദർശനമായി ഖുർആന്റെ ഈ പരിശുദ്ധ വചനം ലോകമുസ്‌ലിംകൾ ആവേശത്തോടെ വേദികളിൽ ഉരുവിടാറുണ്ട്. ***'ദീനി (മതം)ൽ യാതൊരുവിധത്തിലുള്ള ബലപ്രയോഗങ്ങളുമില്ല. സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നു വ്യതിരിക്തമായിരിക്കുന്നു.'*** *(2:257)* ***'നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം'*** *(109:7).*

ദീനിൽ യാതൊരു ബലപ്രയോഗവുമില്ല എന്ന് അല്ലാഹു പറയുമ്പോൾ ദീൻ തന്നെ ബലം പ്രയോഗിക്കുന്ന ഒരു സ്ഥാപനമാണെന്ന് പറയുന്നത് ദൈവദൂഷണമല്ലേ?

## അല്ലാഹുവിന്റെ ഭരണം!!

ഇസ്‌ലാമിക ചരിത്രത്തിൽ സന്മാർഗികളായ ഖലീഫമാരിൽപ്പെട്ട ഹദ്റത്ത് ഉഥ്മാൻ (റ)ന്റെ വിശുദ്ധ ശരീരത്തിലേക്ക് കഠാരി കുത്തിക്കയറ്റിയ ഘാതകർ മുഴക്കിയ മുദ്രാവാക്യമായിരുന്നു 'ഇനിൽ ഹുക്മ ഇല്ലാലില്ലാഹി' **(അല്ലാഹുവിനല്ലാതെ വിധികൽപ്പിക്കാനധികാരമില്ല)** എന്നത്. ഖവാരിജുകളുടെ പൂർവ്വഗാമികളായ ഈ മനുഷ്യ ഹന്താക്കളാണ് ഇസ്‌ലാമിക ചരിത്രത്തെ രക്തപങ്കിലമാക്കിയത്. വിശുദ്ധ ഖുർആനിലെ ഈ പരിശുദ്ധ വാക്യത്തിന്റെ ഉദ്ധരണം, ചെകുത്താനോതിയ വേദവാക്യം പോലെ നമ്മെ കിടിലം കൊള്ളിക്കുന്നു.

ഇവിടെ ഹുകുമത്തെ ഇലാഹിയ്യ എന്ന മുദ്രാവാക്യം മുഴക്കുമ്പോൾ, ദൈവം നേരിട്ട് വന്ന് സിംഹാസനാരൂഢനായി ഭരിക്കുന്നത് പോലെയുള്ള ഒരവസ്ഥ സംജാതമാകുമെന്നാണല്ലോ മതരാഷ്ട്രവാദികൾ അവകാശപ്പെടുന്നത്. അധികാരത്തിലിരിക്കുന്നത് ദൈവമാണെന്ന് കരുതി ജനം അത് ചോദ്യം ചെയ്യാതെ അനുസരിക്കുകയും വേണം. അധികാരദുരമൂത്ത പൗരോഹിത്യവർഗ്ഗം നടത്തുന്ന ഈ മുല്ലാഭരണത്തിന്. ദൈവഭരണം എന്ന വിശേഷിപ്പിക്കുമ്പോൾ ദൈവം ചമഞ്ഞ് മുസ്‌ലിം ബഹുജനങ്ങളിൽ തങ്ങളുടെ അപ്രതിരോധ്യമായ അധികാരം നടത്താമെന്ന് അവർ

***(ശേഷം 29-ൽ)***

ലേഖനം

ഫാഇസുർറസൂൽ

ഞാനെന്തുകൊണ്ട് അഹ്മദിയായി - 2

# ബൈഅത്ത് എന്നിൽ ഒരു പ്രയാസവും ഉണ്ടാക്കിയില്ല

**അഹ്മദിയ്യാ ജമാഅത്തിലേക്ക് പ്രവേശിക്കുമ്പോൾ എടുക്കുന്ന ബൈഅത്തിന്റെ പ്രതിജ്ഞ ലേഖകന്റെ വിശ്വാസത്തെ വീണ്ടും ദൃഢപ്പെടുത്തുകയാണ് ചെയ്തത്.**

**1980** ഫിബ്രവരി മാസത്തിലെ ഒരു ദിവസം ബ്രമിംങ്ഹാമിലെ സെൻട്രൽ ലൈബ്രറിയിൽ വെച്ച് ഞാനൊരു പുസ്തകം കാണാനിടയായി. 'തദ്കിറ' എന്നായിരുന്നു അതിന്റെ പേര്. വാഗ്ദത്ത മസീഹിന് (അ) ഉണ്ടായ സ്വപ്നങ്ങളും, ദർശനങ്ങളും, ശാബ്ദിക വെളിപാടുകളും വിവരിക്കുന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷയായിരുന്നു അത്. മുഹമ്മദ് സഫറുല്ലാഹ് ഖാനായിരുന്നു അത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത്. ഈ പുസ്തകം പൊടുന്നനെ എന്റെ ശ്രദ്ധ പിടിച്ചുപറ്റി ഞാനത് വീട്ടിലേക്ക് വായിക്കാനായി കൊണ്ടുപോയി. ഈ പുസ്തകം വായിച്ചപ്പോൾ 15 വർഷങ്ങൾക്ക് മുമ്പ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തപ്പോൾ ഉണ്ടായ അനുഭവമാണ് എനിക്കുണ്ടായത്. ഞാൻ തന്നത്താൻ ആത്മഗതമായി പറഞ്ഞു : 'അത് ഇത് തന്നെയാകുന്നു!' ഞാൻ ആ പുസ്തകം വായിച്ചു തീർത്തപ്പോൾ അഹ്മദിയ്യാ ജമാഅത്തിൽ ചേരുവാൻ നിശ്ചയിച്ചു. ആ പുസ്തകം എന്നിലുണ്ടാക്കിയ പ്രഭാവത്തെ പറ്റി ഞാൻ ലണ്ടൻ മോസ്ക് ഇമാമിനെഴുതുകയുണ്ടായി. ഒരിക്കൽ ബഹായിസത്തെ സംബന്ധിച്ച് ഒരു പുസ്തകം എനിക്ക് അതേ ലൈബ്രറിയിൽ നിന്നും ലഭിക്കുകയുണ്ടായി. അത് എന്നെ ഒട്ടും ആകർഷിക്കുകയുണ്ടായില്ല. ഇസ്‌ലാമിന്നുള്ളിലെ വിഭാഗീയതകളോട് ഞാൻ നിസ്സംഗത പാലിച്ചിരുന്നു. അതുകൊണ്ട് അതിൽ ഒരു വിഭാഗത്തോടും എനിക്ക് യാതൊരു താല്പര്യവുമുണ്ടാക്കുന്നില്ല. അത്തരം വിഭാഗീയതകൾ അവരുടെ കക്ഷിത്വത്തിന്റെ സങ്കുചിത പ്രകടനങ്ങളാണെന്ന് ഞാൻ കരുതി. എനിക്ക് അങ്ങനെയുള്ള കക്ഷികളുടെ സഹായബന്ധമില്ലാതെ തന്നെ ജീവിക്കാനാവുമെന്നും ഞാൻ കരുതി. ഖുർആനെ ആധാരമാക്കി. ഞാൻ കൂടുതൽ ആഴത്തിൽ ചിന്തിക്കാൻ തുടങ്ങി. ഹദീസുകളെപറ്റി പോലും ചിന്തിച്ച് പ്രശ്നങ്ങളിൽ പെടുവാൻ ഞാനുദ്ദേശിച്ചില്ല. അതെല്ലാം അനാവശ്യമാണെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ 'സഹീഹ് മുസ്‌ലിം' വായിച്ചതിനുശേഷം എന്റെ മനസ്സു മാറുകയുണ്ടായി. എന്തായാലും ഈ ആധുനിക കാലഘട്ടത്തിൽ വാഗ്ദത്ത മഹ്ദിയും പ്രവാചകനും ദൈവദൂതന്മാരാണെന്ന ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) (1835-1905)യുടെ വാദം. വളരെ ഗൗരവമേറിയ ഒരു കാര്യമാണെന്ന് ഞാൻ മനസ്സിലാക്കി. ഇത് സത്യമായിരിക്കെ നാമത് വിശ്വസിക്കാതിരിക്കുകയും, ഇത് അസത്യമായിരിക്കെ നാമതിൽ വിശ്വസിക്കുകയും ചെയ്യുക എന്നത് ഗൗരവമേറിയ ഒരു പ്രശ്നം തന്നെയാണ്. അങ്ങിനെയാണെങ്കിൽ നാമൊരു അഗ്നിപർവ്വതത്തിന്റെയരികെയായിരിക്കും ഇരിക്കുന്നത് എന്ന് എനിക്ക് തോന്നി.

അഹ്മദിയ്യാ സാഹിത്യങ്ങൾ ഞാൻ കൂടുതലായി വായിച്ചു. എന്റെ വിശ്വാസം കൂടുതൽ കൂടുതൽ ദൃഢതരമായി വന്നു. താമസിയാതെ ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ ബൈഅത്ത് ചെയ്യുകയും ചെയ്തു. ബൈഅത്തിൽ ഞാൻ ഒപ്പിട്ട പ്രതിജ്ഞാപത്രിക ഇപ്രകാരമായിരുന്നു.

1. ജീവാവസാനം വരെ ശിർക്കിൽ (സൃഷ്ടിപൂജ) നിന്ന് വിട്ടുനില്ക്കുന്നതാണ്.

2. കളവ്, വ്യഭിചാരം, ദുർനോട്ടം എല്ലാവിധത്തിലുമുള്ള

ദുഷ്കർമ്മങ്ങൾ, ചതി, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ മാർഗ്ഗങ്ങളിൽ നിന്ന് ദൂരപ്പെട്ടിരിക്കുന്നതും എന്തു തന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് അടിപ്പെട്ടു പോകാതിരിക്കുന്നതുമാണ്.

3. അല്ലാഹുവിന്റെയും റസൂൽതിരുമേനി(സ)യുടെയും കല്പനകളനുസരിച്ച് അഞ്ചു നേരനമസ്ക്കാരങ്ങളും കൃത്യമായി നിർവഹിക്കുന്നതും സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കരിക്കന്നതും നബി തിരുമേനി(സ)യുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുന്നതും ദിവസവും തന്റെ കുറ്റങ്ങൾക്കായി മാപ്പിരക്കുന്നതും 'ഇസ്തിഗ്ഫാർ' ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. അല്ലാഹുവിന്റെ ഔദാര്യങ്ങളെ ആത്മാർത്ഥമായ സ്നേഹ്വായ്പോടെ സ്മരിച്ചുകൊണ്ടിരിക്കുന്നതും ദൈവസ്മരണയും (ദിക്റെ ഇലാഹി) സ്തോത്രവും (ഹംദ്) നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

4. ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടു കൊണ്ട് ആർക്കും തന്നെ, ദൈവസൃഷ്ടികൾക്ക് പൊതുവായും മുസ്ലിംകൾക്കു പ്രത്യേകിച്ചും നാവുകൊണ്ടോ, കൈകൊണ്ടോ മറ്റു പ്രകാരത്തിലോ അന്യായമായ യാതൊരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

5. സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോടു വിശ്വസ്തത പുലർത്തുകയും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുന്നതാണ്. ദൈവമാർഗ്ഗത്തിൽ എല്ലാവിധത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കുന്നതാണ്. എന്തു തന്നെ വിപത്തു നേരിട്ടാലും മുഖം തിരിച്ചുകളയാതെ മുമ്പോട്ടു കാൽവയ്ക്കുന്നതുമാണ്.

6. എല്ലാ തരത്തിലുള്ള ദുരാഗ്രഹങ്ങളിൽ നിന്നും സ്വയം ഒഴിഞ്ഞുമാറുകയും വിശുദ്ധ ഖുർആന്റെ എല്ലാ ആജ്ഞകൾക്കും പൂർണ്ണമായി വിധേയനായിരിക്കുന്നതും എല്ലാ വഴികളിലും ദൈവവചനങ്ങൾക്കും തിരുനബി വചനങ്ങൾക്കും അനുസൃതമായി ചരിക്കുന്നതുമാകുന്നു.

7. അഹംഭാവം, മിഥ്യാഭിമാനം മുതലായവ പൂർണ്ണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്ക്കാരപൂർണ്ണവും ശാന്തവും അനാഢംബരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.

8. ദീനിനെയും ദീനിന്റെ അന്തസ്സിനെയും ഇസ്ലാമിന്റെ ക്ഷേമത്തെയും സ്വന്തം ജീവനേക്കാളും മുതലിനേക്കാളും മാനത്തേക്കാളും സന്തതികളേക്കാളും മറ്റു പ്രിയംകരമായതിനേക്കാളുമെല്ലാം കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

9. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും ആത്മാർത്ഥമായ സഹാനുഭാവം പ്രദർശിപ്പിച്ചു കൊണ്ടിരിക്കുന്നതും അല്ലാഹു നല്കിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മനുഷ്യകുലത്തിന് ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

10. നല്ല കാര്യങ്ങളിൽ അനുസരണം പുലർത്തും എന്നു സമ്മതിക്കുന്നതോടൊപ്പം കുടുംബബന്ധങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ സേവകഭാവങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള ഒരു സുദൃഢ സാഹോദര്യബന്ധം ഈ വിനീതനുമായി (ഹദ്റത്ത് അഹ്മദുമായി) പുലർത്തുന്നതും അത് മരണം വരെ നിലനിറുത്തിപ്പോരുന്നതുമാണ്. (ഇൻശാ അല്ലാഹ്)

എനിക്ക് ഇത് ഒട്ടും പ്രയാസമുള്ള കാര്യമായി തോന്നിയില്ല. ഞാൻ സ്വന്തം നിലയിൽ തന്നെ ഖുർആനും ഹദീസും പഠിച്ചുകൊണ്ട് എത്തിച്ചേർന്ന ജീവിതചര്യ തന്നെയായിരുന്നു അത്. ഞാൻ കണ്ടെത്തിതിനേക്കാളുപരിയായി ചില ചര്യകൾ കൂടി ബൈയ്യത്ത് നിബന്ധനയിലുണ്ടായിരുന്നു. കൂടുതലായി ചിന്തിച്ചപ്പോൾ ഒരു ചെറിയ ന്യൂനപക്ഷമൊഴികെ ബാക്കിയുള്ള ബഹുഭൂരിപക്ഷം മുസ്ലിംകളും അവർക്ക് തോന്നിയത് പോലെയായിരുന്നു ജീവിച്ചിരുന്നത്. അവർ മുസ്ലിം മാതാപിതാക്കന്മാർക്ക് ജനിച്ചുപോയതുകൊണ്ട് മാത്രം മുസ്ലിം എന്ന് വിളിക്കപ്പെടുന്നവരാണ്. എന്നാൽ അഹ്മദി മുസ്ലിമാകട്ടെ ബൈയ്യത്തിലുള്ള നിബന്ധനപ്രകാരം ഒരു പ്രതിജ്ഞയുടെ അടിസ്ഥാനത്തിൽ ജീവിക്കാൻ ബാദ്ധ്യസ്ഥനാകുന്നു. ഇസ്ലാമിന്റെ ആദ്യകാലത്തുണ്ടായതും ഇത്തരത്തിലുള്ള പ്രതിജ്ഞാബദ്ധമായ ഒരു ജീവിതമായിരുന്നുവെന്ന് എനിക്കറിയാം ചില മുസ്ലിംകൾ വാഗ്ദത്ത മസീഹിന്റെ വാദം ബുദ്ധിപരമായി അംഗീകരിക്കുന്നവരാണ്. പക്ഷേ അവർ ബൈഅത്ത് ചെയ്യില്ല. കാരണം ഇസ്ലാം മതത്തിലെ നിബന്ധനപ്രകാരം ജീവിക്കാൻ അവർക്ക് ബുദ്ധിമുട്ടാണ് മാത്രമല്ല അത് വമ്പിച്ച സാമ്പത്തികത്യാഗം ആവശ്യപ്പെടുകയും ചെയ്യുന്നു. (തുടരും)

ലേഖനം

ഡോക്ടർ മുസഫർ അഹ്മദ് മാലിക്ക്
ടിൽഫോർഡ്, യു.കെ.

# പന്നിമാംസം എന്തുകൊണ്ട് നിഷിദ്ധം?

## പന്നിമാംസം മനുഷ്യനെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് ലേഖകൻ വിശദീകരിക്കുന്നു

പന്നിമാസം തിന്നരുതെന്ന ഖുർആനികാജ്ഞ അനുസരിക്കുക എന്നതിൽ കവിഞ്ഞ് അതിന്റെ അടിസ്ഥാന കാരണമെന്തെന്നറിയാൻ കൂടുതൽ ഗഹനമായ ഗവേഷണം നടത്താൻ മുസ്‌ലിംകൾ ശ്രമിക്കാറില്ല എന്ന കാര്യം സമ്മതിക്കേണ്ടിയിരിക്കുന്നു.* ഇങ്ങനെ പന്നിമാംസം നിഷിദ്ധമാക്കിയതിന്റെ യുക്തി മനസ്സിലാക്കാനും മറ്റുള്ളവർ ഉയർത്തുന്ന ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി പറയാനും നാം ഇക്കാര്യത്തിൽ ജ്ഞാനമാർജ്ജിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പന്നിമാംസം നിഷിദ്ധമാക്കിയതിന്റെ തത്വരഹസ്യം വാഗ്ദത്തമസീഹ് (അ) വളരെ വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹത്തെ പിന്തുടർന്ന് ഖലീഫമാരും വ്യത്യസ്ത സന്ദർഭങ്ങളിൽ വിശദീകരണം നൽകിയിട്ടുണ്ട്. പ്രത്യേകിച്ചും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) നിരവധി സന്ദർഭങ്ങളിൽ ഈ വിശദീകരണം കൂടുതൽ വ്യക്തമാക്കാനായി വളരെ ലളിതമായ ഭാഷയിൽ ഈ വിഷയകമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ വിഷയകമായി ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) നൽകിയ വിശദീകരണത്തെ അടിസ്ഥാനപ്പെടുത്തിയതാണീ ലേഖനം.

തുടക്കത്തിൽ തന്നെ നാം മനസ്സിലാക്കേണ്ട ഒരു കാര്യം അവസാനം വന്ന മൂന്നു പ്രമുഖ മതങ്ങളായ ജൂതമതം, ക്രിസ്തുമതം, ഇസ് ലാം മതം എന്നിവയിൽ ജൂതമതക്കാരും, മുസ്‌ലിംകളും പന്നി മാംസം ഭക്ഷിക്കാറില്ല എന്നതാണ്. എന്നാൽ ക്രിസ്ത്യാനികൾ പന്നിയിറച്ചി കഴിക്കാറുണ്ട്. നാം പരിഗണിക്കേണ്ട ഒരു കാര്യം എന്തുകൊണ്ടാണ് ജൂതന്മാരും മുസ്‌ലിംകളും പന്നി മാംസം വർജ്ജിക്കുന്നത്. അപ്രകാരം ക്രിസ്തുമതത്തിന് തൊട്ടു മുമ്പു വന്ന മതത്തിൽ പന്നിമാസം ഭക്ഷിക്കുന്നത് നിഷിദ്ധമാക്കിയിട്ടും ക്രിസ്ത്യാനികൾ എന്തുകൊണ്ടാണ് പന്നിമാംസം കഴിക്കുന്നത്?

ബൈബിൾ പ്രകാരം, യേശു (അ) പ്രഖ്യാപിച്ചത് താൻ മോശെ (അ)യുടെ അദ്ധ്യാപനങ്ങളെ മാറ്റിമറിക്കാനല്ല പൂർത്തീകരിക്കാനാണ് വന്നതെന്നാണ്. മോശെയുടെ അദ്ധ്യാപനങ്ങളെ പരാമർശിച്ചുകൊണ്ട് യേശു പറയുന്നു: *ഞാൻ നിയമത്തേയോ പ്രവാചകന്മാരേയോ നീക്കാനല്ല വന്നത്. ഞാൻ നീക്കാനല്ല, നിവർത്തിപ്പാനത്രേ വന്നത്* (മത്തായി 5:17)

ഇതിന്റെ വെളിച്ചത്തിൽ, ഏതൊരു ജൂതാദ്ധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ യേശുവന്നുവോ അതിൽ നിഷിദ്ധമാക്കപ്പെട്ട പന്നി മാംസം യേശു കഴിച്ചിരുന്നുവെന്ന് വിചാരിക്കുന്നത് ബുദ്ധിപൂർവ്വകമല്ല. മോശെ (അ) നിരോധിച്ച ഒന്നും തന്നെ യേശു അനുവദിച്ചതായി പുതിയ നിയമത്തിൽ ഒരു തെളിവും ഇല്ല. യേശു വ്യക്തമായി പന്നിമാംസം അനുവദിച്ചതായി ബൈബിൾ പറയുന്നുമില്ല. അപ്പോൾ ക്രിസ്ത്യാനികൽ പ്രത്യേകമായി പന്നിമാംസം തിന്നുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത് വൈരുദ്ധ്യാത്മകമാണ്.

വിശുദ്ധ ബൈബിൾ പ്രസ്താവിക്കുന്നു:

പിളർന്ന ഇരട്ടക്കുളമ്പുള്ളതാണെങ്കിലും അയവിറക്കാത്തതിനാൽ പന്നി നിങ്ങൾക്ക് ശുദ്ധിയില്ലാത്തതാകുന്നു. ഇവയുടെ മാംസം ഭക്ഷിക്കരുത്. പിണം തൊടുകയും അരുത്. ഇവ നിങ്ങൾക്ക് അശുദ്ധങ്ങളാണ് (ലേവ്യർ 11:7,8)

* ഇപ്പോൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പൊട്ടിപുറപ്പെട്ട മാരകമായ പന്നിപനിയുടെ വൈറസ് പന്നിയിൽ നിന്നും ജനിതകപരിവർത്തനം സംഭവിച്ച് രൂപപ്പെട്ടതാണ്. (പത്രാ.)

പന്നി മാംസം നിഷിദ്ധമാക്കിയതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമുമ്പ് ഈ നിരോധന തത്വശാസ്ത്രത്തിന്റെ അടിസ്ഥാനം മനസ്സിലാക്കേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്.

ജീവിതത്തിന് ഒരു പെരുമാറ്റച്ചട്ടം നൽകുന്ന ദൈവികാജ്ഞകളാണ് എല്ലാ വിശുദ്ധ ഗ്രന്ഥങ്ങളും അവതരിപ്പിക്കുന്നത്. അത് മനുഷ്യകുലത്തിന്റെ പ്രയോജനത്തിന്നായി ധാർമ്മികതയെ നിർവ്വചിക്കുന്നു. എല്ലാ ദൈവികമതങ്ങളുടെയും അവയുടെ മതഗ്രന്ഥങ്ങളുടെയും ഒരു പൊതു ഉത്ഭവസ്ഥാനമാണ് സർവ്വശക്തനായ ഏക ദൈവം. പിന്നീടുവരുന്ന അദ്ധ്യാപനങ്ങൾ ആദ്യത്തെതിന്റെ ഒരു വിപുലീകരണമാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ഇത് അന്തിമ ഗ്രന്ഥമാണെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനെ താൻ അവസാന കാലം വരെ സംരക്ഷിക്കുമെന്നും ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. വെളിപാടായിറങ്ങിയ ദൈവികാജ്ഞകളിൽ അവസാനത്തേതായതിനാൽ വിശുദ്ധ ഖുർആൻ വിപുലീകരണം ആവശ്യമില്ലാത്തവിധം സമഗ്രമാണ്. അതിൽ മനുഷ്യജീവിതത്തിന്റെ ധാർമ്മിക പെരുമാറ്റച്ചട്ടങ്ങളടങ്ങിയിരിക്കുന്നു. ഏതു ഭക്ഷണമാണ് മനുഷ്യൻ കഴിക്കേണ്ടതെന്നതടക്കമുള്ള എല്ലാ അവശ്യപ്രശ്നങ്ങളും അത് സ്പർശിക്കുന്നു. അനുവദനീയമായതും നിരോധിക്കപ്പെട്ടതുമായ എല്ലാറ്റിനെക്കുറിച്ചുമുള്ള സാർവ്വലൗകികമായ ഒരു സന്ദേശമാണ് വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്നത്. നല്ലതും പരിശുദ്ധവുമായ വസ്തുക്കൾ മനുഷ്യന് അനുവദിക്കപ്പെട്ടിരിക്കുന്നു. അങ്ങനെയല്ലാത്തവയെ അവൻ വർജ്ജിക്കണം. ഈ 'നല്ല വസ്തുക്കളെ' പരാമർശിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു. ***"പറയുക, അല്ലാഹു തന്റെ ദാസർക്കുവേണ്ടി ഉൽപാദിപ്പിച്ചിരിക്കുന്ന അലങ്കാരവസ്തുക്കളെയും ആഹാരങ്ങളിൽ നിന്നുള്ള നല്ല വിഭവങ്ങളെയും നിഷിദ്ധമാക്കിയതാരാണ്? പറയുക 'യഥാർത്ഥത്തിൽ ഐഹികജീവിതത്തിൽ സത്യവിശ്വാസികൾക്കുള്ളതാണ് അത്. അന്ത്യനാളിൽ അത് അവർക്ക് പ്രത്യേകമായി ഉള്ളതുമായിരിക്കും"*** (7:33)

പറയുക: ***'നീച കൃത്യങ്ങളും അവയിൽ പ്രത്യക്ഷമായതും പരോക്ഷമായതും പാപങ്ങളും അന്യായമായ അക്രമവും...*** (7:34)

ഇതേ രീതിയിലുള്ള ആശയം വിവിധ അവസരങ്ങളിൽ ഭക്ഷണത്തെക്കുറിച്ചു ഖുർആൻ അവതരിപ്പിക്കുന്നു. ഉദാഹരണമായി വിശുദ്ധ ഖുർആനിൽ നാം വായിക്കുന്നു. ***'മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസൃതവും ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുവീൻ!'*** (2 : 169).

മറ്റൊരിടത്ത് ഇപ്രകാരം നാം വായിക്കുന്നു.

***"തങ്ങൾക്ക് ഭക്ഷിക്കുന്നതിനായി" അനുവദിക്കപ്പെട്ടെന്തെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക, (എല്ലാ) പരിശുദ്ധ വസ്തുക്കളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു"*** (5:5).

അനുവദനീയതയെക്കുറിച്ചുള്ള അടിസ്ഥാനപരമായ നിയമങ്ങളെത്തുടർന്ന് നല്ലതും നിയമാനുസൃതവുമായ വസ്തുക്കളെക്കുറിച്ചു വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നു. ആദ്യത്തെ കാര്യം ഇസ്ലാമിന്റെ അടിസ്ഥാനതത്വത്തെ ആധാരമാക്കിയുള്ളതാണ്. അതായത്, ആകാശഭൂമികളിലുള്ള എല്ലാറ്റിന്റെ ഉൽഭവസ്ഥാനവും യജമാനനും സർവ്വശക്തനുമായ അല്ലാഹുവാണ്. ഈ വിശ്വാസമനുസരിച്ച് ഒരു വിശ്വാസിയുടെ പ്രവൃത്തികളെല്ലാം, പദ്ധതിയിടുന്നതുമുതൽ തുടക്കം, നടപ്പിൽ വരുത്തൽ, അന്തിമമായി പൂർത്തീകരിക്കൽ എല്ലാം അല്ലാഹുവിന്റെ നാമത്തോടെയാണ്. ഈ ഉച്ചരിക്കലിന്ന് രണ്ട് നേട്ടങ്ങളുണ്ട്. എല്ലാറ്റിന്നും പ്രഥമമായി ഇത് എല്ലാ കാര്യങ്ങളെയും അതിന്റെ ശരിയായ പരിപ്രേക്ഷ്യത്തിൽ വെക്കുന്നു. നമ്മുടെ ശ്രദ്ധ എപ്പോഴും അന്തിമമായി അല്ലാഹുവിലാണ് എല്ലാറ്റിന്റെയും ഉടമസ്ഥാവകാശം സ്ഥിതിചെയ്യുന്നത് എന്ന കാര്യത്തിലേക്ക് ക്ഷണിക്കുന്നു. രണ്ടാമതായി നാം ചെയ്യുന്ന പ്രവൃത്തിയിൽ അനുഗ്രഹം തേടുന്ന ഒരു പ്രാർത്ഥനയായി അത് വർത്തിക്കുന്നു. ഇതുതന്നെയാണ് ഭക്ഷണത്തെ സംബന്ധിച്ച ഏറ്റവും പ്രധാനായ തത്വവും. അതിനാൽ, നിഷിദ്ധമായ ആഹാരത്തെക്കുറിച്ചു വിവരിക്കുന്ന മിക്കവാറും എല്ലാ സൂക്തങ്ങളിലും വ്യക്തമായി പറയപ്പെട്ടിരിക്കുന്നത്. ***"അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ വചനങ്ങളിൽ വിശ്വസിക്കുന്നവരാണെങ്കിൽ അവന്റെ നാമം ഉച്ചരിക്കപ്പെട്ടതിൽ നിന്ന് ഭക്ഷിച്ചുകൊള്ളുക."*** (6:119) എന്നാണ്. പിന്നെയും വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

***"അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കരുത്. തീർച്ചയായും അത് അധർമ്മമാണ്."*** (6:122)

സർവ്വശക്തനായ അല്ലാഹുവാണ് മുഴു പ്രപഞ്ചത്തിന്റെയും ഉടമസ്ഥനും സ്രഷ്ടാവും എന്ന വസ്തുത നാം മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്താൽ അവന് അനുവദിക്കാനും നിഷിദ്ധമാക്കാനുമുള്ള അധികാരമുണ്ടെന്ന് നാം അംഗീകരിക്കേണ്ടി വരും. എന്തെന്നാൽ അവൻ എല്ലാ കാര്യങ്ങളും അറിയുന്നവനും ഏറ്റവും യുക്തിജ്ഞനുമാണ്.

ഇനി പന്നിമാംസത്തെക്കുറിച്ചു പ്രത്യേകമായി നാം

നോക്കിയാൽ വിശുദ്ധ ഖുർആൻ നിഷിദ്ധമായ ഭക്ഷണ പദാർത്ഥങ്ങളെക്കുറിച്ചു പ്രത്യേക കല്പനകൾ നൽകിയിട്ടുണ്ടെന്നു മനസ്സിലാക്കാം. ഇത് ആശയക്കുഴപ്പം നിവാരണം ചെയ്യുന്നതിനാണ്. അവക്ക് വ്യക്തമായ പരിധിയും നിർണ്ണയിച്ചിട്ടുണ്ട്.

***ശവവും രക്തവും പന്നി മാംസവും അല്ലാഹുവല്ലാത്തവരുടെ പേരിൽ വഴിപാടാക്കപ്പെട്ടവയും മാത്രമാണ് അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളത്*** (2:174) കൂടുതൽ വിശദമായി അത് ഇങ്ങനെ വിവരിച്ചിരിക്കുന്നു.

ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്ത (മറ്റു വല്ലിതിന്റെയും പേരിൽ അർപ്പിക്കപ്പെട്ടത്. ശ്വാസം മുട്ടിച്ചത്തത്, വീണു ചത്തത്, കൊമ്പുകൊണ്ടു കുത്തിക്കൊല്ലപ്പെട്ടത്, ദുഷ്ട ജന്തുക്കൾ തിന്നു ബാക്കിയായത് (ജീവൻ പോകുന്നതിനുമുമ്പ് നിങ്ങൾ മുറപ്രകാരം അറുക്കുന്നതൊഴിച്ച്) ബിംബങ്ങൾക്കുവേണ്ടി ബലിപീഠത്തിൽ അറുക്കപ്പെട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ അമ്പുകൾ ഉപയോഗിച്ച് കുറിയിട്ട് ഓഹരിവെച്ചെടുക്കുന്നതും നിങ്ങൾക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു. ഇത് (എല്ലാം) അധർമ്മമാകുന്നു. ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കിത്തരികയും ഇസ്‌ലാമിനെ മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു (5:4).

പറയുക: ***എനിക്ക് ദൈവിക സന്ദേശമായി ലഭിച്ചതിൽ (മാംസം) ഭക്ഷിക്കുവാൻ ഉദ്ദേശിക്കുന്നവന് അവൻ ഭക്ഷിക്കുന്നതിന് വിലക്കപ്പെട്ടിട്ടുള്ളത്, ശവം അല്ലെങ്കിൽ ഒഴുക്കപ്പെട്ട രക്തം അല്ലെങ്കിൽ പന്നിമാംസം എന്നിവയാണ്. കാരണം അത് തീർച്ചയായും മലിനമാണ്. അല്ലെങ്കിൽ അല്ലാഹുവല്ലാത്ത മറ്റൊന്നിന്റെയെങ്കിലും പേരിൽ വഴിപാട് ചെയ്യപ്പെട്ട ധർമ്മവിരുദ്ധമായ മാംസം (എന്നിവ)*** (6:146).

മേൽ സൂക്തങ്ങളിൽ സൂക്ഷമമായി ചിന്തിച്ചാൽ നമുക്ക് മനസ്സിലാവുന്നത് ചില പ്രത്യേക മാംസങ്ങളുടെ നിരോധനത്തിന്റെ ഒരു വശം അവയുടെ ശാരീരിക ഗുണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ്. അതായത് രോഗം ബാധിച്ച മൃഗങ്ങളുടെ മാസം, അല്ലെങ്കിൽ കുത്തിക്കൊല്ലപ്പെട്ടത് അല്ലെങ്കിൽ ചത്തത് (ഭക്ഷണത്തിനു വേണ്ടി അറുത്തതൊഴികെയുള്ള കാരണത്താൽ) എല്ലാം നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.

ഇതുകൂടാതെ നിരോധനത്തിന്റെ രണ്ടാമത്തെ വശം കുറെക്കൂടി വിപുലമായ ധാർമ്മികവും ആത്മീയവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഉദാഹരണമായി ദൈവനാമം ഉച്ചരിക്കാത്തതിന്റെ പേരിൽ മറ്റുവിധത്തിൽ അനുവദനീയമായത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. മറ്റൊരുദാഹരണം ഏതെങ്കിലും ബിംബങ്ങൾക്ക് വഴിപാടായി അറുക്കപ്പെട്ട മൃഗത്തിന്റെ മാംസം നിഷിദ്ധമായിത്തീരുന്നു. മറ്റുവിധത്തില് ആ മാംസം അനുവദനീയവും അറുക്കലിന്റെ എല്ലാ നിയമങ്ങളും പാലിക്കപ്പെട്ടതാണെങ്കിൽ കൂടി ഈ രണ്ടുദാഹരണങ്ങളിലും നിഷിദ്ധമാക്കപ്പെട്ടതിന്റെ കാരണം മൃഗങ്ങളുടെ ശാരീരികാവസ്ഥയിൽ മാറ്റമുണ്ടായിട്ടില്ല. ഇവിടെ ധാർമ്മികമായ അവസ്ഥയാണ് പരിഗണനീയം. അത്തരം ഭക്ഷണം മനുഷ്യന്റെ മാനസികക്രമത്തേയും ആത്മാവിനേയും ബാധിക്കുന്നു.

മതകാര്യങ്ങളിൽ ഈ ആത്മീയവശത്തിനാണ് ഊന്നൽ കൊടുക്കപ്പെടുന്നത്. അല്ലാതെ വെറും ഭൗതികമായ അവസ്ഥയെയല്ല. ഇത് പല ഉദാഹരണങ്ങളാലും പ്രകടമാണ്. അപ്പോൾ ഒരു പ്രവൃത്തി സ്വയം പാപമോ നന്മയോ ആവുന്നില്ല. അത് ചെയ്യപ്പെടുന്ന സന്ദർഭത്തെ ആസ്പദമാക്കിയാണ് പാപമോ നന്മയോ ആയിത്തീരുന്നത്. ഉദാഹരണമായി, മതപരമായ പരിപ്രേക്ഷ്യത്തിൽ വിവാഹിതരല്ലാത്ത സ്ത്രീപുരുഷന്മാർ തമ്മിൽ ലൈംഗികബന്ധം പുലർത്തുന്നത് പാപകരമാണ്. വൈവാഹികബന്ധത്തിനുശേഷമാണ് ഇത് വരുന്നതെങ്കിൽ അത് സ്വീകാര്യമായിരിക്കും. നിരോധനത്തിന്റെ ഈ തത്വങ്ങൾ പന്നിമാംസത്തിനും ബാധകമാക്കുകയാണെങ്കിൽ അനുയോജ്യമായ സന്ദർഭങ്ങളിൽ ഈ ആജ്ഞക്കുള്ള കാരണങ്ങൾ കണ്ടെത്താൻ നമുക്കു സാധിക്കും. പന്നിമാംസം കഴിക്കുന്ന ആളുകളെ നിരീക്ഷിച്ചാൽ നമുക്ക് മനസ്സിലാക്കാം രോഗബാധിതമായ മാംസത്തിൽ നിന്നും വരുന്ന ഒരു രോഗം അവരെ ബാധിച്ചിട്ടില്ലെന്ന്. ഈ മാംസം മുമ്പൊക്കെ അവർക്ക് ഒരു രോഗപീഢ കൂടിയായിരുന്നിരിക്കാം. എന്നാൽ ഇപ്പോഴത്തെ നിയന്ത്രണങ്ങളും ശുചിത്വവും കാരണം അവർക്ക് അതിൽ നിന്നുമുണ്ടാവുന്ന രോഗസാധ്യത മറ്റേതു മൃഗത്തിൽ നിന്നും ഉണ്ടാവുന്നതു തന്നെയാണ്. അതുകൊണ്ട് മാംസത്തിന്റെ ഭൗതികമായ അവസ്ഥയല്ല നിയന്ത്രണത്തിനുള്ള കാരണം. അഗാധമായ ധാർമ്മിക പ്രശ്നങ്ങളാണ് പന്നിമാംസം കഴിക്കുന്നത് വിലക്കിയതിന്റെ പിന്നിൽ എന്നു കാണാം. അത് എടുത്തുകാട്ടുകയും മനസ്സിലാക്കുകയും വേണം. ഈ വിഷയസംബന്ധമായി ചർച്ച നടത്തിക്കൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) പന്നികളിൽ മാത്രം കാണുന്ന മൂന്ന് സവിശേഷതകളാണ് അവയുടെ മാംസം നിരോധിച്ചതിന്റെ അടിസ്ഥാനമെന്ന് വിശദീകരിച്ചിരിക്കുന്നത്. അവ മത

പരമായ വീക്ഷണത്തിൽ അധാർമ്മികതയായി കണക്കാക്കപ്പെടുന്നു.

അവ താഴെ പറയുന്നവയാണ്

(1) രണ്ട് ആൺ പന്നികൾക്കിടയിൽ ഒരു പെൺ പന്നി പെട്ടുകഴിഞ്ഞാൽ ആൺ പന്നികൾ ഒന്നിനുപിറകെ മറ്റൊന്നായി പെൺപന്നിയുമായി ഇണചേരുന്നു. ഇത് മറ്റു മൃഗങ്ങളിൽ നാം കാണാറില്ല. മറ്റു മൃഗങ്ങൾ തമ്മിൽ മത്സരിച്ച് ഒന്ന് മറ്റൊന്നിനെ കീഴ്പ്പെടുത്തുന്നു. ആ ജയിച്ച മൃഗമാണ് പെൺമൃഗവുമായി ഇണചേരുന്നത്.

(2) പന്നികൾ ലൈംഗികശമനം വരുത്താൻ സ്വവർഗ്ഗസംഭോഗം നടത്തുന്നു. ഈ സ്വഭാവം ചിലപ്പോൾ മറ്റു മൃഗങ്ങളിൽ എപ്പോഴെങ്കിലും കണ്ടേക്കാം. എന്നാൽ ഇക്കാര്യത്തിൽ പന്നികൾ കുപ്രസിദ്ധമാണ്.

(3) സാധാരണഗതിയിൽ സസ്യഭുക്കുകളായ പന്നികൾ അവയുടെ സ്വന്തം കുഞ്ഞു ചത്താൽ അതിന്റെ ശവം തിന്നാൻ മടി കാണിക്കുന്നില്ല. എന്നാൽ മറ്റുമൃഗങ്ങളിൽ മാംസഭുക്കുകളായവ പോലും അവയുടെ സ്വന്തം കുഞ്ഞിനെ ഭക്ഷിക്കുന്നില്ല.

ഈ മൂന്നു പ്രത്യേകതകളും ലൈംഗികമായതോ ഭക്ഷണക്രമവുമായി ബന്ധപ്പെട്ടതോ ആവട്ടെ അധാർമ്മികതമായി പരിഗണിക്കപ്പെടുന്നു. ഇതിന്റെ ഒരു വശം ഒടുങ്ങാത്ത അത്യാർത്ഥിയാണ്. മതപരമല്ലാത്ത നിലക്കും ആരും ഇഷ്ടപ്പെടാത്ത ഒരു ഗുണമാണിത്. ഇംഗ്ലീഷ് പഴഞ്ചൊല്ലിൽ 'പന്നിയെപ്പോലെ അത്യാഗ്രഹി' എന്നൊരു ശൈലി ഈ തിരിച്ചറിവിന്റെ ഫലമാണ്.

ഇസ്ലാമിലും ജൂതമതത്തിലും (അതുപോലെ ക്രിസ്തുമതത്തിലും - അതിന്റെ തനിരൂപത്തിൽ) ഈ പ്രത്യേകതകൾക്കെതിരിൽ തുറന്നതും ശക്തവുമായ പ്രതിഷേധമാണ് പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ പ്രതിഷേധത്തിന്റെ ശക്തവും ദൃശ്യവുമായ പ്രതീകാത്മകത ഇത്തരം പ്രത്യേകതകളുള്ള ഒരു മൃഗത്തിന്റെ മാംസം ഭക്ഷിക്കുന്നതിനെ നിരോധിക്കുന്നു. ഈ നിരോധനം ഇസ്ലാമിൽ കാണുന്നത് അതിന്റെ മാംസം ഭക്ഷിക്കുന്നതിലല്ല. കൂടുതൽ പ്രതിഷേധം ആ മൃഗത്തിന്റെ സ്വഭാവത്തോടാണ്. പന്നിമാംസത്തിന്റെ ഭൗതികഗുണങ്ങളോടല്ല. പന്നിമാംസം തിന്നുന്ന ഒരാളിൽ പന്നിയുടെ ഈ സ്വഭാവങ്ങൾ നിർബ്ബന്ധമായും പകരുന്നുവെന്ന് ഒരിക്കലും അവകാശപ്പെടുന്നില്ല. പന്നിമാംസം തിന്നാത്ത ഒരാളിൽ ഈ സ്വഭാവം ഉണ്ടാവുന്നില്ല എന്നും പറയുന്നില്ല. ചിലപ്പോൾ അവ കുറവായേക്കാം. എന്നാൽ ആത്മാവിന്മേൽ ഇതിന്റെ പ്രതികരണം ഉണ്ടാകുന്നതാണ്. ഒരാൾ അല്ലെങ്കിൽ ഒരുവൾ കാണുന്നതും കേൾക്കുന്നതും ചെയ്യുന്നതും തിന്നതുമെല്ലാം മനുഷ്യാത്മാവിൽ സ്വാധീനം ചെലുത്തുന്നു. ആത്മീയമായ വീക്ഷണത്തിൽ ഏറ്റവും സുരക്ഷിതമായിട്ടുള്ളത് പരിശുദ്ധമായത് ഭക്ഷിക്കുക എന്നതാണ്. പന്നിമാംസം തിന്നുന്നതിനെ നിരോധിച്ച രണ്ടുമതങ്ങൾ ജൂതമതവും ഇസ്ലാംമതവുമാണ്. അവസാനമായി വന്നമൂന്നു മതങ്ങളിൽ രണ്ടെണ്ണമാണിവ എന്ന വസ്തുത ഈ രണ്ടു മതങ്ങളും മറ്റു മതങ്ങളിൽ നിന്ന് വ്യത്യസ്തമായി നിലകൊള്ളുന്നത് അവയുടെ സുനിശ്ചിതവും കറകളഞ്ഞതും വഴങ്ങാത്തതുമായ ഏകദൈവവിശ്വാസത്തിലാണ്. അവരുടെ മതം വളരുന്തോറും ഏകദൈവവിശ്വാസം പ്രചരിക്കുന്നു. അതിനാൽ എല്ലാം അറിയുന്ന യുക്തിജ്ഞനായ ദൈവം അവയുടെ അതുല്യത പന്നിമാംസനിരോധനം മൂലം വളർത്തുന്നു.

ചുരുക്കത്തിൽ പന്നിമാംസം നിരോധിക്കപ്പെട്ടത് താഴെ കൊടുക്കുന്ന മൂന്ന് കാരണങ്ങളാലാണ്.

(1) ദൈവത്തിന്റെ ഉടമസ്ഥാവകാശം പ്രകടിപ്പിക്കുന്നതിൽ

(2) പന്നിയുടെ ജുഗുപ്സാവഹവും അധാർമ്മികവുമായ സ്വഭാവങ്ങൾക്കെതിരിൽ തുറന്ന പ്രതിഷേധം, അതിന്റെ മാംസം ബഹിഷ്കരിച്ചുകൊണ്ട്.

(3) ഈ സ്വഭാവങ്ങൾ മനുഷ്യരിൽ പകരാൻ സാധ്യതയുള്ളതിനാൽ.

---

***(23-ൽ നിന്ന് തുടർച്ച)***

വ്യാമോഹിക്കുന്നു. ദൈവി കഭരണം നടത്തേണ്ട ജമാഅത്തെ ഇസ്ലാമി മുസ്ലിം കക്ഷികളിലെ നിരവധി കക്ഷികളിൽപെട്ട ഒരു കക്ഷിയാണ്. ഈ കക്ഷിയിലെ അമീർ നടത്തുന്ന ഭരണം ദൈവം നടത്തുന്ന ഭരണമാണെന്ന ബോധത്തിൽ അംഗീകരിച്ചുകൊള്ളണം അതാണ് മുസ്ലിമിന്റെ ബാദ്ധ്യത. യുക്തിശൂന്യമായ ഈ ഭീകരവാദം ഫാസിസ്റ്റ് മനോഘടനയുള്ളവർക്കല്ലാതെ ഉയർത്താൻ സാധ്യമല്ല. വാസ്തവത്തിൽ 'രാഷ്ട്രം ദൈവത്തിന്റെ ഭൂമിയിലെ പ്രസ്ഥാനമാണ്.' എന്ന ഫാസിസ്റ്റ് മുദ്രാവാക്യത്തിന്റെ മറുപതിപ്പാണ് ഭൂമിയിലെ ദൈവത്തിന്റെ ഭരണം അഥവാ ഹുക്കുമത്തെ ഇലാഹിയ്യ എന്ന സങ്കല്പം. അധികാരശക്തിയുള്ള രാഷ്ട്രത്തെ ദൈ വതുല്യമായി വാഴ്ത്തുന്നത് പ്രത്യക്ഷത്തിൽ തന്നെ ഫാസിസമല്ലാതെ മറ്റെന്താണ്? മൗലാന മൗദൂദി എഴുതുന്നു.

***(ശേഷം 40-ൽ)***

ലേഖനം

ഫരീദ് അഹ്മദ് യു.കെ.

# ഖിലാഫത്തിന്റെ ഗതിമാറ്റം

**നുബൂവ്വത്തിന്റെ മാർഗ്ഗത്തിൽ ചരിച്ചിരുന്ന ഖിലാഫത്തെ റാശിദക്ക് ശേഷം ഖിലാഫത്ത് പാരമ്പര്യവാഴ്ചയിലേക്കും സ്വേച്ഛാധിപത്യത്തിലേക്കും വ്യതിചലിച്ചു. ഈ ഗതിമാറ്റത്തെ പറ്റി റസൂൽ തിരുമേനി(സ) പ്രവചിച്ചിട്ടുണ്ട്.**

## അനുഗൃഹീത ഖിലാഫത്തിൽ നിന്നും ഭൗതിക ഭരണത്തിലേക്ക്

ഹദ്റത്ത് അലി(റ)യുടെ ചരമത്തെത്തുടർന്ന് മുസ്‌ലിം സമുദായത്തിന്റെ ആത്മീയമായ ഐക്യ ബോധം വളരെ വേഗം മങ്ങാൻ തുടങ്ങി. വിവിധ കക്ഷികൾ വിവിധ ദിശകളിലേയ്ക്ക് തിരിഞ്ഞു. ഇതിന്റെ ഫലമായി മുസ്‌ലിം നേതൃത്വം ആത്മീയ ഖിലാഫത്തിൽ നിന്ന് മറ്റു രൂപങ്ങളായി പരിണമിച്ചു. കാലം കടന്നുപോയതോടെ സാത്വികതയുടെ കഴമ്പു ശോഷിച്ചു തുടങ്ങി. എങ്കിലും പിന്നീടുവന്ന ഖലീഫമാരുടെ കീഴിൽ അല്പം ഉപകാരപ്രദമായ പുരോഗതിയുണ്ടായി. (ഉദാ: മുആവിയ്യ നേതൃത്വത്തിലിരിക്കുമ്പോൾ രാഷ്ട്രീയ സ്ഥിരത ഉണ്ടായിരുന്നതായി ചില വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുണ്ട്.) ദൈവത്തിൽ നിന്നകന്ന നിലയിൽ ചില മാറ്റങ്ങൾ ഉണ്ടായി. അത് അന്തിമ തകർച്ചയായിരുന്നു. തന്റെ പുത്രൻ യസീദിനെ പിൻഗാമിയായി മുആവിയ്യ നിയമിച്ചു. അതുവഴി ആന്തരികമായ ദൗർബല്യം വെളിപ്പെട്ടു. മതപരമായ വിശുദ്ധിയേക്കാൾ കുടുംബപരമായ പുരോഗതിയായിരുന്നു യസീദ് കാംക്ഷിച്ചത്.

നേതൃത്വത്തിന്റെ പരാജയം എന്നതുകൊണ്ടർത്ഥമാക്കുന്നത് എല്ലാവരും ഇസ്‌ലാം മതമുപേക്ഷിച്ചുവെന്നല്ല. വിശ്വാസികളുടെ ഏകശരീരമായി അവർ സാഹോദര്യവും ഹൃദയപരിശുദ്ധിയും നിലനിർത്തിയില്ല എന്നതാണ്. വ്യത്യസ്ത ഗ്രൂപ്പുകൾ താന്താങ്ങളുടെ നേതാക്കളെ തിരഞ്ഞെടുത്തു. ക്രമേണ ഒരേ വിശ്വാസം പുലർത്തിക്കൊണ്ടുതന്നെ അവർ വേർപിരിഞ്ഞുപോയി.

ചരിത്രത്തിന്റെ ഈ അദ്ധ്യായത്തെക്കുറിച്ച് നബി തിരുമേനി(സ) മുൻകൂട്ടിപ്പറഞ്ഞ ഒരു ഹദീസ് ഇവിടെ പ്രസക്തമാണ്. മുസ്നദ് അഹ്മദ് ഇപ്രകാരം നിവേദനം ചെയ്യുന്നു.

***തിരുനബി(സ) പറഞ്ഞു: അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം നിങ്ങളിൽ പ്രവാചകത്വം നിലനിൽക്കും. പിന്നെ അതിനന്ത്യം വരും. അതിനെത്തുടർന്ന് പ്രവാചകത്വ മാതൃകയിലുള്ള ഖിലാഫത്ത് അല്ലാഹു ഇച്ഛിക്കുന്നതുവരെയുണ്ടാകും. പിന്നെ അതിന്റെ അന്ത്യം കുറിക്കും. പിന്നെ രാജാധികാരം വരും, ദൈവം ഇച്ഛിക്കുന്നതുവരെ. പിന്നെ അതും അവസാനിക്കും. പിന്നെ ദൈവം ഇച്ഛിക്കുന്നതുവരെ ഉഗ്രശാസകരുടെ ഭരണം നിലനില്ക്കും അവന്റെ ആജ്ഞപ്രകാരം അതിന് അന്ത്യം വരും.....***

പിന്നീടു വരുന്ന നേതൃത്വത്തിന്റെ ആത്മീയതയിലും ശൈലിയിലുമുള്ള ഈ മാറ്റം വളരെ വ്യക്തമായി നിലയിൽ ഇതിൽ വിവരിക്കപ്പെട്ടിരിക്കുന്നു. മഹനീയവും അനുഗൃഹീതവുമായ ഖിലാഫത്തിനുശേഷം ഭൗതികഭരണത്തിന്റെ രൂപങ്ങൾ വരുമെന്നും പിന്നെ ഏകാധിപത്യം നിലവിൽ വരുമെന്നു വ്യക്തമായി. ഈ ഹദീസിൽ പറഞ്ഞിരിക്കുന്നു. പിന്നീട് വരുന്ന നേതാക്കന്മാരെല്ലാം തന്നെ ആത്മീയതയും നന്മയുമില്ലാത്തവരായിരിക്കുമെന്ന് ഇതിന്നർത്ഥമില്ല. എന്നാൽ അവരിൽ ഭൂരിപക്ഷവും വിശുദ്ധ ഖുർആന്റെയും ഇസ്‌ലാമിന്റെയും അദ്ധ്യാപനങ്ങൾ മാനിക്കുന്നവരായിരിക്കില്ല. ഇതിൽ നിന്നും നേതൃത്വത്തിൽ മിക്കതും രാഷ്ട്രീയ ഭരണവും രാഷ്ട്രീയ നേട്ടങ്ങളും കരസ്ഥമാക്കുന്നവരാണെന്നും

സ്വഭാവമാഹാത്മ്യവും സമാധാനവും കാംക്ഷിക്കുന്നവരല്ലെന്നും വ്യക്തമായി.

ഹദീസിൽ പറഞ്ഞ, നബി തിരുമേനി (സ)യുടെ പ്രവചനം പുലർന്നു. യഥാർത്ഥത്തിൽ ഇതിൽ ക്രി. വ. 661 മുതൽ ഇന്ന് വരെയുള്ള ഇസ്ലാം മതചരിത്രം സ്പഷ്ടവും സംരക്ഷിതവുമായ നിലയിൽ പ്രതിബിംബിക്കുന്നു.

മിക്ക അമുസ്ലിംകളും ഖലീഫ എന്ന പദം അതിന്റെ ഇംഗ്ലീഷുരൂപമായ കാലിഫേറ്റ്, മുസ്ലിംകളെ നയിച്ചവരെക്കുറിച്ചാണെന്ന് വിചാരിക്കുന്നു. ഇപ്പോഴും അതേ പദം തന്നെ 'റാശിദൂ'ന്റെ ശേഷം ദീർഘകാലവും ഉപയോഗിക്കപ്പെടുന്നു. അതിന് തീർച്ചയായും ശക്തമായ രാ ഷ്ട്രീയ അർത്ഥമാണ് - ആ ഖലീഫമാരുടെ ചരിത്രവും രേഖകളുമനുസരിച്ചാണിത്.

അത്തരം ഭരണാധികാരികളുടെ രാഷ്ട്രീയസ്വഭാവം ഊന്നിപ്പറയുന്നതിൽ ഓറിയന്റലിസ്റ്റുകൾക്ക് പങ്കുണ്ട്. എല്ലാവിധത്തിലുള്ള മുസ്ലിം ഭരണാധികാരികളെയും ഖലീഫമാരെയും ഖിലാഫത്തെ റാശിദയേയും അതേ ബ്രഷുകൊണ്ട് തന്നെ അവർ താറടിച്ചു. സർ തോമസ് ആർനോഡിന്റെ 'ദി കാലിഫറ്റ്' എന്ന പുസ്തകത്തിൽ നിന്ന് ഒരുദാഹരണം എടുക്കാം.

'ഖലീഫയുടെ പദവി മനസ്സിലാക്കാൻ സവിശേഷമായ നിലയിൽ ഒരു രാഷ്ട്രീയാധികാരിയാണെന്ന കാര്യം തിരിച്ചറിയേണ്ടത് വളരെ ആവശ്യമാണ്. മറ്റു വിശ്വാസികളിൽ നിന്ന് അദ്ദേഹത്തെ മാറ്റിനിർത്താ നുള്ള എന്തെങ്കിലും ആത്മീയാധികാരത്തിന്റെ ഉടമസ്ഥനാണദ്ദേഹമെന്നതിന് സൂചനയൊന്നുമില്ല.

റാശിദിന്റെ ആത്മീയ പദവിയും പരിഗണിക്കുമ്പോൾ മേൽ വിവരിച്ച വൈരുദ്ധ്യം വലുതൊന്നുമല്ല.

മുൻ പ്രസ്താവിച്ചതുപോലെ ധാർമ്മികവും, ആത്മീയവും, മതപരവുമായ അർത്ഥത്തേക്കാൾ സാമൂഹികവും രാഷ്ട്രീയവുമായാണ് ഖലീഫ ബന്ധപ്പെട്ടു കിടക്കുന്നതെന്ന് വരെ തെറ്റിദ്ധാരണയുണ്ടായിട്ടുണ്ട്. ഈ ധാരണ, അതിന്ന് 1300 വർഷം പിന്നോട്ട് വരെ അതിനെ ഒന്നായിക്കാണുന്നു എന്നത് മാറ്റാൻ പ്രയാസമാണ്.

ഹദ്റത്ത് അലിയുടെ (റ) ഖിലാഫത്തിനുശേഷം ഖിലാഫത്തിന്റെ കാലഘട്ടം ഉമയാദ് രാജവംശം (ക്രി. വ. 661-750) അബ്ബാസിയാ രാജവംശം (ക്രി. വ. 750-1258) എന്നിവയുൾക്കൊള്ളുന്നു. അബ്ബാസിയാ കാലഘട്ടത്തിൽ ക്രി. വ. 10-ാം നൂറ്റാണ്ടു മുതൽ വ്യത്യസ്ത സ്ഥലങ്ങളിൽ ഓരോയിടത്തും മുസ്ലിംകൾ സ്വന്തം ഖലീഫമാരെ നിയമിച്ചു. ഇവയിൽ സമാനിദുകൾ, ഹംദാനിദുകൾ, ഫാത്തിമ്മിയ്യ, അയ്യൂബിയ്യാ, മർമഡ്യൂക്കുകൾ, മുഗിളന്മാർ എന്നിവർപെടുന്നു. ഖിലാഫത്തിന്റെ അവസാനത്തെ ഘട്ടം ഓട്ടമൻ ഭരണകാലം വരെ നിലനിന്നു. നാമമാത്രമാണെങ്കിലും 1924 വരെ നിന്നെങ്കിലും അതിനുമുമ്പുവരെ അർത്ഥപൂർണ്ണമായ ശക്തിയും അധികാരവും നിന്നിരുന്നു. എന്നിരിക്കിലും, ഖിലാഫത്തെ റാശിദക്കുശേഷം എല്ലാ മുസ്ലിംകളും ഇസ്ലാമികാദ്ധ്യാപനങ്ങൾ വിസ്മരിച്ചുപോയിരുന്നില്ലെന്ന കാര്യം ഓർക്കണം. അത് ജീവിതത്തിൽ പകർത്തുകയും അതുവഴി അവർ നേട്ടങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. സ്വന്തം നിലയിൽ പ്രശസ്തരായ ചിന്തകന്മാർ ഉണ്ടായിരുന്നു. അവരുടെ സംഭാവനകൾ വിവിധ നിലയിൽ ആധുനിക ലോകത്തെ രൂപപ്പെടുത്തുന്നതിൽ സഹായിച്ചിട്ടുണ്ട്. കൂടാതെ ഓരോ നൂറ്റാണ്ടിലും ആത്മീയ പരിഷ്കർത്താക്കൾ (മുജദ്ദിദുമാർ) ഉണ്ടായിട്ടുണ്ട്. മുസ്ലിംകളെ അവർ നയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുസ്ലിംകൾ തമ്മിലുള്ള ഐക്യം ഖിലാഫത്തെ റാശിദയുടെ കാലഘട്ടത്തിലുള്ളയത്രയോ അതിനുമുമ്പ് നബി തിരുമേനി(സ)യുടെ കാലഘട്ടത്തിലുണ്ടായത്രയോ തീർച്ചയായും ഇല്ലായിരുന്നു. അനിഷേധ്യമായ വസ്തുതയെന്തെന്നാൽ മുസ്ലിംകൾ ക്ക് അനുഗൃഹീതമായ ഖിലാഫത്തെ റാശിദ നഷ്ടപ്പെട്ടപ്പോൾ തന്നെ അവരിൽ യഥാർത്ഥ ഐക്യം ഉണ്ടായിരുന്നില്ല.

ഇതിന്റെ ഫലമായി ആഗോള മുസ്ലിംകളിൽ തുണ്ടംതുണ്ടമായ വേർപിരിയൽ ഉണ്ടായി. ഓരോരുത്തരും തങ്ങളുടെ മതശാസ്ത്രവും വ്യാഖ്യാനവും കൈക്കൊണ്ടു ആദ്യകാല മുസ്ലിംകളെപ്പോലെ യഥാർത്ഥമായ ഐക്യം കൈവരിക്കാൻ മുസ്ലിം സമുദായത്തിന്ന് ആശിക്കാമോ എന്ന് ഒരാൾ അത്ഭുതപ്പെടുന്നു. നബി(സ.അ) തിരുമേനിയുടെ കാലഘട്ടത്തിൽ നിന്ന് എത്ര യോ ദൂരത്താണ് ലോകം. തിരിച്ചറിയാൻ പറ്റാത്ത വിധം മാറിപ്പോയതിനാൽ ഈ ആഗ്രഹം സാധ്യമാക്കാമോ? ഇസ്ലാമിന്റെ ആധിപത്യം കൊണ്ടുദ്ദേശിക്കപ്പെട്ടത് എണ്ണത്തിലുള്ള ആധിക്യമാണെങ്കിൽ അങ്ങനെയൊന്നുണ്ടായേക്കാമെങ്കിലും അത്തരമൊരു നേട്ടത്തിൽ എന്തൊരു ബഹുമതിയാണുള്ളത്? മുസ്ലിം സമുദായത്തിന്റെ അകത്തു തന്നെ ഗണ്യമായ വ്യത്യാസവും തർക്കങ്ങളുണ്ടാക്കുന്ന വീക്ഷണങ്ങളുമുള്ളപ്പോൾ ഇന്നത്തെ മുസ്ലിംകൾക്ക് യഥാർത്ഥത്തിൽ സമാധാനം കൈവരിക്കാനാകുമോ? അതിലും പ്രധാനമായി ആധുനികലോകത്തെ പ്രശ്നപരിഹാരത്തിലേക്ക് നമ്മെ നയി

ക്കുന്ന എന്തെങ്കിലും സൂചനകൾ ഉണ്ടോ?

## ഖിലാഫത്തും ഇന്നത്തെ മുസ്‌ലിംകളും

ലോകാടിസ്ഥാനത്തിലുള്ള നേതൃത്വത്തിന്റെ അഭാവം മുസ്‌ലിംകളിൽ നിരാശാബോധം നമുക്ക് കാണാൻ കഴിയും. വ്യക്തിപരമായി വിശുദ്ധ ഖുർആനിലും നബി(സ.അ.)യുടെ ജീവിതമാതൃകയിലും ഇസ്‌ലാമിന്റെ ഉയർച്ചയെക്കുറിക്കുന്ന വാഗ്ദാനത്തിലും ലോകസമാധാനം നേടാനുള്ള വാഗ്ദാനത്തിലും അടങ്ങിയ ആന്തരികശക്തി നമുക്കറിയാനും മനസ്സിലാക്കാനും സാധിക്കും. എന്നാലും ഇതിനും നേതൃത്വത്തിനും ഇടയിലും ഉള്ള വിടവിന്റെ ആഴം നിർണ്ണയിക്കാൻ പറ്റാത്തതാണ്.

ഇസ്‌ലാം സർവ്വകാലത്തേക്കുമുള്ളതാണെങ്കിൽ ഇന്നത്തെ മുസ്‌ലിംകളുടെ ഖിലാഫത്തെവിടെ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. തന്റെ പരിപൂർണ്ണനായ ദൂതനേയും ഖിലാഫത്തെ റാശിദയുടെ കാലഘട്ടത്തിലെ ഖിലാഫത്തിന്റെ മാതൃകയും കാണിച്ചുതന്നിട്ട് ദൈവം മുസ്‌ലിംകളെ പൂർണ്ണമായും കൈവിട്ടോ? നിരാശരായ ഒരു പറ്റം മുസ്‌ലിംകൾ ഒരുമിച്ചുചേർന്ന് ഖലീഫയെ തിരഞ്ഞെടുക്കുമോ എന്നതാണ് പ്രധാന ചോദ്യം. പരിപൂർണ്ണ ഗ്രന്ഥം കയ്യിലുള്ളതുകൊണ്ട് മുസ്‌ലിംകൾക്ക് ഒരുമിക്കാനും പുരോഗമിക്കാനും തീർച്ചയായും സാധിക്കുമെന്ന് അല്ലാമാ സർ മുഹമ്മദ് ഇഖ്ബാൽ വാദിച്ചിരുന്നു. ഈ പ്രവൃത്തി പരിപൂർത്തിയാക്കുമാറ് അവർ പക്വത പ്രാപിക്കുമെന്നും ഭൂതകാലത്തെ തെറ്റുകളിൽ നിന്ന് അവർ പാഠമുൾക്കൊള്ളണമെന്നും വിചാരിക്കപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ചില മുസ്‌ലിം പ്രസ്ഥാനങ്ങളും തത്വജ്ഞാനികളും മുസ്‌ലിംകളിൽ ഐക്യം സ്ഥാപിക്കാൻ ശ്രമിച്ചിരുന്നു. അത്തരം നിഷ്ഫലമായ ശ്രമങ്ങൾ കീഴ്നടപ്പനുസരിച്ച് ജ്ഞാനത്തിനെതിരാണ്. ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ) അത്തരം തത്വജ്ഞാനങ്ങളെ സവിശേഷമായ രീതിയിൽ തള്ളികളയുന്നു. 'മനുഷ്യന്റെ പക്വത' എന്നതിന്റെ വിവക്ഷ പ്രാമാണിക ഗ്രന്ഥങ്ങൾ പഠിക്കുന്നതുമൂലം അതിൽ നിന്നു കിട്ടുന്ന ഒരു വ്യക്തിക്ക് ലഭിക്കുന്ന സ്വതന്ത്രമായ നിഗമനങ്ങളാണെങ്കിൽ മതാദ്ധ്യാപനങ്ങളുടെ അടിസ്ഥാനപരമായ എല്ലാ കാര്യങ്ങളിലും പരിപൂർണ്ണ യോജിപ്പുണ്ടാകണമായിരുന്നു. എന്നാൽ കഷ്ടം, നാം യഥാർത്ഥ ജീവിതത്തിൽ നിരീക്ഷിക്കുന്ന കാര്യങ്ങൾ ഈ വീക്ഷണത്തെ അനുകൂലിക്കുന്നില്ല. എന്നാൽ പരിപൂർണ്ണ ഗ്രന്ഥത്തിന്റെ അഭിമാനാർഹരായ അവകാശികളായ മുസ്‌ലിംകൾ സ്വയം തന്നെ വ്യാഖ്യാനങ്ങളുടെ കാര്യത്തിലുള്ള ഭിന്നതയിൽ മറ്റേതൊരു മതസ്ഥരേക്കാളും പിറകിലല്ല. പിന്നെ, ഈ പറയപ്പെട്ട 'പക്വത' കൊണ്ട് എന്തു കാര്യം? മതചരിത്രം തെളിയിക്കുന്നത് ഒരിക്കൽ ഒരു ജനത കക്ഷികളും 'ഇസ'ങ്ങളുമായി വിഘടിച്ചാൽ മനുഷ്യപ്രയത്നം കൊണ്ട് മാത്രം പുനരേകീകരണം നടക്കില്ല. അതേ, അനിവാര്യമായ അവസ്ഥ തന്നെയാണ് ഇന്നത്തെ മുസ്‌ലിംകളെയും ബാധിച്ചിരിക്കുന്നത്. ഒരു ദൈവിക പരിഷ്കർത്താവില്ലാതെ അവരെ പുനരൈക്യത്തിന്റെ കൊടിക്കീഴിൽ ഒരുമിച്ചുകൂട്ടാൻ സാധ്യമല്ല. സുസംരക്ഷിതമായ ഒരു ഗ്രന്ഥമുണ്ടായിട്ടും പ്രമാണിക ഹദീസുഗ്രന്ഥങ്ങൾ സിദ്ധാന്തപരമായി വൈരുദ്ധ്യവുമുള്ള എഴുപത്തി രണ്ടു വിഭാഗങ്ങളും നിലനിൽക്കെ, 'മനുഷ്യന്റെ പക്വത' എന്ന ഇഖ്ബാലിയൻ തത്വജ്ഞാനത്തിന് ഒരു പ്രസക്തിയുമില്ല.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ) രേഖപ്പെടുത്തുന്നു:

അവർ തമ്മിലുള്ള വ്യത്യാസങ്ങൾ കുറഞ്ഞതല്ല; അവ രൂഢമൂലമാണ് കൂടുതൽ ഗുണീഭവിക്കുന്നതും അത് വർദ്ധിച്ചുവരുന്നതുമാണ്. ഇതിനോടുകൂടി മുസ്‌ലിം ലോകത്താകമാനമുള്ള ധാർമ്മികശോഷണവും ചേർക്കുക. അവരുടെ ജീവനില്ലാത്ത അസ്തിത്വത്തിന്റെ ദുരന്തം എല്ലാംകൊണ്ടു ദാരുണമാവുന്നു. അവരുടെ ബുദ്ധിയുടെ പക്വതക്ക് അതിജീവനം നല്കുക, അവരുടെ ശവസംസ്കാര ആചാരങ്ങൾക്ക് 'വുളു' ചെയ്യുക. ചാരത്തിൽ നിന്നും ചാരത്തിലേക്ക് ധൂളിയിൽ നിന്നും ധൂളിയിലേക്ക് ഭൂമിയിൽ നിന്നും ഭൂമിയിലേക്ക് ആമീൻ!

ഇവിടെ സൂചിപ്പിച്ചതെന്തെന്നുവെച്ചാൽ അങ്ങനെ സാധ്യമായിരുന്നുവെങ്കിൽ മുസ്‌ലിംകൾ മറ്റു നിർണ്ണായകമായ പ്രശ്നങ്ങളിലും ഒന്നിച്ചുകൂടുകയും ഏകശരീരത്തോടെ ഒരു ലക്ഷ്യത്തിൽ ഒരു ധാരണയിൽ എത്തുമായിരുന്നില്ലേ? പരിശുദ്ധമായ പാതയിൽ നിന്നും അത്രത്തോളമകന്നിരിക്കയാൽ അവർക്കങ്ങനെ ഒന്നിക്കാൻ സാധ്യമല്ലെന്നതാണ് സത്യം. മുഴുവൻ സമുദായത്തിന്നും ഒരൊറ്റ ഖലീഫയെന്ന നിലയിൽ ഹദ്റത്ത് അലി (റ)ക്കുശേഷം 1400 വർഷങ്ങളായി ഏകോപിച്ച് മുസ്‌ലിം സമുദായം നിലനിന്നിട്ടില്ല. അതേപ്രകാരം ഇപ്പോൾ ഒരാൾ തിരഞ്ഞെടുക്കപ്പെടുക എന്നത് അസാധ്യവുമാണ്.

ഈ പ്രഹേളികക്കുള്ള പരിഹാരം നമുക്ക് വിശുദ്ധ ഖുർആനിൽ തന്നെ കണ്ടെത്താൻ സാധിക്കും. അല്ലാഹു ഇതിനു മുമ്പും മനുഷ്യകുലത്തെ സഹായിച്ച

യേശുവിന്റെ കാലത്ത് എല്ലാ ജൂതന്മാരും ആത്മീയ പുരോഗതിക്കായി ഒരുമിക്കേണ്ടതില്ലായിരുന്നു. അവർ വളരെ ദൂരം അകന്നുപോയിരുന്നു. അതിന്റെ ഫലമായി അവർക്ക് തങ്ങളുടെ ഖലീഫയെ തിരഞ്ഞെടുക്കാനുള്ള അവകാശവും നഷ്ടപ്പെട്ടിരുന്നു. വിശുദ്ധ ഖുർആൻ നമ്മോടു പറഞ്ഞിട്ടുള്ളത് വിശ്വസിക്കുകയും സൽക്കർമ്മമനുഷ്ഠിക്കുകയും ചെയ്യുന്നവർക്കാണ് ഖിലാഫത്ത് വാഗ്ദാനം ചെയ്തിരിക്കുന്നത് എന്നാണ്. അതുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത് ദൈവികനിയമങ്ങൾ ആചരിക്കുകയും അതിന്റെ അദ്ധ്യാപനങ്ങളേയും യഥാർത്ഥ ആത്മാവിനേയും ഉയർത്തിക്കാട്ടുകയും ചെയ്യുന്നവർക്ക് എന്ന് തന്നെയാണ്. യഹൂദന്മാരുടെ അപ്പോഴത്തെ അവസ്ഥ ഇതിൽ നിന്നും തികച്ചും വിദൂരമായിരുന്നു. അതിനാൽ ദൈവകാരുണ്യവും ദൈവത്തിന്റെ വാഗ്ദാനവുമായിരുന്നു ഒരു പ്രവാചകൻ മൂസാ (അ) നബിയുടെ ഖലീഫ യഹൂദരെ സൽപന്ഥാവിൽ നയിക്കാൻ അയക്കപ്പെട്ടുവെന്ന്.

ഇത് തന്നെയാണ് ഇസ്ലാമിന്റേയും മുസ്ലിംകളുടേയും സ്ഥിതി. ഒറ്റനോട്ടത്തിൽ അക്രമരാഹിത്യവും, പരസ്പരയോജിപ്പില്ലായ്മും കാണാൻ കഴിയും. സമുദായത്തെ സമാധാനത്തിലേക്ക് വഴി നടത്തേണ്ടവർ ചില അപവാദമൊഴിച്ച്, അതു ചെയ്യുന്നതിൽ പരാജിതരായിരുന്നു. അവർ നയിച്ചത് വ്യക്തിപരമായ നേട്ടത്തിനോ പ്രതാപത്തിനോ ആണ്. അതിനാൽ, എവിടെ എങ്ങനെയാണ് ഇക്കാലത്ത് ദൈവിക വാഗ്ദാനം പൂർത്തിയാവുക? വ്യക്തമായ കണ്ണി പ്രവാചകത്വത്തിന്റെ പ്രശ്നമാണ്. മൂസാനബി(അ)യുടെ മഹത്വം മാത്രം യഹൂദന്മാരെ രക്ഷിക്കാനും വഴി നടത്താനും മതിയാവില്ലായിരുന്നു. അദ്ദേഹത്തിന്റെ ശരീഅത്തിൽ മറ്റൊരു പ്രവാചകൻ എഴുന്നേല്പിക്കപ്പെടുകയും അയക്കപ്പെടുകയും ചെയ്തു. അല്ലാഹുവിന് യഹൂദരോടുള്ള കാരുണ്യത്തിന്റെ ഔദാര്യത്തിന്റേയും നില അതായിരുന്നു. ഏറ്റവും ശ്രേഷ്ഠനായ പ്രവാചകന്റെ സമുദായത്തോട് അതേ രീതിയിലുള്ള കാരുണ്യം അല്ലാഹു കാണിക്കില്ല എന്നത് അചിന്തനീയമാണ്. പ്രത്യേകിച്ചും ആ മഹാത്മാവിന്റെ സന്ദേശം സാർവ്വലൗകികമായതിനാൽ.

അതുകൊണ്ടാണ് മുസ്ലിംകൾക്ക് പ്രത്യേകമായ രണ്ടു ദുആകൾ പഠിപ്പിച്ചത്. അവ അവർക്കുള്ള താക്കീതും ആശയുടേയും ആശ്വാസത്തിന്റെയും ഉറവിടവുമാണ്. (തുടരും)

*Review of Religions. Oct. 2007.*

വിവ: **കെ.വി. ഹസ്സൻകോയ,** കോഴിക്കോട്

രീതിയും അതാണ്.

മതചരിത്രത്തിൽ കാണപ്പെട്ടവിധം ഖിലാഫത്ത് പ്രവാചകത്വവുമായുള്ള ബന്ധം ഇത് അരക്കിട്ടുറപ്പിക്കുന്നു.

ചരിത്രം നമ്മെ പഠിപ്പിക്കുന്നത്, പ്രവാചകത്വ ശൃംഖല ഒരിക്കൽ മുറിഞ്ഞുപോയാൽ ഖിലാഫത്ത് സ്വന്തം നിലയിൽ തുടരുകയില്ല പ്രവാചകത്വവ്യവസ്ഥയോടൊപ്പം തന്നെയാണ് ഖിലാഫത്തിന്റെ ശൃംഖല പുനഃസ്ഥാപിക്കപ്പെടുന്നത്.

ചരിത്രപരമായ ഇതിന്റെ കീഴ്വഴക്കം മൂസവീ ശരീഅത്തിൽ വ്യക്തമായി കാണാം.

മൂസവീ ശരീഅത്ത് നല്ലപോലെ പരിശോധിച്ചാൽ മൂസാ നബിയുടെ (അ) ശരീഅത്തിനെ സംരക്ഷിക്കാൻ നിരവധി ഇസ്രായേലീ പ്രവാചകന്മാർ വന്നിരുന്നു എന്ന് വ്യക്തമാവുന്നതാണ്. അവരിൽ നിരവധിപേർ സാരാംശത്തിൽ മൂസാ(നബി)യുടെ ഖലീഫമാരായിരുന്നു. മൂസവീ ശരീഅത്തിലെ അവസാനത്തെ പ്രവാചകൻ യേശു (അ) ആയിരുന്നുവെന്നതും യഹൂദർക്ക് വാഗ്ദാനം ചെയ്യപ്പെട്ട മസീഹും അദ്ദേഹം തന്നെയായിരുന്നുവെന്നതും താല്പര്യമുണർത്തുന്നതാണ്. മൂസവീ ശരീഅത്തിലെ അദ്ധ്യാപനങ്ങളിലോ അതിന്റെ ആന്തരികമായ പൊരുളിലോ ഒന്നും കൂട്ടിച്ചേർക്കലായിരുന്നില്ല. യേശുവിന്റെ ദൗത്യം.

അതിനാൽ യേശു (അ) മൂസാ (അ) നബിയുടെ ഖലീഫയും കൂടിയായിരുന്നു. യേശു (അ)വിന്റെ ആഗമനം അക്കാലത്തെ യഹൂദ പുരോഹിതമാരുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ നിയമനത്തിൽ അവർക്കൊരു കൈയുമുണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ അവർക്ക് അതിനോട് ശക്തമായ എതിർപ്പുണ്ടായിരുന്നു. യേശുവിന്റെ ദൗത്യം മൂസവീ ശരീഅത്തിനെ പുനരുജ്ജീവിപ്പിക്കലായതിനാൽ അവരുടെ അധികാരത്തോടുള്ള നേരിട്ടുള്ള വെല്ലുവിളിയായിരുന്നു അത്. അങ്ങനെ മൂസാനബി(അ)യുടെ ഖിലാഫത്ത് ദൈവം പുനരുജ്ജീവിപ്പിച്ചത് തന്റെ പ്രവാചകനായ യേശു (അ) മുഖേനയായിരുന്നു.

മുസ്ലിംകളെ സംബന്ധിച്ച് ഇത് പ്രസക്തമാണ്. എന്തെന്നാൽ പല അവസരങ്ങളിലും അവരെ യഹൂദരുമായി സദൃശപ്പെടുത്തിയിട്ടുണ്ട്. ഇത് ഒരു പ്രവചനപരമായ ഓർമ്മപ്പെടുത്തലുമാണ്. എന്തെന്നാൽ അവർ നേരിടുന്ന വിഷമതകളും സമാനമായിരിക്കും. ഇത് പ്രശ്നപരിഹാരം എന്ന നിലയിൽ പ്രതീക്ഷ നൽകുന്നു.